
# സത്യദൂതൻ

2015 മാർച്ച് | ലക്കം 3
വില ₹ 20



## പ്രവാചകത്വ പരിസമാപ്തിയും യേശുവിന്റെ രണ്ടാം വരവും

## പ്രവാചകൻമാരിലൂടെ ദൈവം തിരിച്ചറിയപ്പെടുന്നു



Masjid Baitul Hamid_ Dodoma_ Tanzania



Ahmadiyya Mosque Saltpond_ Ghana



The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2015 മാർച്ച്
ഹി.ശ.1395 – അമാൻ
1436 – ജ.അവ്വൽ – ജ.ആഖർ
പുസ്തകം 87 ലക്കം 3
വില 20 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ

**ജമാഅത്തായ നമസ്കാരത്തിന് പ്രാധാന്യം നൽകുക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 ഫെബ്രുവരി 13 ന് ബൈ ത്തുൽ ഫുതൂഹ് ലണ്ടനിൽ നിർ വഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**12**

**പ്രവാചകത്വ പരിസമാപ്തിയും യേശുവിന്റെ രണ്ടാം വരവും**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

മുഹമ്മദ് നബി (സ) യോടെ എല്ലാ വിധത്തിലുള്ള പ്രവാചകത്വവും അവസാനിച്ചു എന്ന് വാദിക്കുകയും എന്നാൽ പഴയ ഇസ്‌റയീൽ പ്രവാചകനായ ഈസാ നബി (അ) വീണ്ടും വരുമെന്നുമുള്ള മുസ്‌ലിം വിശ്വാസവും തമ്മിൽ പ്രകടമായ വൈരുദ്ധ്യമുണ്ട്. യുക്തി വിരുദ്ധവും പ്രമാണ വിരുദ്ധവുമായ ഈ സങ്കൽപം മുസ്‌ലിംകൾ തിരുത്തേണ്ടതുണ്ട്.

**16**

**ഭിന്നിച്ചു നിൽക്കുന്ന മുസ്‌ലിം കക്ഷികളും അൽ ജമാഅത്തായി നിൽക്കുന്ന അഹ്മദികളും**

മുഹമ്മദ് ഉമർ എച്ച്. എ

**19**

കവിത

**ദിക്റെ ഇലാഹി**

അഹ്മദ് കുട്ടി ഐ. കെ

**20**

**ദൈവ വിധി**

ഖാലിദ് ശഫീഉല്ലാഹ്

വിശ്വാസികളെ കുഴക്കുന്ന ഒരു പ്രശ്നമാണ് ദൈവവിധി. എല്ലാം മുൻകൂട്ടി ദൈവം നിശ്ചയിച്ച താണോ? മനുഷ്യന്റെ പ്രയത്നവും പ്രാർഥനയും വിധിയെ മാറ്റുമോ? ലേഖകൻ വിശദീകരിക്കുന്നു.

**23**

കവിത

**നഫ്സെ ലവ്വാമ**

മുഹമ്മദ് ബശീർ, ഐരാപുരം

**24**

**പ്രവാചകൻമാരിലൂടെ ദൈവം തിരിച്ചറിയപ്പെടുന്നു**

ഹാശിം അശ്റഫ് ശാഹിദ്

**32**

**പ്രാർഥനയുടെ തത്ത്വശാസ്ത്രം**

നസീർ അഹ്മദ്

**34**

**ദില്ലി നഗരം സത്യപരീക്ഷണ വേദിയാവുന്നു**

ഏ. ക്യു മഹ്ദി

**37**

**ഉറക്കം**

ഡോ. ഷാനവാസ് ഖാൻ

**39**

**ആം ആദ്മി പാർട്ടിയുടെ തെരഞ്ഞെടുപ്പ് വിജയം**

മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman


## വിശുദ്ധ ഖുർആനിൽ നിന്ന്



അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങൾ നൽകി. സുഖസൗകര്യങ്ങൾ അനുഭവപ്പെടുത്തി കൊടുത്തതിന്റെ നേരെ നീ കണ്ണുകളെ ഉയർത്തരുത്. **(20: 131)**

ഏതൊന്ന് കൊണ്ട് അല്ലാഹു നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ ശ്രേഷ്ഠരാക്കിയിരിക്കുന്നുവോ അത് നിങ്ങൾ കൊതിക്കരുത് **(4:32)**

## നബിവചനം



അബുദർദ് (റ) നിവേദനം ചെയ്യുന്നു. റസൂൽ തിരുമേനി (സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു: നിങ്ങൾ എന്നെ ദുർബലരുടെ ഇടയിലും ദരിദ്രരുടെ ഇടയിലും അന്വേഷിക്കുക. തീർച്ചയായും നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങൾക്ക് സഹായം നൽകപ്പെടുന്നതും നിങ്ങൾക്കിടയിലുള്ള ബലഹീനർ നിമിത്തമാണ് **(തിർമിദി)**

## വാഗ്ദത്ത മസീഹിന്റെ വചനം

### ദൈവത്തിന്റെ സ്നേഹം

സുകൃതരായ ദാസന്മാരെയല്ലാതെ അല്ലാഹു ആരെയും ഗണ്യമാക്കുകയില്ല. നിങ്ങൾ പരസ്പരം സൗഭ്രാതവും സ്നേഹവും പുലർത്തുവിൻ. എല്ലാ വിധത്തിലുള്ള കളിയാക്കലുകളിൽ നിന്നും പരിഹാസോക്തികളിൽ നിന്നും നിങ്ങൾ പൂർണമായും അകന്നു കൊള്ളുക. പരിഹാസം മനുഷ്യന്റെ ഹൃദയത്തെ സത്യത്തിൽ നിന്നുമക്കറ്റികളയും. എങ്ങോ കൊണ്ടെത്തിക്കുകയും ചെയ്യും. നിങ്ങൾ പരസ്പരം ആദരവോടെ പെരുമാറുവിൻ. ഓരോരുത്തനും തന്റെ സുഖാശ്വാസത്തേക്കാൾ സഹോദരന്റെ സുഖാശ്വാസത്തെ മുന്തിക്കട്ടെ. അല്ലാഹുവുമായി സത്യസന്ധമായ സന്ധിയുണ്ടാക്കുക. അവന്റെ അനുസരണത്തിലേക്ക് മടങ്ങുവിൻ. അല്ലാഹുവിന്റെ ക്രോധം ഭൂമിയിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നു. പൂർണ നിലയിൽ തന്റെ കുറ്റങ്ങളിൽ നിന്നും പശ്ചാത്തപിച്ചു അവന്റെ സവിധത്തിൽ ഹാജരാവുന്നവൻ മാത്രമേ അതിൽ നിന്നും രക്ഷപ്പെടുകയുള്ളു. **(മൽഫൂസാത്ത്, 1 ഭാ 266, 268)**



എഡിറ്റോറിയൽ

# ദണ്ഡനീതിയിൽ വിശ്വസിക്കുന്ന തീവ്രവാദികളും റസൂൽ തിരുമേനി (സ) യുടെ വിശുദ്ധ മാതൃകയും

ഇസ്‌ലാം വിവേകത്തിന്റെ മദ്ധ്യമാർഗമാണ്. കരുണയും അനുകമ്പയും വിട്ടുവീഴ്ച്ചയുമാണ് അതിന്റെ സുവിദമായ അടയാളങ്ങൾ. ഇസ്‌ലാംമതം അങ്ങേയറ്റം തെറ്റിദ്ധരിക്കപ്പെട്ട ഈ കാല ഘട്ടത്തിൽ ശാന്തിയുടെയും പ്രബുദ്ധതയുടെയും പ്രതീകമായി നിൽക്കുന്ന മസീഹീ പ്രഭാവമുള്ള അഹ്മദിയ്യാമുസ്‌ലിം ജമാഅത്ത് ഇസ്‌ലാമിന്റെ ഇത്തരം മാനവിക മൂല്യങ്ങളിലൂന്നിക്കൊണ്ടാണ് ഈ പരിശുദ്ധ മതത്തെ പരിചയപ്പെടുത്തുന്നത്. ഇക്കാലത്ത് തീവ്രവാദം പകർച്ച വ്യാധിപോലെ പടർന്നു കയറുന്ന ഒരു പ്രതിഭാസമായി മാറിയിരിക്കുകയാണ്. ജനങ്ങളുടെ വിവേചന ബോധത്തേയും ചിന്താശീലത്തേയും നീതി ബോധത്തെയും മയക്കി കിടത്തി വികാരവും കോപാവേശവും ജ്വലിപ്പിച്ചു കൊണ്ടാണ് ഇവർ രംഗം കയ്യടക്കുക. ജനങ്ങൾ ചോദ്യം ചെയ്യാതെ അനുസരിക്കുന്ന മതമേഖലയാണ് തീവ്രവാദ മനോഭാവമുള്ള നേതാക്കന്മാരുടെ വിഹാര രംഗം. മതത്തിന്റെ പേരുപയോഗിച്ചാൽ വിശ്വാസികൾ അത് കണ്ണുംപൂട്ടി അനുസരിക്കുമെന്ന സൗകര്യം തീവ്രവാദികളായ ഇത്തരം നേതാക്കന്മാർ ചൂഷണം ചെയ്യുകയാണ്. താലിബാൻ, അൽഖയ്ദ, ഐ എസ്, ബൊക്കാ ഹറാം എന്നീ സംഘടനകളാണ് തീവ്രവാദത്തിന്റെ മൂർത്തരൂപങ്ങളായി മുസ്‌ലിം ലോകത്ത് അറിയപ്പെടുന്നത്. തോതു വ്യത്യാസമനുസരിച്ച് എല്ലാ മേഖലകളിലും തീവ്രവാദത്തിന്റെ വിളയാട്ടം കാണാം. ഇസ്‌ലാം മതത്തിന്റെ രക്ഷക്കാണ് തങ്ങൾ പ്രവർത്തിക്കുന്നത് എന്ന് വരുത്തി തീർക്കൽ ഈ തീവ്രവാദികളുടെ ഒരു പൊതു രീതിയാണ്. ഇസ്‌ലാം മതത്തിന്റെ ആധികാരിക വക്താക്കളായാണ് ഇവർ പ്രത്യക്ഷപ്പെടുക. വാസ്തവത്തിൽ തീവ്രവാദം എന്നത് ഒരു മനോരോഗമാണ്. വികാര സാന്ദ്രമായ മത വിശ്വാസം ഇത്തരക്കാരുടെ ഇളക്കങ്ങൾക്ക് പറ്റിയ ഉപകരണമാണ്. കടുത്ത സന്മാർഗവാദം ഒരു മനോഗ്രസ്തിയായി വേട്ടയാടുന്ന ഇക്കൂട്ടർ മതനിയമങ്ങളും സന്മാർഗതത്ത്വങ്ങളും ആത്യന്തികമായി തലനാരിഴകീറി വ്യാഖ്യാനിക്കുന്നു. വിട്ടുവീഴ്ച്ചയില്ലാത്ത അവരുടെ കർക്കശ പൂർണമായ സന്മാർഗ വാദത്തിൽ ചരിക്കാത്തവരെ സംഹരിച്ചുകളയുകയോ ഉന്മൂലനം ചെയ്യുകയോ വേണമെന്നാണ് ഇവരുടെ ആഗ്രഹം.മതധാർമികതയുടെ കുത്തകയും തങ്ങൾക്ക് മാത്രമാണെന്ന വ്യാജേനയാണ് അവരുടെ പെരുമാറ്റം. ഖലീഫത്തുൽ മസീഹ് നാലാമൻ ഈ മനോഘടനയെ രണ്ട് സൈക്കോളജിസ്റ്റുകളെ ഉദ്ധരിച്ച് സൂക്ഷ്മമായി ഇപ്രകാരം വിശകലനം ചെയ്യുന്നുണ്ട്. 'ഒരു ആശയം നിശ്ചയദാർഢ്യത്തോടു കൂടി നിരന്തരമായും സാധാരണ ഗതിയിൽ അത്യന്തം വികാര വായ്പ്പോടും പ്രാവർത്തികമാക്കാൻ എന്തെങ്കിലും ചെയ്യണമെന്ന കഠിനമായ ആഗ്രഹമാണത്. ഈ മാനസികവസ്ഥയുടെ സാകല്യരൂപം മനോഗ്രസ്തി എന്ന രോഗവുമായി ബന്ധപ്പെട്ടതാണ്. .... മനോഗ്രസ്തി ബാധിച്ച രോഗികൾ തീവ്രവാദികളായ സന്മാർഗ വാദികളായിരിക്കും. സദാസമയവും കഠിനമായ ധാർമിക ചിന്തയാൽ ആകുല ചിത്തരും താൻ യോഗ്യനല്ല എന്ന ചിന്തയാൽ അസ്വസ്ഥരുമായിരിക്കും'. (മതത്തിന്റെ പേരിൽ മനുഷ്യഹത്യ. പേ 109)

തീവ്രവാദികളുടെ രീതികളിൽ നിന്നും ഭിന്നമായി മനുഷ്യ സംസ്കരണത്തിന് ഇസ്‌ലാമിന് കാരുണ്യത്തിന്റേയും പൊറുമയുടേയും വിശാലമായ മാതൃകകളാണ് കാഴ്ച്ചവെക്കാനുള്ളത്. പ്രപഞ്ചമാകമാനം കാരുണ്യവുമായി വന്ന റസൂൽ തിരുമേനി (സ) കാണിച്ച മാതൃകയാണത്. നടുക്കമുണ്ടാക്കുന്ന പീഢനങ്ങളും ദ്രോഹങ്ങളും ഏറ്റുവാങ്ങിയിട്ടും പകയും വിദ്വേഷവും ആ പരിശുദ്ധ ഹൃദയത്തിന് എന്താണെന്നറിയില്ലായിരുന്നു. മറ്റൊരു മത ചരിത്രത്തിലും കാണാൻ കഴിയാത്ത ഹൃദയാവർജകമായ ഒരു സംഭവം നോക്കൂ. റസൂൽ തിരുമേനി (സ) യെ അങ്ങേയറ്റം ദ്രോഹിച്ച കപട വിശ്വാസികൾക്ക് വേണ്ടി എഴുപത് തവണ മാപ്പപേക്ഷിച്ചാലും അത് സ്വീകരിക്കപ്പെടുകയില്ല എന്ന് ഖുർആൻ വചനമിറങ്ങിയതിന് ശേഷമാണ് കപട വിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹിബ്നു സുലൂൽ മരിക്കുന്നത്. അയാൾ പറഞ്ഞ നിന്ദാകരമായ വാക്കുകൾ കാരണത്താൽ അബ്ദുല്ലാഹിബ്നു സുലൂലിന്റെ സത്യവിശ്വാസിയായ മകൻ പോലും അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചിരുന്നു. പക്ഷേ സുലൂൽ മരിച്ചപ്പോൾ കാരുണ്യക്കടലായ റസൂൽ തിരുമേനി (സ) ജനാസ പുതപ്പിക്കാൻ തന്റെ പവിത്രമായ കുപ്പായം നൽകി. ജനാസ നമസ്ക്കാരത്തിന് നേതൃത്വം നൽകാൻ എഴുന്നേറ്റപ്പോൾ കോപാകുലനായ ഉമർ (റ) 'എഴുപത് തവണ മാപ്പിരന്നാലും സ്വീകരിക്കപ്പെടുകയില്ല' എന്ന ഖുർആൻ വചനം റസൂൽ തിരുമേനി (സ) യെ ഓർമിപ്പിച്ചു. സ്നേഹവും മാപ്പും കൊണ്ട് ലോകത്തെ കീഴടക്കിയ ശാന്തഗംഭീരമായ ആ പുണ്യ വദനത്തിൽ നിന്നും മന്ദസ്മിതം പൊഴിഞ്ഞു. റസൂൽ തിരുമേനി (സ) പറഞ്ഞു. ***'ഉമറേ മാറി നിൽക്കൂ. എനിക്ക് നന്നായി കാര്യങ്ങൾ അറിയാം. എഴുപത് വട്ടം അദ്ദേഹത്തിന് വേണ്ടി മാപ്പിരന്നാലും ദൈവം അദ്ദേഹത്തിന് പൊറുത്തു കൊടുക്കുന്നില്ലെങ്കിൽ ഞാൻ അദ്ദേഹത്തിന്ന് വേണ്ടി എഴുപതിലധികം തവണ മാപ്പിരക്കുന്നതാണ്.'*** പിന്നീട് റസൂൽ തിരുമേനി(സ) ആ ജനാസ നമസ്ക്കാരത്തിന് നേതൃത്വം നൽകുകയുണ്ടായി. (ബുഖാരി, കിതാബ് അൽ ജനായിസ്)

ഇസ്‌ലാമിന് അകത്തും പുറത്തുമായി വിയോജിപ്പുള്ളവരോട് തീവ്രവാദികൾ നടത്തുന്ന ആക്രോശങ്ങളെവിടെ? റസൂൽ തിരുമേനി(സ) യുടെ പുണ്യമാതൃകയെവിടെ? റസൂൽ തിരുമേനി (സ) യുടെ ആ കാരുണ്യ മാതൃകയെ പറ്റി അല്ലാഹു പറയുന്നു:

***'സത്യമായും നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ (ക്ഷേമ കാര്യത്തിൽ) ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളുമാണ്.'*** *(9:128)*



ഹദ്റത്ത് അഹ്മദ് (അ)

# സമൂഹത്തിന്റെ ഐക്യം

**അ**ല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ ശാശ്വതമായ ദൈവിക ദാസ്യത്തിന് വേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യ സമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർധനവ് കാരണം മനുഷ്യ സമുദായത്തിൽ രൂപമെടുത്തിട്ടുള്ള ഭിന്നതകൾ തന്നെയും പൂർണമായ മനുഷ്യൈക്യത്തിനുള്ള മുന്നൊരുക്കങ്ങളായിരുന്നു. ആദ്യം മനുഷ്യ സമൂഹത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചു കൊണ്ട് പിന്നീട് പൂർണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛിച്ചിരിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിനും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുന്നതിന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം. സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളെയും ഒരു സമുദായമാക്കി ഒന്നിപ്പിക്കാനാണ് ദൈവം ഇച്ഛിച്ചിരിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരു തോട്ടം നിർമിക്കുന്നുവെന്നിരിക്കട്ടെ. തോട്ടത്തിലെ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽ പിന്നെ തോട്ടത്തിന് ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരൊറ്റ വൃത്തത്തിൽ ഒതുക്കുകയും ചെയ്യുന്നു. ഇതിലേക്ക് തന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്.

***'ഓ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നബിമാരേ, വിവിധ സമുദായങ്ങളിൽ നിന്ന് ലോകത്ത് ഒരുമിച്ച് കൂട്ടിയിട്ടുള്ള ഈ മുസ്‌ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായം ആകുന്നു. (അവർ എല്ലാവരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാം ഒന്നുചേർന്ന് എന്നെ ആരാധിക്കുവിൻ'*** ഈ അനുക്രമമായ ഐക്യത്തിന്റെ ഉദാഹരണമിതാണ്. ഓരോ മഹല്ലിലെയുമാളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചു നേരം ഒരുമിച്ചു കൂടുന്നതിന് കൽപ്പിച്ചു. പിന്നീട് പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം ജാമിആ മസ്ജിദിൽ എന്നു വെച്ചാൽ എല്ലാവർക്കും ഒരുമിച്ചു കൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചു ചേരാൻ കൽപ്പിച്ചു. പിന്നെ കൊല്ലത്തിലൊരിക്കൽ മുഴുവൻ നഗരത്തിലേയും ചുറ്റുവട്ടത്തിലെ ഗ്രാമങ്ങളിലേയും ജനങ്ങൾ ഈദ് ഗാഹിലേക്ക് ഒന്നിക്കുവാൻ കൽപ്പിച്ചു. അതുപോലെ കൊല്ലത്തിലൊരിക്കൽ ലോകത്തെ മുഴുവൻ ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത് അതായത് പരിശുദ്ധ മക്കയിൽ സമ്മേളിക്കുവാനും കൽപ്പിച്ചു. അങ്ങനെ അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായ ത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർ ണതയിലെത്തിച്ചു. (ചശ്മയെ മഅരിഫ. ഭാ. 137)



# ജമാഅത്തായ നമസ്കാരത്തിന് പ്രാധാന്യം നൽകുക

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2015 ഫെബ്രുവരി 13 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**ന്യൂ**നതകളും ദൗർബല്യങ്ങളും എപ്പോഴും രണ്ടു തരത്തിലാണ് ഉണ്ടാകാറുള്ളത്. ഒന്ന് വ്യക്തിഗതമായ ന്യൂനതകളും ദൗർബല്യങ്ങളും. മറ്റൊന്ന് സാമൂഹികമായ ന്യൂനതകളും ദൗർബല്യങ്ങളും. ഇതുപോലെതന്നെ ഗുണങ്ങളും രണ്ടു തരത്തിലുണ്ട്. ഒന്ന് വ്യക്തിഗതമായ ഗുണങ്ങൾ. രണ്ടാമത്തേത് സാമൂഹികമായ ഗുണങ്ങൾ. വ്യക്തിഗതമായ ന്യൂനതകൾ വ്യക്തികളിലാണുണ്ടാകുന്നത്. പക്ഷേ, സമൂഹത്തെ മൊത്തത്തിൽ അത് ബാധിക്കുകയില്ല. ഇപ്രകാരംതന്നെയാണ് ഗുണങ്ങളും. ചിലഗുണങ്ങൾ വ്യക്തികളിലുണ്ടാകുന്നു. സമൂഹം മുഴുവൻ അതുണ്ടാകുകയില്ല. വ്യക്തികൾ തങ്ങളുടെ അറിവും അധ്വാനവുംകൊണ്ട് ചില ഗുണങ്ങൾ തങ്ങളിലുണ്ടാക്കുന്നു. ഇപ്രകാരം ന്യൂനതകളുടെ കാരണങ്ങളും മാർഗങ്ങളും ഓരോരുത്തരുടേയും അവസ്ഥ

കളും ചുറ്റുപാടും കാരണത്താലാണുണ്ടാകുന്നത്. തിന്മയേയും നന്മയേയും കുറിച്ച് പറയുമ്പോൾ നന്മയും തിന്മയും ദോഷവും ഗുണവും അതിന്റെ ചുറ്റുപാടിന്റെ സ്വാധീനത്തിന്റെ ഫലമായാണുണ്ടാകുന്നതെന്ന കാര്യവും ഓർക്കേണ്ടതാണ്. അതിന്റെ ഉദാഹരണം ഇപ്രകാരമാണ്: മണ്ണുകൂടാതെ ഒരുവിത്തും മുളയ്ക്കുകയില്ല. അല്ലെങ്കിൽ ഏതു വിത്തും ശരിയായ ഗുണം ചെയ്യുന്നതിന് മണ്ണ് അല്ലെങ്കിൽ മണ്ണുപോലുള്ള ചുറ്റുപാടുണ്ടാകേണ്ടത് അത്യാവശ്യമാണ്. അതുകൂടാതെ വിത്തു മുളയ്ക്കുകയാണെങ്കിൽത്തന്നെ കുറച്ചുകാലംകൊണ്ട് നശിച്ചുപോകും. അവസാനിച്ചുപോകും. ഇപ്രകാരംതന്നെ ദോഷം കൊണ്ടോ ഗുണംകൊണ്ടോ ഉണ്ടാകുന്ന തിന്മ അല്ലെങ്കിൽ നന്മ ചുറ്റുപാടുകളുടെ സ്വാധീനത്തിന്റെ ഫലമായിട്ടാണുണ്ടാകുന്നത്. ചുറ്റുപാടുകളുടെ സ്വാധീനം ഏതെങ്കിലും നന്മയ്ക്കും തിന്മയ്ക്കും പ്രത്യേകമായിട്ട് മണ്ണ് തയ്യാറാക്കാത്തിടത്തോളം ആ തിന്മയോ നന്മയോ വളരുകയില്ല. പക്ഷേ, ചുറ്റുപാടും രണ്ടുതരത്തിലുണ്ട്. ഒരേ തരത്തിലുള്ള ചുറ്റുപാട് ഓരോന്നിലും ഒരുപോലെ സ്വാധീനം ചെലുത്തണമെന്നില്ല. ഒരേ തരത്തിലുള്ള ചുറ്റുപാട് മനുഷ്യനിൽ മാത്രമേ സ്വാധീനം ചെലുത്തുകയുള്ളു. എന്നാൽ, ഒരു സമൂഹം എന്ന നിലയിൽ അത് എല്ലാവരേയും മൊത്തത്തിൽ സ്വാധീനിക്കുകയില്ല. അതിന്റെ ഉദാഹരണം ധാന്യങ്ങൾ വിളയാൻ പറ്റുന്ന ഒരു വയലിന്റേതാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഉദാഹരണം പറയുന്നു: ഇന്ത്യയിലുണ്ടാകുന്നതാണ് കുങ്കുമപ്പൂവ്. അത് ഇന്ത്യാരാജ്യത്ത് മുഴുവനുണ്ടാകുകയില്ല. പ്രത്യുത കശ്മീർ പ്രദേശത്താണ് അതുണ്ടാകുന്നത്. ഉന്നതക്കിടയിലുള്ള കുങ്കുമപ്പൂവ് ഉണ്ടാകുന്ന ഒരു പ്രത്യേക പ്രദേശവും അവിടേയുണ്ട്. പാകിസ്താനിലെ കാളർ പ്രദേശത്തുണ്ടാകുന്ന സുഗന്ധമുള്ള ബാസ്മതി അരി മറ്റൊരു പ്രദേശത്തും ഉണ്ടാകാറില്ല. എന്തായാലും പ്രത്യേകമായ പരിതഃസ്ഥിതികൾ പ്രത്യേകമായ വിത്തുകൾക്കുണ്ട്. പിന്നീട് മണ്ണിലും അതുപോലെതന്നെ കാലാവസ്ഥകളുടെ സ്വാധീനങ്ങളും ഉണ്ടാകുന്നു. ഇതിന്നെതിരിൽ ചില ധാന്യങ്ങളുണ്ട്. ഉദാഹരണത്തിന് ഗോതമ്പ്. അല്ലെങ്കിൽ പ്രത്യേകതരത്തിലുള്ള കൃഷിത്തോട്ടങ്ങളുണ്ട്. അവ ഒരു രാജ്യത്ത് എല്ലാ സ്ഥലത്തുമുണ്ടാകും. വിളവിൽ ഏറ്റക്കുറച്ചിലുണ്ടാകാം. പക്ഷേ, എല്ലായിടത്തും അതുണ്ടാകുന്നു.

അതുകൊണ്ട് ഇതേപോലെ നന്മകളും തിന്മകളും ചില സ്വാധീനങ്ങളുടെ ഫലമായി സാമൂഹികമായ നില കൈവരിക്കാറുണ്ട്. അങ്ങനെ അത് മുഴുവൻ സമൂഹത്തിന്റെ മൊത്തത്തിലുള്ള അഭിവൃദ്ധി അല്ലെങ്കിൽ അധഃപതനത്തിന് വഴിയായിത്തീരുന്നു. വ്യക്തികളുടെ തിന്മകൾ, വ്യക്തികളുടെ പരിശ്രമംകൊണ്ട് നന്നാക്കിയെടുക്കാൻ കഴിയുന്നതാണ്. പരിശ്രമിക്കുകയാണെങ്കിൽ തിന്മകൾ അകറ്റാൻ കഴിയുമെന്ന് മാത്രമല്ല വ്യക്തിഗതമായ നന്മകൾ ഉണ്ടാകാനും സാധ്യതയുണ്ട്. എന്നാൽ, സാമൂഹികമായ സ്വാധീനങ്ങളുടെ ഫലമായി മൊത്തത്തിലുണ്ടാകുന്ന തിന്മകളോ നന്മകളോ ഏതെങ്കിലും ഒരു വ്യക്തിയുടെ പരിശ്രമഫലമായി അകറ്റാൻ കഴിയില്ല. കാരണം വ്യക്തി എന്നത് സമൂഹത്തിന്റെ ഒരു ഭാഗമാണ്. സാമൂഹികമായിട്ടുള്ള ദോഷം ഒരു ഭാഗത്തിന്റെ പരിഷ്കരണംകൊണ്ട് ശരിയാകുകയില്ല. എന്നല്ല സാമൂഹികമായിട്ടുള്ള ദോഷങ്ങളാണെങ്കിൽ വ്യക്തികളേയും അത് ബാധിക്കാം. ഒരു പ്രദേശത്തെ അന്തരീക്ഷം മോശമാണെങ്കിൽ അത് അവിടെ താമസിക്കുന്ന എല്ലാവരേയും മൊത്തത്തിൽ ബാധിക്കുന്നതാണ്. ഉദാഹരണത്തിന് ഒരാൾ വിഷംതിന്നാൽ അയാളുടെ കൈകാലുകളേയും തലച്ചോറിനേയും മറ്റു അവയവങ്ങളേയും അത് ബാധിക്കാതിരിക്കുകയില്ല. അത് ശരീരം മുഴുവൻ ബാധിക്കുന്നതാണ്. ഇതുപോലെതന്നെയാണ് നമ്മുടെ ഭക്ഷണം. മാംസവും പഴങ്ങളും നമ്മൾ തിന്നുന്നു. വിവിധ സാധനങ്ങൾ നമ്മൾ കഴിക്കുന്നു. അതിൽനിന്ന് ശരീരത്തിന്റെ ഓരോ ഭഗവും ഫലമെടുക്കുന്നതാണ്. കാരണം ഈ എല്ലാ ഭാഗങ്ങളും വ്യക്തി എന്ന പൂർണതയുടെ ഭാഗങ്ങളാണ്. അതായത് ശരീരത്തിന്റെ! അതുകൊണ്ട് അത് വിഷത്തിലും ഭാഗഭാക്കാകുന്നു. നല്ല ഭക്ഷണത്തിലും ഭാഗഭാക്കാകുന്നു.

അതിനാൽ നമ്മളിൽ എല്ലാ ഓരോരുത്തരും നമ്മുടെ നഫ്സിന്റെ ദൗർബല്യങ്ങൾ നോക്കുന്നതോടൊപ്പം നമ്മൾ ഒരു സമൂഹം എന്ന നിലയിൽ മൊത്തത്തിലുള്ള നമ്മുടെ ദൗർബല്യങ്ങളെ നോക്കുകയും അത് അടയാളപ്പെടുത്തുകയും പിന്നീട് മൊത്ത ത്തിൽ അതിനെ ചികിത്സിക്കുകയും അകറ്റുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഈ ചികിത്സയിൽ ഓരോരുത്തരും അവരുടെ പങ്കുവഹിക്കേണ്ടതാണ്. കാരണം കൂട്ടായ പരിശ്രമമില്ലാതെ കൂട്ടായനിലയിലുള്ള ചികിത്സ നടത്താതെ നമുക്ക് വിജയിക്കാൻ സാധിക്കുകയില്ല. പ്രകൃതിനിയമത്തെ നോക്കുകയാണെങ്കിൽ ഉദാഹരണത്തിന് പ്രകൃതി ദുരന്തമായ വെള്ളപ്പൊക്കം. ഒരു കർഷകനും തന്റെ വയലിനെ ബണ്ടുകെട്ടി വെള്ളപ്പൊക്കത്തിൽനിന്ന് സംരക്ഷിക്കാൻ സാധ്യമല്ല. ബണ്ടുകെട്ടുക, അതിന് പദ്ധതികൾ തയ്യാറാക്കുക തുടങ്ങിയ ജോലിയെല്ലാം സർക്കാർ ചെയ്യേണ്ടതാണ്. കൂട്ടായ പരിശ്രമം സർക്കാറിൽനിന്നാണ് ഉണ്ടാകുന്നത്. ജനങ്ങളുടെ കൂട്ടായ്മയുടെ പേരാണ് സർക്കാർ. സർക്കാറുകൾ ഒന്നിനും കൊള്ളരുതാത്തതാണെങ്കിൽ സമൂഹത്തിന് മൊത്തമാണ് നഷ്ടമുണ്ടാകുക. അതിനാൽ സാമൂഹികബോധം പരിഷ്കരണത്തിന് അനിവാര്യമാണ്. അഹ്മദിയ്യാ ജമാഅത്തിനെ ബന്ധപ്പെടുത്തിക്കൊണ്ട് ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)പറയുന്നു: നമ്മൾ എങ്ങനെയാണ് ഈ സാമൂഹികമായ തിന്മകളെ നോക്കിക്കാണേണ്ടത്? അതിനെക്കുറിച്ച് എങ്ങനെയാണ് ചിന്തിക്കേണ്ടത്? ജമാഅത്ത് ചില വശങ്ങളിലൂടെ ഇതിൽ ചിന്തിക്കുകയും ചികിത്സിക്കുകയും ചെയ്യുകയാണെങ്കിൽ നേട്ടം കൈവരിക്കാൻ കഴിയുന്നതാ

ണ്. ഇതിന് വിവിധമാർഗങ്ങളുണ്ട്. ആദ്യത്തെ മാർഗം എന്ന് പറയുന്നത് ഏതെങ്കിലും ജനതയിൽ നടപ്പിലുള ളതും അതനുസരിച്ച് പ്രവർത്തിക്കേ ണ്ടത് നിർബന്ധമാണെന്ന് ഓരോ വ്യക്തിയും മനസ്സിലാക്കുന്നതുമായ അധ്യാപനങ്ങളാണ്. ഏതെങ്കിലും മതത്തിൽ തെറ്റായ വിശ്വാസങ്ങളും കാര്യങ്ങളുമാണെങ്കിൽ അത് ആ മത ത്തെവിശ്വസിക്കുന്ന എല്ലാവരേയും ബാധിക്കുന്നതാണ്. അത് മതപര മായ നിലയിൽ മാത്രമല്ല. മറിച്ച് സാമൂഹികവും സാംസ്കാ രികവുമായ ജീവിതത്തിലും ദുഷ്ഫ ലങ്ങൾ സൃഷ്ടിക്കുന്നതാണ്. പക്ഷേ, മുസ്‌ലീംകളായിരിക്കുന്ന നമ്മൾ, വിശുദ്ധഖുർആനെ അല്ലാഹുവിന്റെ കലാമാണെന്ന് മനസ്സിലാക്കുന്നവരും ആ അധ്യാപനത്തിൽ ഒരു ന്യൂന തയും ഇല്ലെന്നും അതിന് തെറ്റായ ഫലങ്ങളൊന്നും ഉണ്ടാകു കയില്ലെന്നും ദൃഢമായും വിശ്വസി ക്കുന്നവരുമാണ്. എന്നാൽ, എല്ലാ മുസ്‌ലീംകളും തിന്മകളിൽനിന്ന് മുക്തരാണോ? നമ്മൾ നമ്മുടെ ചുറ്റു പാടുകൾ വിലയിരുത്തുമ്പോൾ, മുസ്‌ലീംകളുടെ പൊതുവായ അവ സ്ഥകൾ നോക്കിക്കാണുമ്പോൾ അധികമാളുകളും തിന്മകളിൽ അക പ്പെട്ടിരിക്കുന്നതായി കാണാൻ കഴി യുന്നു. അതുകൊണ്ട് ഇക്കാര്യ ത്തിൽ ചിന്തിക്കേണ്ട ആവശ്യമുണ്ട്. അതായത് വിശുദ്ധഖുർആനിൽ ഒരു ന്യൂനതയുമില്ല. വിശുദ്ധ ഖുർആ നിന്റെ അധ്യാപനങ്ങ ൾ എല്ലാ കുറ വുകളിൽനിന്നും മുക്തമാണ്. സമ്പൂർണവും തികവുറ്റതുമായ അധ്യാപനമാണ്. അപ്പോൾ പിന്നെ കുറവ് എവിടെയാണ്? ഇതാണ് പ്രശ്നം. ഇതിന്റെ മറുപടി ഇങ്ങനെ യായിരിക്കേണ്ടതാണ്: തീർച്ചയായും വിശുദ്ധ ഖുർആനിൽ ഒരു ന്യൂനത യുമില്ല. കാര്യങ്ങൾ തെറ്റായി മനസ്സി ലാക്കിയതുകൊണ്ട് അത് സമൂ ഹത്തെ ബാധിച്ചു. അന്തരീക്ഷ ത്തിന്റേയും മറ്റു മതങ്ങളുടേയും സംസ്കാരത്തിന്റേയും സ്വാധീനമു ണ്ടായി. തെറ്റായ നിലയിൽ അത് മത ത്തിന്റെ ഭാഗമായി മനസ്സിലാക്കപ്പെ ട്ടു.

> പള്ളികളെ ജനനിബിഢമാക്കേണ്ടത് യഥാർഥ സത്യ വിശ്വാസികൾതന്നെയാണ്. കാലത്തിന്റെ ഇമാ മിനെ വിശ്വസിച്ചവരാണ് യഥാർഥ മുഅ്മിൻ. അല്ലാതെ ആരാധനയുടെ പേരിൽ ഫിത്നയും കുഴപ്പവും ഉണ്ടാക്കുന്നവരല്ല.

നമ്മൾ ഹദ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ ജമാഅത്തിൽ ചേർന്നിരി ക്കുന്നുവെന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. പുരാതനമായ പാരമ്പ ര്യങ്ങളുടേയും അല്ലെങ്കിൽ യുക്തി ശൂന്യമായ പാരമ്പര്യങ്ങളുടേയും അല്ലെങ്കിൽ ഖുർആൻ വ്യാഖ്യാനങ്ങ ളുടേയും സ്വാധീനം നമ്മളിൽ ഉണ്ടാ കുക സാധ്യമല്ല. ഉണ്ടാകാനും പാടി ല്ല. പക്ഷേ, എന്നാലും നമ്മൾ പൂർണ മായ നിലയിൽ സുരക്ഷിതരല്ലാ ത്തത്, സ്വന്തം വീക്ഷണഗതികൾ വെച്ചുപുലർത്തുന്ന ആളുകൾ ജമാ അത്തിൽ പ്രവേശിക്കുന്നതുകൊണ്ടാ ണ്. അവർ ചിലഘട്ടങ്ങളിൽ ചില കാര്യങ്ങളിൽ സംശയത്തിലും സന്ദേ ഹത്തിലും അകപ്പെട്ടുപോകുന്നു. എന്തായാലും നമ്മൾ പൊതുവേ തെറ്റായ വീക്ഷണങ്ങളിൽനിന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുക്തരാണെന്നതിൽ സംശയമില്ല. പ ക്ഷേ, നമ്മൾ നമ്മെ സ്ഥിരമായിട്ട് തെറ്റുകളിൽനിന്ന് മുക്തരാക്കിവെ ക്കേണ്ട ആവശ്യമാണുള്ളത്. അതി നുള്ള മാർഗം നമ്മൾ അനഹ്മദിക ളുടെ തെറ്റുകളെ എപ്പോഴും വീക്ഷി ച്ചുകൊണ്ടിരിക്കുക എന്നതാണ്. കാരണം എങ്കിലെ നമ്മുടെ ഉള്ളിൽ അത് കടക്കുന്നതിനെ നമുക്ക് തട യാൻ പറ്റുകയുള്ളു. സാമൂഹികമാ യപോരായ്മകളിൽനിന്ന് രക്ഷപ്പെ ടാൻ സാധിക്കുകയുള്ളു. നമ്മുടെ ചുറ്റുപാടുള്ള മതങ്ങളേയും ആളു കളേയും കുറിച്ചും അവരിലുള്ള സാമൂഹികമായ പോരായ്മകളെ കുറിച്ചും നമ്മൾ ചിന്തിക്കേണ്ടതാ ണ്. ഈ ചിന്താവൃത്തം അയൽ രാജ്യങ്ങളിലെ സാമൂഹികമായ പോരായ്മകൾവരെ വ്യാപിപ്പിക്കേണ്ട താണ്. അവരുടെ ഗുണങ്ങളും കുറ വുകളുമെല്ലാം നമുക്ക് കാണാൻ കഴിയും. അയൽരാജ്യങ്ങളുടെ സ്വാധീനം പരസ്പരം ഉണ്ടായിക്കൊ ണ്ടിരിക്കുന്നതാണ്.

ഏതൊരുചുറ്റുപാടിലാണോ കുട്ടി കൾ വളരുന്നത് ആ ചുറ്റുപാടിന്റെ, അയൽവാസികളുടെ സ്വാധീനം ആ കുട്ടികളിലുമുണ്ടാകുന്നു. മാതാപിതാ ക്കൾ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരു ന്നാലും എവിടെയാണോ ദൗർബല്യ ങ്ങളുള്ളത് അതിന്റെ സ്വാധീനം ഉണ്ടാകുകതന്നെ ചെയ്യും. കുട്ടികൾ കൂടുതൽ സമയവും സ്കൂ ളിലും മറ്റു സുഹൃത്തുക്കളുടേയുമൊപ്പം ചെലവഴിക്കേണ്ടി വരു ന്നവരാണ്. അല്ലെങ്കിൽ വീടുകളിൽ ഇക്കാലത്ത് ടി.വി.മുഖേന നേരിട്ട് കിട്ടുന്ന സുഹൃ ത്തുക്കളുമുണ്ട്. അത് കുട്ടികളേയും വലിയവരേയുമെല്ലാം ഒരു പോലെ ബാധിക്കുന്നതാണ്. ഇതിന്റെ ഫല മായി കുട്ടികൾ മാതാപിതാക്കൾ പറ യുന്നത് അനുസരിക്കാൻ കൂട്ടാക്കു ന്നില്ല. തങ്ങളുടെ തിരക്കുകൾ കാര ണത്താലോ മറ്റുകാരണങ്ങളാലോ മാതാപിതാക്കൾ സ്വയം കുട്ടിക ളിൽനിന്ന് അകൽച്ച ഉണ്ടാക്കി ക്കൊണ്ടേ പോകുന്നു. പിന്നീട് ടി.വി. തുടങ്ങിയവ മുഖേന വീടുകളിൽ സ്വയം തങ്ങളുടെ ചുറ്റുപാടുകളെ മോശമാക്കിക്കൊണ്ടിരിക്കുന്ന മാതാ പിതാക്കളുമുണ്ട്. എന്തായാലും പിന്നീട് അതിനുണ്ടാകുന്ന ഫലം മാ താപിതാക്കൾ കുട്ടികളുടെമേൽ അക്രമം ചെയ്യാൻ തുടങ്ങുന്നു എന്ന താണ്. കുട്ടികൾ മാതാപിതാക്കളെ ആദരിക്കുകയോ ബഹുമാനിക്കു കയോ ചെയ്യുന്നില്ല. ഇതു പിന്നെ വ്യക്തിഗതമായ തിന്മകളായിരിക്കുക യില്ല. അത് സാമൂഹികമായ തിന്മക ളായിക്കൊണ്ടിരിക്കുകയും ചെയ്യും.

വീടുകൾ നശിക്കുന്നു. മാതാപിതാക്കൾ കുട്ടികളെ ആത്മീയമായും ഭൗതികമായും കൊന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പാശ്ചാത്യസമൂഹം സ്വാതന്ത്ര്യത്തിന്റെ പേരിൽ ഒരു നാശത്തലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത് സാമൂഹികതിന്മയാണ്. പക്ഷേ, ഇതിന്റെ പിടിത്തത്തിൽ ചില അഹ്മദികളും വീണുകൊണ്ടിരിക്കുന്നു. ഇത് സാമൂഹിക തിന്മയായി പടർന്നുപിടിക്കുന്നതിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം വീണ്ടും നമ്മൾ ജഹാലത്തിലേക്ക് തിരിച്ചുപോകുന്നതിനുംമുമ്പേ സമൂഹം എന്ന നിലയിൽ നമുക്ക് ഇക്കാര്യങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമത്തെ വേഗത്തിലാക്കേണ്ട ആവശ്യമുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ എല്ലാ പോഷകഘടകങ്ങളും ഇക്കാര്യത്തിൽ കൂടിയാലോചിക്കുക. പദ്ധതികൾ ആസൂത്രണം ചെയ്യുക. അതിനെ അവസാനിപ്പിക്കാൻ ഇപ്പോൾമുതൽതന്നെ ശ്രമിക്കുക. ലോകത്തെ ചികിത്സിക്കുമെന്ന് നമ്മൾ ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്. ചികിത്സിക്കുന്നവർതന്നെ രോഗിയായാൽ ലോകത്തെ വ്യക്തിഗതവും സാമൂഹികവുമായ തിന്മകളും ദോഷങ്ങളും ആരാണ് അകറ്റുക? പിന്നീട് ഇക്കാര്യവും മുന്നിൽവെച്ചുകൊണ്ട് ചിന്തിക്കേണ്ടതാണ്– അതായത് ഏതെങ്കിലും ജനതയിൽ തങ്ങളുടെ പ്രത്യേകമാക്കപ്പെട്ട അവസ്ഥകൾ കാരണത്താൽ ചില നന്മകളും ഉണ്ടാകാവുന്നതാണ്. ചില തിന്മകളും ഉണ്ടാകാവുന്നതാണ്. ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ)ഇതിനു ഉദാഹരണം പറഞ്ഞത് ഇങ്ങനെയാണ്: നമ്മുടെ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു. അതിനോടൊപ്പം അനഹ്മദികളുടെ പിന്നിൽ നമസ്കരിക്കാൻ പാടില്ല എന്നത് നമ്മുടെ ജമാഅത്തിന്റെ വിശ്വാസവുമാണ്. കാരണം അനഹ്മദി ഇമാം അല്ലാഹു കാലത്തിന്റെ ഇമാമാക്കി അയച്ചിട്ടുള്ള ഇമാമിനെ വിശ്വസിക്കാത്തയാളാണ്. വിശ്വസിക്കുന്നില്ലെന്ന് മാത്രമല്ല അങ്ങേയറ്റം വൃത്തികെട്ട ഭാഷ ഉപയോഗിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അല്ലാഹു നിശ്ചയിച്ചയച്ച ഇമാമിനുമേൽ ആളുകൾ നിശ്ചയിച്ചിട്ടുള്ള ഇമാമിനെ മുന്തിക്കാൻ നമുക്ക് സാധിക്കുകയില്ല. അതിനാൽ നമ്മൾ അവരുടെ പിന്നിൽ നമസ്കരിക്കുന്നില്ല. അതുകൊണ്ട് അവർ സംഘടിതമായി നമസ്കരിക്കുന്നതിനുപകരം വീടുകളിൽ നമസ്കരിക്കുന്നു. ഓരോരുത്തരും അവരവരുടെ നമസ്കാരം അനുഷ്ഠിക്കുന്നു. വീടുകളിൽ ഇമാമും ജമാഅത്തുമായിട്ട് നമസ്കരിക്കുന്നതും അനുവദനീമാണെന്ന് ഞാൻ ഇതിനുമുമ്പേയും പറഞ്ഞിട്ടുള്ളതാണ്. തിരക്കുകാരണം ചിലർ തങ്ങളുടെ നമസ്കാരം ഒറ്റയ്ക്കും നമസ്കരിക്കാറുണ്ട്. ചിലർ ജോലിത്തിരക്കുകാരണത്താൽ നമസ്കാരം ജംആക്കുന്നു. ഇതിനെല്ലാമുള്ള കാരണങ്ങൾ മസ്ജിദിൽപോകാനുള്ള ശ്രദ്ധക്കുറവാണ്. അല്ലെങ്കിൽ മസ്ജിദ് അടുത്തില്ലാത്തതാണ്. മറ്റു ചില കാരണങ്ങളുമുണ്ട്. ഇക്കാരണത്താൽ നമസ്കാരം എന്തായാലും അനുഷ്ഠിക്കുമെങ്കിലും വീട്ടിലാണ് നമസ്കരിക്കുന്നത്. നമസ് കാരം ജമാഅത്തായിട്ട് നമസ്കരിക്കുന്നതിലേക്ക് പൊതുവെ ശ്രദ്ധയില്ലാതായിരിക്കുന്നു. അല്ലെങ്കിൽ അനാവശ്യമായി നമസ്കാരം ജംആക്കുന്നതിലേക്ക് കൂടുതൽ ശ്രദ്ധ ഉണ്ടായിരിക്കുന്നു. പറഞ്ഞുകൊണ്ടിരുന്നിട്ടും ആവർത്തിച്ചാവർത്തിച്ച് ഉപദേശിച്ചിട്ടും ജമാഅത്തായിട്ട് നമസ്കരിക്കുന്നതിൽ വലിയൊരുവിഭാഗത്തിന് താൽപര്യമില്ല. ഇതൊരു സാമൂഹികരോഗമായിത്തീർന്നു കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഇതിന് അടിയന്തിര ചികിത്സ വളരെ അധികം ആവശ്യമാണ്. ഒരു വ്യക്തി മസ്ജിദിൽ ജമാഅത്തായി നമസ്കരിക്കാൻ വന്നില്ലായെന്നത് വ്യക്തിഗതമായ ന്യൂനതയല്ല. ഇത് അശ്രദ്ധയുടെ പ്രകടനമെന്നപോലെ സാമൂഹികമായ രോഗത്തിന്റേയും പോരായ്മയുടേയും രൂപം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അവസ്ഥകൾ കാരണത്താൽ സുഖസൗകര്യങ്ങൾ ജമാഅത്തായിട്ടുള്ള നമസ്കാരത്തിന്റെ പ്രാധാന്യം കുറച്ചു കളഞ്ഞിരിക്കുന്നു. അഹ്മദികൾ വീടുകളിൽ നമസ്കരിക്കുന്നുണ്ട് എന്നതിൽ സംശയമില്ല. അവരിൽ വളരെ വിലപിച്ച് താഴ്മയോടെ നമസ്കരിക്കുന്നവരുമുണ്ട്. മറ്റുമുസ്ലീംകളിലെ ഭൂരിപക്ഷവും ഇത്രശ്രദ്ധയോടെ ഒരു പക്ഷേ നമസ്കരിക്കാത്തവരാണ്. എങ്കിലും അവർ പ്രകടനത്തിനായിട്ടാണെങ്കിലും മസ്ജിദിൽപോയി തീർച്ചയായും നമസ്കരിക്കുന്നവരാണ്. ഇപ്പോൾ മസ്ജിദിൽപോയി നമസ്കരിക്കുന്ന പ്രവണത അനഹ്മദികളിൽ ഒരുപാട് കൂടിയിട്ടുണ്ട്. ശ്രദ്ധയോടെ നമസ്കരിക്കുന്നുണ്ടോ ഇല്ലേ എന്ന് അറിയില്ല. എന്തായാലും ഒരു കാര്യമുണ്ട്, അവർ മസ്ജിദിൽ പോകുന്നു. അവർക്ക് ഇക്കാര്യത്തിൽ ശ്രദ്ധ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. നമുക്കാണെങ്കിൽ ഇക്കാര്യത്തിൽ ശ്രദ്ധ ഒരുപാട് കുറവുമാണ്. അതുകൊണ്ട് നമ്മൾ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. പള്ളികളെ ജനനിബിഡമാക്കേണ്ടത് യഥാർഥ സത്യവിശ്വാസികൾതന്നെയാണ്. കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചവരാണ് യഥാർഥ മുഅ്മിൻ. അല്ലാതെ ആരാധനയുടെ പേരിൽ ഫിത്നയും കുഴപ്പവും ഉണ്ടാക്കുന്നവരല്ല. ഒരു സമൂഹമെന്നനിലയിൽ മസ്ജിദിൽപോയി നമസ്കരിക്കാതിരിക്കുന്നതും അല്ലെങ്കിൽ നമസ്കാരം ജംആക്കുക എന്ന ന്യൂനതയും വർധിക്കുന്നതിലുള്ള അപകടവും സാധ്യതയും കൂടുന്നത് കുട്ടികളുടെ മനസ്സുകളിൽ അതിന്റെ പ്രാധാന്യം കുറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ്. ചില കുട്ടികൾ അവരുടെ മാതാപിതാക്കളുടെ അവസ്ഥ കണ്ടിട്ട് ദിവസത്തിൽ മൂന്നുനേര നമസ്കാരമാണുള്ളതെന്ന് പറയാൻ തുടങ്ങിയിരിക്കുന്നു. മൂന്നല്ല അഞ്ചാണ് എന്ന് പറയുമ്പോൾ തങ്ങളുടെ മാതാപിതാക്കൾ മൂന്നുനേരം നമസ്കരിക്കുന്നതാണ് കാണുന്നതെന്ന് അവർ പറയുന്നു. അതുകൊണ്ട് ഇതുസംബന്ധമായി എല്ലായിടത്തും കൂടിയാലോചിക്കുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

ഇല്ലെങ്കിൽ അടുത്ത തലമുറയിൽ ഇത് സാമൂഹികതിന്മയായിത്തീരും. ഇന്ന് ആളുകൾ അല്ലാഹുവിൽനിന്നും മതത്തിൽനിന്നും അകന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്. നമ്മൾ ശക്തമായി പരിശ്രമിച്ചില്ലെങ്കിൽ വിവിധതരത്തിലുള്ള തിന്മകൾ നമ്മുടെ ഉള്ളിൽ കടക്കാൻ തുടങ്ങുന്നതാണ്. ഒരു തിന്മയ്ക്കു ശേഷം മറ്റൊരു തിന്മ കടക്കാൻ തുടങ്ങും. ദീനിന്റെ പേരുമാത്രം അവശേഷിക്കും. ആത്മാവ് ഉണ്ടാകുകയില്ല. ഏതെങ്കിലും പ്രദേശത്ത് പകർച്ചവ്യാധി പടർന്നുപിടിച്ചാൽ നമ്മൾ ഉടനെ ചിന്താകുലരായിത്തീരുന്നു. അതിൽനിന്ന് രക്ഷപ്പെടുന്നതിന് പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നു. അപ്പോൾ ആത്മീയരോഗങ്ങളുടെ അപകടം അകറ്റാൻ നമ്മൾ എത്രത്തോളം പരിശ്രമിക്കേണ്ടതാണ്. അതിനാൽ നമ്മളെ ആത്മീയമായ രോഗങ്ങളിൽനിന്ന് സുരക്ഷിതരാക്കാൻ എല്ലാ തലങ്ങളിലും കൂട്ടായ ചിന്തയോടുകൂടി കാലേകൂട്ടി പ്രവർത്തിക്കേണ്ട ആവശ്യമാണുള്ളത്.

ഉലമാക്കൾ ഉമ്മത്തിലുണ്ടാക്കിയിട്ടുള്ള ഈ തെറ്റായ വിശ്വാസങ്ങളുടേയും കർമങ്ങളുടേയും മാറ്റം കാരണത്താൽ മുസ്‌ലീംകളുടെ വലിയൊരു വിഭാഗം പരിപൂർണമായ അധ്യാപനം നിലവിലുണ്ടായിട്ടും വഴിപിഴച്ചുപോയി. ഇപ്പോൾ നമുക്ക് നമ്മുടെ പരിഷ്കരണത്തിനുശേഷം സ്ഥിരമായ നിലയിൽ വഴികേടിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി വളരെ അധികം ശ്രമിക്കേണ്ട ആവശ്യമുണ്ട്. മറ്റു മുസ്‌ലീംകളിൽ എവിടെയൊക്കെയാണ് ന്യൂനതകളുണ്ടായിട്ടുള്ളതെന്നും വഴികേടുണ്ടായിട്ടുള്ളതെന്നും നമുക്കെങ്ങനെ അതിൽനിന്ന് രക്ഷപ്പെടാൻ കഴിയുമെന്നും നമ്മൾ ചിന്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് പിന്നീട് ആ മഹാത്മാവിന്റെ അധ്യാപനത്തെ അറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. അവസ്ഥകൾക്കൊത്ത് ഒഴുക്കിനനുസരിച്ച് നീന്തേണ്ട ആവശ്യമില്ല. എന്നല്ല അവസ്ഥകളെ നമ്മുടെ അധ്യാപനമനുസരിച്ച് വാർത്തെടുക്കുകയാണ് നമ്മുടെ ജോലി. ഖിലാഫത്തുമായി ശക്തമായ ബന്ധമുണ്ടാക്കേണ്ട ആവശ്യമാണുള്ളത്. ഇക്കാലഘട്ടത്തിൽ എം.ടി.ഏയും ജമാഅത്തിന്റെ വെബ്സൈറ്റും അല്ലാഹു നമുക്ക് നല്കിയിട്ടുണ്ട്. ഇതുമുഖേന യഥാർഥ ഖുർആനികാധ്യാപനങ്ങളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്ഞാനങ്ങളും വിജ്ഞാനങ്ങളും നമുക്ക് അറിയാൻ കഴിയുന്നു. ഈ മാർഗങ്ങളിലൂടെ ഈ യഥാർഥമായ ഇസ്‌ലാമികാധ്യാപനങ്ങൾ നമുക്ക് ലഭിക്കുന്നു. അതിനാൽ അതോടുകൂടിച്ചേർന്നിരിക്കേണ്ട ആവശ്യമുണ്ട്. മുസ്‌ലീംകൾക്ക് ഖുർആൻ മജീദ് പോലുള്ള ഗ്രന്ഥം കിട്ടി, പക്ഷേ എന്നിട്ടും അവരിൽ തെറ്റുകൾ ഉണ്ടായ കാരണത്താൽ അവരിൽ പ്രത്യേകമാക്കപ്പെട്ട രോഗങ്ങൾ ഉണ്ടാകേണ്ടത് നിർബന്ധമായിരുന്നു. ഇക്കാലത്ത് അവരുടെ മാർഗദർശനത്തിനായി നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരുപാട് തത്ത്വങ്ങൾ പറഞ്ഞുതന്നിരിക്കുന്നു. സ്വയം വ്യക്തമായ തഫ്സീർ ചെയ്ത് പറഞ്ഞുതന്നിട്ടുള്ളത് നമ്മൾ മുമ്പിൽ വെക്കേണ്ടതാണ്. അതനുസരിച്ച് വിശുദ്ധ ഖുർആനിലുള്ള പുതിയ പുതിയ ആശയങ്ങൾ അന്വേഷിക്കേണ്ടതാണ്. മറ്റു മുസ്‌ലീംകളെപ്പോലെ വെറും പുരാതന തഫ്സീറിനെ അളളിപിടിച്ചിരിക്കുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)വഴികാട്ടിയ ആ ആത്മജ്ഞാനങ്ങളും വഴികളും തുറക്കപ്പെടുകയില്ല. വിശുദ്ധ ഖുർആൻ ഒരു പരിപൂർണവും തികവുറ്റതുമായ ഗ്രന്ഥമാണ്. ഇതിൽ എല്ലാം ഉണ്ടെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, അത് വായിച്ച് ചിന്തിക്കുന്നവർക്കും അതനുസരിച്ച് പ്രവർത്തിക്കുന്നവർക്കും മാത്രമാണ് സന്മാർഗം ലഭിക്കുന്നത്. ഏതെങ്കിലും ഒരു കാര്യമെടുത്തിട്ട് സന്മാർഗം കിട്ടിയെന്നു പറഞ്ഞാൽ മാത്രം പോര. പ്രത്യുത എല്ലാ കാര്യങ്ങളുമനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. അതിൽനിന്ന് സാമൂഹികവും വ്യക്തിഗതവുമായ ദോഷങ്ങളേയും ഗുണങ്ങളേയും കുറിച്ച് അറിയാൻ കഴിയുന്നു. ഈ ഗ്രന്ഥത്തിൽ അല്ലാഹു അവസാനകാലത്ത് വരുന്നവരുടെ അധ്യാപനത്തിനും അവരുടെ ചിന്തകളെ വിശാലമാക്കുന്നതിനും വെളിച്ചംകാണിക്കുന്നതിനും വിശുദ്ധ ഖുർആനെ മനസ്സിലാക്കുന്നതിനുംവേണ്ടി തന്റെ ഒരു വരിഷ്ഠദാസനെ അയക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. പക്ഷേ, ചിന്തിക്കാത്തവരും ഉലമാക്കൾ എന്ന് പറയപ്പെട്ടിട്ടും ജാഹിലായിട്ടുള്ളവരും അല്ലാഹു അയച്ചയാളെ നിഷേധിക്കുന്നവരാണ്. ഇക്കാരണത്താൽ വിശുദ്ധ ഖുർആനിന്റെ വിശാലമായ അറിവുകൾ നിഷേധിക്കപ്പെട്ടവരാണ്. ഇവർ ഇസ്‌ലാമിന്റെ സവിശേഷഗുണങ്ങൾ കാണിക്കുന്നതിനുപകരം ജഹാലത്തിൽമുങ്ങി അതിനെ തെറ്റായി വ്യാഖ്യാനിച്ച് അതിന് ദുഷ്പേരുണ്ടാക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ മുസ്‌ലീംകളുടെ ഈ പ്രവൃത്തി നമ്മെ കേവലം ബാഹ്യമായനിലയിൽ മാത്രം തൃപ്തിപ്പെടുത്തുന്നവരാക്കാതെ കൂടുതലായി ഈ ഭാഗത്തേക്ക് ചിന്തിപ്പിക്കുന്നവരും ശ്രദ്ധചെലുത്തുന്നവരും ആക്കേണ്ടതാണ്. എന്നല്ല നമ്മൾ ഇസ്‌ലാമികാധ്യാപനങ്ങളുടെ ആത്മാവിനെ മനസ്സിലാക്കിക്കൊണ്ട് എല്ലാ ഓരോ തിന്മയേയും, അത് സാമൂഹികമായ തിന്മയായിത്തീരുന്നതിനു മുമ്പേ അകറ്റുന്നവരാകണം. എല്ലാ ഓരോ നന്മയേയും സാമൂഹികമായ നന്മയാക്കി ജമാഅത്ത് മുഴുവൻ അത് നടപ്പിൽ വരുത്തുന്നവരും നിർവഹിക്കുന്നവരുമാകണം. എപ്പോഴും അത്തരം അന്തരീക്ഷം നിലനിറുത്തുന്നവരാകണം. അതിനെ പിന്നീട് നമ്മുടെ സന്താനങ്ങളിലും കൈമാറുന്നവരാകണം. അതിൽനിന്ന് തിന്മ പരക്കരുത്. പ്രത്യുത ഗുണങ്ങളും നന്മകളും ഉണ്ടാകണം. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

വിവർത്തനം:
-മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ

# പ്രവാചകത്വ പരിസമാപ്തിയും യേശുവിന്റെ രണ്ടാം വരവും

മുഹമ്മദ് നബി (സ) യോടെ എല്ലാ വിധത്തിലുള്ള പ്രവാചകത്വവും അവസാനിച്ചു എന്ന് വാദിക്കുകയും എന്നാൽ പഴയ ഇസ്റയീൽ പ്രവാചകനായ ഈസാ നബി (അ) വീണ്ടും വരുമെന്നുമുള്ള മുസ്‌ലിം വിശ്വാസവും തമ്മിൽ പ്രകടമായ വൈരുദ്ധ്യമുണ്ട്. യുക്തി വിരുദ്ധവും പ്രമാണ വിരുദ്ധവുമായ ഈ സങ്കൽപ്പം മുസ്‌ലിംകൾ തിരുത്തേണ്ടതുണ്ട്.

ഹ്ദറത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഏതൊരു പ്രവാചകന്റെയും പരിപൂർണത അദ്ദേഹത്തിന്റെ സന്ദേശവും അതുപോലെ അദ്ദേഹത്തിന്റെ സ്ഥാനവുമായി ബന്ധപ്പെടുത്തി നിരീക്ഷിക്കാവുന്നതാണ്. ഒരു പ്രവാചകന് അദ്ദേഹത്തിന്റെ സന്ദേശത്തിലും അദ്ദേഹത്തിന്റെ സ്ഥാനത്തിലും പരിപൂർണനാകാവുന്നതാണ്. എന്നാലും അദ്ദേഹത്തിന്റെ പരിപൂർണതയെ ലംഘിക്കാതെ തന്നെ അദ്ദേഹത്തിന് ശേഷം മറ്റൊരു പ്രവാചകന് വരാവുന്നതുമാണ്. പ്രവാചകത്വത്തിന്റെ ഈയൊരു വശമാണ് നാം ഇപ്പോൾ സൂക്ഷ്മമായി പരിശോധിക്കാൻ പോവുന്നത്.

ഖുർആനിക നിയമങ്ങളുടെ പരിപൂർത്തീകരണത്തിലും, ആർക്കാണോ ഈ ഖുർആനിക നിയമം വെളിപ്പെട്ടത് ആ പ്രവാചകന്റെ പ്രവാചകത്വത്തിന്റെ പരിപൂർത്തീകരണത്തിലും മുസ്‌ലിംകളെല്ലാം ഏകകണ്ഠമായി വിശ്വസിക്കുന്നു. സമ്പൂർണ ജീവിത സംഹിതയായ ഖുർആൻ മനുഷ്യന്റെ യാതൊരു വിധ കൈകടത്തലുകളുമില്ലാതെ സംരക്ഷിക്കപ്പെടുമെന്ന് ഖുർആൻ തന്നെ പ്രഖ്യാപിക്കുന്നു. മുസ്‌ലിംകൾ വിശ്വസിക്കുകയും പ്രകടിപ്പിക്കുകയും ചെയ്യുന്നത് പോലെ ഈ അവകാശവാദം ശരിയാണെങ്കിൽ അത്തരം ഒരു ഗ്രന്ഥം ഇറക്കപ്പെട്ട പ്രവാചകൻ ന്യായമായും പ്രമാണവാഹകനായ പ്രവാചകനാണെന്ന് അംഗീകരിക്കപ്പെടണം. ഇത് വളരെ വ്യക്തമായും മനസ്സിലാക്കാവുന്ന കാര്യമാണ്. ഇത് മുസ്‌ലിം ലോകം പൂർണമായും അംഗീകരിക്കുന്നു. പക്ഷേ, അമുസ്‌ലിംകളുടെ വീക്ഷണകോണിൽ നിന്ന് നോക്കുമ്പോൾ എല്ലാ കാലത്തേക്കുമുള്ള ആവശ്യങ്ങൾ നിറവേറ്റാനും വരാനിരിക്കുന്ന കാലത്തെ മാറ്റങ്ങൾക്കനുസൃതമായ ആവശ്യങ്ങളെ പരിഗണിക്കാനും എങ്ങനെ ഒരു ഗ്രന്ഥത്തിന് കഴിയും എന്ന കാര്യം മനസ്സിലാക്കാൻ പ്രയാസമാണ്. ഇതിനോടൊപ്പം ഖുർആൻ സാർവജനീനമായ ഒരു ഗ്രന്ഥമാണെന്ന അവകാശവാദം പ്രശ്നത്തെ പലമടങ്ങ് വർധിപ്പിക്കുകയാണ് ചെയ്യുക. ഒരു ദൈവിക ഗ്രന്ഥത്തിന് മനുഷ്യ സമൂഹത്തിന്റെയാകമാനം ഗോത്രീയവും പ്രാദേശികവുമായ എല്ലാ പ്രശ്നങ്ങളേയും തൃപ്തികരമായി എങ്ങനെ വിശദീകരിച്ചു കൊടുക്കാൻ സാധിക്കും? ഇവിടെ യൂറോപ്യൻമാർ, അമേരിക്കക്കാർ, ആഫ്രിക്കക്കാർ, അറബികൾ, റഷ്യക്കാർ, ഇസ്രായീല്യർ കൂടാതെ നിരവധി ഏഷ്യൻ വംശജരുമുണ്ട്. അവർക്ക് ഗോത്രീയമായ വിവിധ പശ്ചാത്തലങ്ങളും പരമ്പരാഗതമായ സംസ്കാരങ്ങളുമുണ്ട്. അവരുടെ രാഷ്ട്രീയവും സാമൂഹികവുമായ പാരമ്പര്യങ്ങൾ വളരെയധികം വ്യത്യസ്തങ്ങളാണ്. ഒരു സാർവജനീനമായ മതജീവിത സംഹിതക്ക് അവരെയെല്ലാവരെയും തുല്യനീതിയോടെ എങ്ങനെയാണ് തൃപ്തരാക്കാൻ കഴിയുക?

ഈ രണ്ട് ചോദ്യങ്ങളേയും അഭിമുഖീകരിച്ചു കൊണ്ട് ഖുർആൻ പറയുന്നത് അതിന്റെ എല്ലാ അധ്യാപനങ്ങളും മനുഷ്യ വംശത്തിന് പൊതുവെയുള്ള മാനസിക നിലയുടെ അടിസ്ഥാനത്തിലുള്ളതാണ് എന്നാണ്. അത് സമയത്തിനനുസരിച്ച് മാറുന്നതല്ല. മനുഷ്യന്റെ മാനസിക പ്രകൃതിക്ക് കൃത്യമായും യോജിച്ച നിലയിലുള്ള അധ്യാപനം ഒരിക്കലും മാറ്റത്തിന് വിധേയമല്ല. ഈ തത്വമാണ് ഖുർആൻ സൂചിപ്പിക്കുന്നത്.

*'അതിനാൽ ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മത(സേവന)ത്തിനായി തിരിച്ചു നിറുത്തുക. ദൈവം ഏതൊരു പ്രകൃതിയിൽ മനുഷ്യനെ സൃഷ്ടിച്ചുവോ ആ പ്രകൃ*

*തി(കൈക്കൊള്ളുക). അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷേ, മനുഷ്യരിൽ അധികമാളുകളും യാഥാർഥ്യം അറിയുന്നില്ല'(30:31)*

തീർച്ചയായും ദൈവം സൃഷ്ടിച്ച പ്രകൃതി ഒരിക്കലും മാറ്റാൻ സാധ്യമല്ല. മനുഷ്യന്റെ പ്രകൃതി സാർവത്രികമായി ചരിത്രാതീതകാലം മുതൽ മാറ്റമില്ലാതെ നിലനിൽക്കുന്നുവെന്ന് നിരീശ്വരവാദികൾവരെ സമ്മതിക്കുന്നതാണ്. മാറ്റമില്ലാത്ത ഈ പ്രകൃതിക്ക് അനുസൃതമായിക്കൊണ്ട് നിലനിൽക്കുന്ന ന്യായപ്രമാണപുസ്തകം സ്വയംതന്നെ മനുഷ്യന്റെ ഇടപെടൽ മൂലം മാറുകയും ചെയ്യുന്നു. ഖുർആൻ ഈ അപകടത്തെ സംബന്ധിച്ച് ജാഗ്രതപ്പെടുത്തിക്കൊണ്ട് ഇതൊരു സുരക്ഷിത ഗ്രന്ഥമാണെന്ന് പ്രഖ്യാപിക്കുന്നു

***'സത്യമായും ഈ പ്രബോധന ഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം അതിനെ സംരക്ഷിക്കുകയും ചെയ്യും'(15:10)***

ചരിത്രം ഈ അവകാശവാദം ശരിയാണെന്ന് തെളിയിക്കേണ്ടതുണ്ട്. ആയതിനാൽ ഈ ഗ്രന്ഥം ഇറക്കപ്പെട്ട പ്രവാചകൻ അവസാനത്തെ ന്യായപ്രമാണ വാഹകനായ പ്രവാചകനാണെന്ന് അംഗീകരിക്കേണ്ടതുമുണ്ട്. ഈ അവകാശവാദത്തിൽ യാതൊരു യുക്തിവിരുദ്ധതയുമില്ല. എന്നാൽ ന്യായ പ്രമാണവാഹകരല്ലാത്ത പ്രവാചകൻമാർക്കും, വരാൻ പാടില്ല എന്ന് പറയുമ്പോൾ പരിപൂർത്തീകരണത്തിന്റെ ഈ വിധി പ്രസ്താവം യുക്തിപരമായ യാതൊരു നീതികരണവുമില്ലാതെ അതിലംഘിക്കപ്പെടുകയാണ്. അവർ തങ്ങളുടെ കേവലമായ പരിപൂർത്തീകരണത്തിന്റെ അവകാശവാദം പുറപ്പെടുവിച്ചതിന് ശേഷം അത് തകർക്കാൻ വേണ്ടിയുള്ള ശ്രമത്തിൽ ഏർപ്പെടുന്നു. അവരുടെ സർവവലയിതമായ പരിസമാപ്തിയുടെ നിയമത്തിന് ഈ നിമിഷം മുതൽ വിള്ളൽ സംഭവിക്കുകയാണ്.

ഉത്തരമില്ലാത്ത ഈ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ, അതൊരു പൊടിക്കൈയാണെന്ന് പറഞ്ഞ് അവർ അതിനെ തള്ളിക്കളയും. ഉത്തരം മുട്ടലിന്റെ യാതൊരു പ്രശ്നവുമില്ലെന്ന് പറയുകയും ചെയ്യുന്നു.

മുഹമ്മദ് നബി(സ)ക്ക് ശേഷമുള്ള ഈ സാനബി (അ) യുടെ പുനരാഗമനം മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ പരിസമാപ്തിയുമായി യാതൊരു വിധ വൈരുദ്ധ്യങ്ങളുമുണ്ടാക്കുകയില്ല എന്ന് അവർ വാദിക്കുന്നു. അവർ ഉന്നയിക്കുന്ന വാദമുഖങ്ങൾ ഇവയൊക്കെയാണ്.

മുഹമ്മദ് നബി(സ)ക്ക് മുമ്പേയുള്ള പ്രവാചകൻമാരുടെ കൂട്ടത്തിൽ നിന്നാണ് ഈസാ (അ)ന്റെ പുനരാഗമനമുണ്ടാവുന്നത്. അതുകൊണ്ട് മുഹമ്മദ് നബി(സ)യുടെ പരിസമാപ്തി ഒരിക്കലും ലംഘിക്കപ്പെടുകയില്ല. മുഹമ്മദ് നബി(സ) യുടെ അവതരണത്തിന് ശേഷം ഒരു പ്രവാചകൻ വരുകയാണെങ്കിൽ മാത്രമാണ് അത് ലംഘിക്കപ്പെടുക. അങ്ങനെ വരുന്ന പ്രവാചകൻ പുതിയ നിയമം കൊണ്ടു വന്നില്ലെങ്കിൽ പോലും മുഹമ്മദ് നബി(സ) യുടെ ഉമ്മത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടാൽ അത് പരിസമാപ്തിയുടെ ലംഘനമായിരിക്കും.

യേശു (അ)വിന്റെ പ്രവാചകത്വം ഒരിക്കൽ നൽകപ്പെട്ടതാണ് അത് ഇസ്‌ലാമിന് മുമ്പ് അദ്ദേഹം വന്നപ്പോൾ ലഭിച്ചതാണ്.

മാത്രമല്ല, തന്റെ രണ്ടാം വരവിൽ യേശു(അ) റസൂൽ തിരുമേനി(സ) യുടെ കീഴിലായിരിക്കും. സ്വതന്ത്രനായിരിക്കില്ല.

അതായത് ഈസാ (അ) പഴയ പ്രവാചകനായതു കൊണ്ടും, റസൂൽ തിരുമേനി(സ)ക്ക് കീഴെ ആയതുകൊണ്ടും പ്രവാചകത്വ സമാപ്തിയുടെ മുദ്ര പൊട്ടിക്കാൻ അദ്ദേഹത്തിന് സാധ്യമല്ല. അവരുടെ പ്രവാചകത്വ സമാപ്തിയുടെ സങ്കൽപം അർഥമാക്കുന്നത് പുതിയ പ്രവാചകനു വരാൻ പാടില്ല പഴയ പ്രവാചകൻമാർക്ക് രണ്ടാമതും വരാം എന്നാണ്. എന്നാൽ ഇത് ശുദ്ധമായ അസംബന്ധമാണ്. സർവജ്ഞാനിയായ ദൈവം ആർക്ക് അനുകൂലമായാണോ ഇനിയൊരു പ്രവാചകൻ വരാതിരിക്കത്തക്ക വണ്ണം കേവലമായ പ്രവാചകത്വ സമാപ്തിയുടെ വിധി പാസ്സാക്കുന്നത് അങ്ങനെയാണെങ്കിൽ തന്നെ അദ്ദേഹത്തിന് ശേഷം മറ്റൊരു പ്രവാചകൻ തീർച്ചയായും ആവശ്യമുണ്ടെന്ന കാര്യം ദൈവത്തിന് അറിയാമായിരുന്നില്ലേ? പഴയതോ പുതിയതോ എന്ന ചോദ്യം ഇവിടെ അപ്രസക്തമാണ്. പ്രശ്നത്തിന്റെ കാതലായ വശം ആവശ്യത്തിന്റേതാണ്.

അവസാനത്തെ പ്രവാചകൻ വന്നതിന് ശേഷം മറ്റൊരു പ്രവാചകന്റെ ആവശ്യം, സ്വാഭാവികമായും അവസാനത്തെ പ്രവാചകൻ എന്ന സങ്കൽപവുമായി പരസ്പര വൈരുദ്ധ്യമുളവാക്കുന്ന ഒരു വിശ്വാസമാണ്. ഉത്തരമില്ലാത്ത ഈ പ്രഹേളികയെ അഭിമുഖീകരിക്കുമ്പോൾ ഒരു പുതിയ പ്രവാചകന്റെ ആവിർഭാവത്തിന്റെ ആവശ്യം ഉണ്ടാവുന്നത് അവസാനത്തെ പ്രവാചകൻ വന്നുപോയതിന് ശേഷം മാത്രമാണ് എന്ന വാദം ഉന്നയിച്ചു കൊണ്ട് ഈ വിഷയത്തിൽ നിന്നും ഉലമാക്കൾ എപ്പോഴും ഒഴിഞ്ഞു മാറുകയാണ് ചെയ്യാറ്. പുതിയ പ്രവാചകത്വത്തിന്റെ ആവശ്യം പഴയ പ്രവാചകനെ കൊണ്ട് നിറവേറ്റപ്പെട്ടിട്ടും ഇനിയൊരു പ്രവാചകനും വരാൻ പാടില്ല എന്ന മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ പരിസമാപ്തിയുടെ കേവലത്വത്തിന് യാതൊരു കോട്ടവും തട്ടുന്നില്ല. പക്ഷേ ഏതൊരാൾക്കും തന്നെ സുതാര്യമായ ഈ വാദത്തിലെ വഞ്ചന കാണാവുന്നതാണ്. പഴയതോ പുതിയതോ എന്ന വ്യത്യാസം ഈ വിഷയത്തിൽ ആശയക്കുഴപ്പമുണ്ടാക്കാനുള്ള ബാലിശമായ ഒരു ശ്രമമാണ്. നസ്രേത്തുകാരനായ ഈസാനബി (അ) രണ്ടാമതും പ്രത്യക്ഷനായി മുഹമ്മദ് നബി (സ)യുടെ മേധാവിത്വത്തിനു കീഴടങ്ങിയാലും ഈസാ നബി അഥവാ യേശു മുഹമ്മദ് നബി(സ)ക്ക് ശേഷമുള്ള പ്രവാചകനാണ്. കടന്നു കഴിഞ്ഞ ജനതയിൽ നിന്നും പഴയ ഒരു പ്രവാചകനെ കടം വാങ്ങിക്കൊണ്ട് പുതിയ ഒരു ആവ

ശ്യത്തെനിറവേറ്റുന്നത് പുതിയ അതേ ആവശ്യം നിറവേറ്റാൻ പുതിയ ഒരു പ്രവാചകനെ ഇസ്‌ലാമിന്റെ ജനതയിൽ നിന്നു തന്നെ എഴുന്നേൽപ്പിക്കുന്നതിനേക്കാൾ മോശമാണ്. പഴയ പ്രവാചകൻ പ്രവാചകത്വ സമാപ്തിയുടെ തത്ത്വം ലംഘിക്കുന്നില്ലെങ്കിൽ പിന്നീട് വരുന്ന പുതിയ പ്രവാചകനും അത് ലംഘിക്കുന്നതല്ല.

**അൽ ഇമാം മഹ്ദി: മാർഗദർശനം ചെയ്യപ്പെട്ട നേതാവ്**

ഈസാ (അ) ന്റെ പുനരാഗമന വിഷയത്തിൽ നിന്നും വ്യതിചലിക്കാൻ ഒരുപക്ഷേ നാം ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്നു. അൽ ഇമാം അൽ മഹ്ദിയുടെ സ്ഥാനത്തെ പറ്റി നിരീക്ഷിക്കാൻ വേണ്ടി അൽപസമയത്തേക്ക് മാത്രമാണ് ഈ അനുവാദം.

റസൂൽ തിരുമേനി(സ)യുടെ പ്രവചന പ്രകാരം അവസാനകാലത്ത് ആവിർഭവിക്കുമെന്ന് പ്രവചിക്കപ്പെട്ട ആൾ യേശു(അ) മാത്രമല്ല. **'സൻമാർഗ ദർശനം ചെയ്യപ്പെട്ടയാൾ'** എന്ന് അർഥമുള്ള അൽ മഹ്ദി എന്ന സ്ഥാനപ്പേരോടു കൂടിയ മറ്റൊരു ദൈവിക പരിഷ്കർത്താവിനെക്കുറിച്ച് ആവർത്തിച്ചുകൊണ്ടുള്ള പരാമർശം റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിൽ കാണാം. മിക്ക ഹദീസുകളിലും ഈസ(യേശു)യും മഹ്ദിയും മാർഗദർശനം ചെയ്യപ്പെട്ട ആൾ വ്യത്യസ്ത വ്യക്തികളായിട്ടാണ് കാണപ്പെടുന്നത്. പക്ഷേ സുപ്രധാനമായ ഒരു ഹദീസ് (പ്രവാചക വചനം) ഒഴികെ ആറ് പ്രമാണിക ഹദീസു ഗ്രന്ഥങ്ങളിൽ പെട്ട ഇബ്നുമാജയുടെ ഹദീസ് സമാഹാരത്തിലാണ് രണ്ട് വാഗ്ദത്ത പരിഷ്ക്കർത്താക്കളും ഒരു വ്യക്തിയാണ് എന്ന ശക്തമായ ഒരു പ്രവാചക വചനമുള്ളത്. അവ ഒരു വ്യക്തിയുടെ രണ്ട് സ്ഥാനങ്ങൾ മാത്രമാണെന്നാണ് ആ ഹദീസ് പറയുന്നത്. ഹദീസിലെ ശരിയായ വചനം ഇപ്രകാരമാണ്

**' ഈസ (യേശു) യല്ലാതെ മഹ്ദിയില്ല.'(ഇബ്നു മാജ)**

ഇത് അർഥമാക്കുന്നത് വാഗ്ദത്ത മഹ്ദിയെ തന്നെ ഈസ (അ)യായും പറയപ്പെട്ടിരിക്കുന്നു എന്നാണ്. അതായത് മിക്ക ഹദീസുകൾ പ്രകാരവും അൽ മഹ്ദി ഈ ഉമ്മത്തിലാണ് വരിക. അപ്പോൾ ഈസാ (അ) ആകാശത്ത് നിന്നും അവരോഹിതനാവുന്ന ആളാണെങ്കിൽ അതെങ്ങനെ സാധ്യമാകും? അൽ മഹ്ദി വഹിക്കുന്ന ഒരു സ്ഥാനപ്പേരാണ് യേശു(അ) അഥവാ ഈസാ എന്നത്. എങ്കിൽ മാത്രമേ ഇത് സാധ്യമാവൂ. അല്ലാതെ വേറെ ഒരു യേശു(അ) ആകാശത്ത് നിന്ന് ഇറങ്ങി വരുകയില്ല. ഈസാനബി(അ)ക്ക് പകരമായി അദ്ദേഹത്തിന്റെ കർത്തവ്യം ഇമാം മഹ്ദി നിർവഹിക്കും. അതിനെ തുടർന്ന് പ്രവാചകനായ ഈസാ (അ) ആലങ്കാരികമായി ജനിക്കുകയും അൽ ഇമാം അൽ മഹ്ദി ഇസ്‌ലാമിനകത്ത് നിന്നു വരികയും ചെയ്യും. ഇത് അൽ മഹ്ദിയുടെ യഥാർഥ സ്ഥാനം എന്താണെന്ന് നിർണയിക്കുന്നതിലേക്ക് നമ്മെ നയിക്കുന്നു. നാം ഇപ്പോൾ വരച്ച് കാട്ടുന്നത് പോലെ അദ്ദേഹത്തിന്റെ സ്ഥാനം ന്യായപ്രമാണ വാഹകനല്ലാത്ത, വിധേയനായ പ്രവാചകന്റേതായിരിക്കും. മുഖ്യധാരാ ഉലമാക്കൻമാർ അൽ മഹ്ദിയെ അങ്ങനെ വിശേഷിപ്പിക്കാറില്ല. ഈസാനബി (അ)യുടെ വിഷയത്തിൽ നേരത്തെ പരാമർശിച്ച കാരണത്താൽ അദ്ദേഹം ഒരു പ്രവാചകനാണെന്ന് വളരെ സ്വതന്ത്രമായി അവർ പരാമർശിക്കുന്നു. പക്ഷേ അൽ മഹ്ദിയുടെ കാര്യത്തിൽ അവർക്ക് അങ്ങനെ ചെയ്യാൻ സാധ്യമല്ല. കാരണം പ്രവാചകനാണെന്ന് അദ്ദേഹത്തെ അംഗീകരിക്കുകയാണെങ്കിൽ അവരുടെ പരിസമാപ്തി സിദ്ധാന്തവുമായി അത് വ്യക്തമായും ഏറ്റുമുട്ടും.

മഹ്ദിയുമായി ബന്ധപ്പെട്ട അവരുടെ തന്ത്രങ്ങൾ തികച്ചും വിഭിന്നങ്ങളാണ്. അവരെ സംബന്ധിച്ചിടത്തോളം ഇമാം മഹ്ദി കിരീടം വെക്കാത്ത പ്രവാചകനാണ്. പ്രവാചകന്റെ എല്ലാ ഗുണങ്ങളും അവർ അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. പ്രവാചകൻ എന്ന സ്ഥാനപ്പേരൊഴികെ. അത് ഒരു മനുഷ്യനെ മനുഷ്യനാണെന്ന് പറയാതെ മറ്റെന്തെങ്കിലും നാമങ്ങൾ പറഞ്ഞ് വിശേഷിപ്പിക്കുന്നത് പോലെയാണ്. അതൊന്നും അയാളെ മനുഷ്യനിൽ കുറഞ്ഞ ഒന്നും ആക്കിത്തീർക്കുന്നുമില്ല. ഇമാം മഹ്ദിയെ അദ്ദേഹത്തിന്റെ ഗുണങ്ങളിലൂടെയാണ് തിരിച്ചറിയേണ്ടതെന്ന് ഉലമാക്കൻമാർ മനസ്സിലാക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനം ഒരു പ്രവാചകന്റേതായിരിക്കുന്നത് വരെ ഒരു പ്രവാചകനാണെന്ന അദ്ദേഹത്തിന്റെ സ്ഥാനം നിഷേധിക്കാവുന്നതല്ല. പ്രവാചകന് അനുയോജ്യമായ ഗുണങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയിൽ സമ്മേളിക്കുകയാണെങ്കിൽ അദ്ദേഹത്തെ എന്ത് സ്ഥാനപേരുകളിൽ നിങ്ങൾ വിളിച്ചാലും അദ്ദേഹം എപ്പോഴും ഒരു പ്രവാചകനായിരിക്കും. അദ്ദേഹത്തെ നേരിട്ട് ദൈവം നിയോഗിച്ചിരിക്കെ അദ്ദേഹത്തെ നിഷേധിക്കുന്നത് ദൈവത്തെ നിഷേധിക്കുന്നതിന് തുല്യമായിരിക്കും. അൽ മഹ്ദിയെ ആരെങ്കിലും റസൂൽ തിരുമേനി(സ)ക്ക് വിധേയനായ പ്രവാചകനാണെന്ന് വിശ്വസിക്കാൻ കൂട്ടാക്കാതിരിക്കുകയാണെങ്കിൽ അയാൾ യഥാർഥ വിശ്വാസിയായി പരിഗണിക്കുന്നതല്ല. യഥാസ്ഥിതിക മുസ്‌ലിംകൾ സമ്മതിക്കുന്നത് പോലെ ഇമാം മഹ്ദിയിൽ വിശ്വസിക്കുക എന്നത് എല്ലാ മുസ്‌ലിംകളുടേയും ബാദ്ധ്യതയാണ്. ഒരു പ്രവാചകന് മാത്രം ലഭ്യമാകുന്ന വിശേഷാധികാരങ്ങളുള്ള അൽ മഹ്ദി പ്രവാചകനിൽ കുറഞ്ഞ ഒന്നുമല്ല. അൽ മഹ്ദി അദ്ദേഹം അലങ്കരിക്കുന്ന പദവിയിൽ നിന്നും പ്രവാചകത്വം എടുത്തുമാറ്റാൻ ആർക്കും അവകാശമില്ല. അവരുടെ വിശ്വാസത്തിലെ ഈ പൊരുത്തക്കേട് ഒരു വിധത്തിലും ചെറുതല്ലാത്തതാണ്.

**പ്രമാണമില്ലാത്ത പ്രവാചകനും വെളിപാടും**

ഇസ്‌ലാമിൽ മനുഷ്യന് നൽകപ്പെടുന്ന ഏറ്റവും സമുന്നത സ്ഥാനമാണ് ഒരു പ്രവാചകന്റേത്. ഒരു പ്രവാചകൻ എന്നാൽ വെറും പ്രവചനം നടത്തുന്ന ആൾ മാത്രമല്ല. അദ്ദേഹം ദൈവത്തിൽ നിന്നും ഒരു

പ്രത്യേക ദൗത്യത്തോടെ നിയോഗിക്കപ്പെട്ട ആളാണ്. എല്ലാ പരിഷ്ക്കർത്താക്കളും പ്രവാചകനാകണമെന്നില്ല. എന്നാൽ എല്ലാ പ്രവാചകൻമാരും പരിഷ്ക്കർത്താക്കളാണ്. വെളിപാടുകളാണ് ഒരു പ്രവാചകനെ സൃഷ്ടിക്കുന്നത്. പ്രവാചകനല്ലാത്തവർക്കും വെളിപാടുകളുണ്ടാകാം. അവർ ദൈവവുമായുള്ള ആശയവിനിമയം കൊണ്ട് അനുഗൃഹീതരുമാവാം.

വെളിപാടുകൾക്ക് വിവിധ അർഥധ്വനികളോടു കൂടിയ വിപുലമായ ഒരു പ്രവർത്തന മേഖലയാണുള്ളത്. സ്വപ്നം, ദർശനം, അന്തഃപ്രചോദനം ശാബ്ദികമായ അഭിമുഖീകരണം പോലും വെളിപാടിന്റെ ഗണത്തിൽപ്പെടുന്നു. അതൊന്നും തന്നെ മധ്യകാലഘട്ടത്തിലെ മിക്ക പണ്ഡിതന്മാരും നിഷേധിച്ചിട്ടില്ല. പ്രവാചകത്വം എന്ന സ്ഥാനത്തെ പറ്റിയാണ് വിവാദം. പ്രവാചകത്വവുമായി ബന്ധപ്പെട്ട വെളിപാടുകളുടെ പ്രത്യേക വശത്തെ കുറിച്ചാണ് ഇവിടെ പരിശോധിക്കുന്നത്.

മേൽകൊടുത്ത ചർച്ചയുടെ വെളിച്ചത്തിൽ ന്യായപ്രമാണ വാഹകരായ പ്രവാചകൻമാരുടെ തുടർച്ച നിന്നു പോയതിന് പിന്നിലെ യുക്തി ഒരാൾക്ക് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. ന്യായപ്രമാണ വാഹകരല്ലാത്ത പ്രവാചകന്മാരുടെ തുടർച്ചയും നിന്നു പോകുന്നു എന്ന പ്രശ്നം വിശദമായി പരിശോധിക്കേണ്ടതുണ്ട്. എന്തുകൊണ്ടാണ് പൊടുന്നനെ ന്യായപ്രമാണ വാഹകരല്ലാത്ത പ്രവാചകൻമാരുടെ വരവും പെട്ടെന്ന് നിലച്ച് പോയത്?

ഒരു പുതിയ പ്രവാചകൻ വരുമ്പോൾ ഒരു പുതിയ നിയമം കൊണ്ടു വരണമെന്നില്ല എന്നത് സംശയത്തിന്റെ യാതൊരു നിഴലും അവശേഷിക്കാത്ത വിധം മതചരിത്രം തെളിയിക്കുന്നു. പ്രവാചകൻമാരിൽ ഉൾപ്പെട്ട ഇസ്ഹാഖ് (അ), യഅ്ഖൂബ് (അ), യൂസുഫ് (അ), ലൂത്ത് (അ) എന്നിവർ ന്യായപ്രമാണവാഹകരല്ലാത്ത പ്രവാചകൻമാരാണ്.എന്നിരുന്നാലുംദൈവികമായി നിയോഗിതരായ ആത്മീയ നേതാക്കൻമാർ എന്ന ബഹുമതിയോടെ അവർ അതിനു മുമ്പ് വന്ന പ്രവാചകൻമാരുടെ ദൗത്യത്തിൽ പങ്കുള്ളവരാണ്.

## പാവപ്പെട്ടവന്റെ പാരിതോഷികവും റസൂൽ തിരുമേനി(സ)യുടെ പെരുമാറ്റവും

ഒരു ദിവസം ഒരു പാവപ്പെട്ട മനുഷ്യൻ റസൂൽ തിരുമേനി (സ) ക്ക് ഒരു കുല മുന്തിരി സമ്മാനമായി കൊണ്ട് വന്നു. ആ സമ്മാനം നൽകാൻ അദ്ദേഹം അത്യധികം ആഗ്രഹിച്ചിരുന്നു. മുന്തിരിക്കുല വിനയ പൂർവം റസൂൽ(സ) തിരുമേനിക്കരികെ വെച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു. ' ഓ അല്ലാഹുവിന്റെ ദൂതരെ എന്റെ ഈ എളിയ സമ്മാനം സ്വീകരിക്കുക.' ഈ ചെറിയ പാരിതോഷികത്തിൽ കവിഞ്ഞ ഒരു സമ്മാനം റസൂൽ തിരുമേനി(സ)ക്ക് നൽകാൻ അദ്ദേഹത്തിന്ന് കഴിയുമായിരുന്നില്ല. ആ കൊച്ചു സമ്മാനം അവിടുന്ന് സ്വീകരിച്ചപ്പോൾ ആ പാവപ്പെട്ട മനുഷ്യന്റെ മുഖം സന്തോഷത്താൽ തിളങ്ങി. അദ്ദേഹം റസൂൽ തിരുമേനി(സ) യെ അത്രമാത്രം അഗാധമായി സ്നേഹിച്ചിരുന്നു. റസൂൽ തിരുമേനി (സ) അദ്ദേഹത്തോട് അതീവ ഹൃദ്യമായി നന്ദി പറഞ്ഞു. പ്രതീക്ഷാനിർഭരമായി അദ്ദേഹം പ്രവാചകന്റെ തിരുമുഖം നോക്കിയിരിപ്പായി. അവിടുന്ന് സാവകാശം മുന്തിരി ഓരോന്നോരോന്നായി എടുത്ത് കഴിച്ചുകൊണ്ടിരുന്നു. മുന്തിരി മുഴുവനും അവിടുന്ന് ഒറ്റക്ക് തന്നെ സ്വയം തിന്നു തീർത്തു. അവിടെ കൂടിയിരുന്ന ആർക്കും റസൂൽ തിരുമേനി(സ) മുന്തിരി നൽകിയില്ല. മുന്തിരി കൊണ്ടു വന്ന ആ ദരിദ്രനായ മനുഷ്യൻ നിറഞ്ഞ സന്തോഷത്തോടെ റസൂൽ തിരുമേനി (സ) യുടെ സന്നിധിയിൽ നിന്ന് പോയി.

അവിടെ കൂടിയിരുന്ന അനുചരന്മാർ പതിവിന് വിപരീതമായ റസൂൽ തിരുമേനി(സ) ഇപ്രകാരമുള്ള പെരുമാറ്റത്തിൽ അത്ഭുതപ്പെട്ടു. സാധാരണ ഗതിയിൽ റസൂൽ തിരുമേനി(സ)ക്ക് എന്ത് സമ്മാനം ലഭിച്ചാലും അത് തനിക്ക് ചുറ്റുമുള്ളവരുമായി പങ്കുവെക്കു മായിരുന്നു. സമ്മാനം നൽകിയ ആളോടുള്ള ബഹുമാനാർഥം അതിൽ നിന്ന് ആദ്യമായി ഒന്ന് സ്വയം കഴിച്ച് ബാക്കി മറ്റുള്ളവർക്ക് വിതരണം ചെയ്യുകയായിരുന്നു റസൂൽ തിരുമേനി (സ) യുടെ ശീലം. പക്ഷേ ഇപ്പോൾ മുന്തിരി മുഴുവൻ അവിടുന്ന് മറ്റാർക്കും നൽകാതെ ഒറ്റക്ക് കഴിച്ചിരിക്കുന്നു.!!

സാധാരണയിൽ നിന്നും ഭിന്നമായ റസൂൽ തിരുമേനി(സ)യുടെ ഈ പെരുമാറ്റം കണ്ട് ചുറ്റും കൂടിയവരിൽ നിന്നും അങ്ങേയറ്റം വിനയത്തോടെ ഒരു അനുചരൻ ചോദിച്ചു.' അല്ലയോ അല്ലാഹുവിന്റെ ദൂതരെ, എന്തു കൊണ്ട് ചുറ്റും കൂടിയിരുന്നവർക്ക് നൽകാതെ സമ്മാനമായി കിട്ടിയ ആ മുന്തിരിക്കുല മുഴുവനും അങ്ങ് ഒറ്റക്ക് കഴിച്ചു?' !!

റസൂൽ തിരുമേനി (സ) മറുപടി പറഞ്ഞു: ' ആ മുന്തിരിക്കുല മുഴുവനും ഞാൻ തിന്നു തീർത്തത് അത് പുളിയുള്ളതായത് കൊണ്ടാണ്. ഞാൻ നിങ്ങൾക്ക് ആ പുളിക്കുന്ന മുന്തിരി നൽകുകയാണെങ്കിൽ അതിന്റെ അരുചിയാൽ നിങ്ങൾ മുഖം ചുളിക്കുമായിരുന്നു. അത് പാവപ്പെട്ട ആ മനുഷ്യന്റെ മനസ്സ് വേദനിപ്പിക്കുമെന്ന് ഞാൻ കരുതി. അത്കൊണ്ടാണ് ഞാൻ ഒറ്റക്ക് തന്നെ പുഞ്ചിരിച്ച്കൊണ്ട് ആ മുന്തിരി മുഴുവനും തിന്നു തീർത്ത് അദ്ദേഹത്തെ സന്തോഷിപ്പിച്ചത്. ആ പാവത്തിന്റെ ഹൃദയ വികാരത്തെ വ്രണപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചില്ല.'

# ഭിന്നിച്ചു നിൽക്കുന്ന മുസ്‌ലിം കക്ഷികളും
## അൽ ജമാഅത്തായി നിൽക്കുന്ന അഹ്മദികളും

നിങ്ങളെല്ലാം ഒത്തു ചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തു തന്ന അനുഗ്രഹം സ്മരിക്കുക. (ഖുർആൻ 3:104)

മുഹമ്മദ് ഉമർ എച്ച്. എ

മനുഷ്യൻ സാമൂഹ്യ ജീവിയാണ്. വ്യക്തിയുടെ നിലനിൽപ്പിനാധാരം സാമൂഹ്യവ്യവസ്ഥയാണ്. സമൂഹ പരിപ്രേക്ഷ്യത്തിൽ മാത്രമാണ് മനുഷ്യന് വ്യക്തിത്വമുണ്ടാകുന്നത്. മനുഷ്യന്റെ സാമൂഹികവും അദ്ധ്യാത്മികവുമായ ജീവിതത്തിനും പുരോഗതിക്കും പ്രകൃതിയോടിണങ്ങി ചേർന്ന മഹോന്നതമായൊരു സാമൂഹിക സംഘടന വ്യവസ്ഥ അതായത് ജമാഅത്ത് വ്യവസ്ഥ ഇസ്‌ലാം നിർദേശിക്കുന്നു. സ്തൂപാകൃതിയിലുള്ള നേതൃത്വ ഘടനയിൽ ഒരു പരമോന്നത നേതാവുള്ള അൽ ജമാഅത്താണ് അഥവാ ഖിലാഫത്ത് വ്യവസ്ഥയാണ് ഇസ്‌ലാമിലെ സമഗ്രമായ സാമൂഹിക വ്യവസ്ഥയുടെ സംഘടനാ രൂപം.

ഇസ്‌ലാമിൽ നിർബന്ധമാക്കപ്പെട്ട മിക്ക ആരാധനാ വ്യവസ്ഥകളും സമ്പ്രദായങ്ങളും സാമൂഹിക രൂപമുള്ളതാണ്. ഇസ്‌ലാമിലെ അതിശക്തമായ സാമൂഹ്യ ബോധമാണ് ഇത് കാണിക്കുന്നത്.

അൽ ജമാഅത്ത് അഥവാ ഖിലാഫത്ത് വ്യവസ്ഥ ഛിദ്രമാക്കപ്പെട്ടു പോകുമെന്നും മുസ്‌ലിം ഉമ്മത്തിന്റെ സംഘടിത ജീവിതത്തിന് ശൈഥില്യം വന്ന് വിഭാഗീയ വിഘടന പ്രവണതയുടെ അടിസ്ഥാനത്തിലുള്ള കക്ഷികൾ (ഫിർഖകൾ) ആയിത്തീരുമെന്നും അതിൽ ഒരു വിഭാഗം മാത്രം അൽ ജമാഅത്തായി നിലകൊള്ളുമെന്നും മുഹമ്മദ് നബി(സ) പ്രവചിച്ചിട്ടുണ്ട്. ഒന്നാം ലോക യുദ്ധത്തിന് ശേഷം ഉമ്മത്തിൽ അവശേഷിച്ച ജീർണമായ ഖിലാഫത്ത് വ്യവസ്ഥയും മുസ്‌ലിംകൾക്ക് നഷ്ടമായി. ഖിലാഫത്തിന്റെയും ജമാഅത്തിന്റെയും അഭാവത്തിലുള്ള വിഭ്രാന്തിയിൽ നിന്നാണ് മറ്റു ഭൗതിക സംഘടനകളെ അനുകരിച്ചു കൊണ്ട് വിഭാഗീയ പ്രവണതയോടു കൂടിയ നിരവധി മുസ്‌ലിം കക്ഷികൾ ഉടലെടുത്തത്. ഇന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തൊഴികെ അൽജമാഅത്തിന്റെ പൂർണമായ അടയാളമുള്ള മറ്റൊരു മുസ്‌ലിം വിഭാഗവും ഭൂമുഖത്തില്ല.

ഇസ്‌ലാമിന്റെ ഒഴിച്ചു കൂടാനാകാത്ത അവിഭാജ്യഘടകം എന്ന് മുഹമ്മദ് നബി (സ) അരുളിയ അൽ ജമാഅത്ത് ഏതാണെന്ന് ഇസ്‌ലാമിക ജീവിതം നയിക്കാനാഗ്രഹിക്കുന്ന ഓരോ മുസ്‌ലിമും മനസ്സിലാക്കേണ്ടതുണ്ട്. നബി (സ) ശുപാർശ ചെയ്ത 'അൽ ജമാഅത്തും' താക്കീത് നൽകിയ'ഫിർഖയും'ഏതാണെന്ന് നമുക്ക് പരിശോധിക്കാം.

**'ഫിർഖ' 'അൽ ജമാഅത്ത്' അർഥവും വിവക്ഷയും**

അറബി ഭാഷയിൽ'ഫറഖ്' 'ഫിർഖ' 'തഫർറുഖ' 'ഇഫ്തിറാഖ്' എന്നീ വാക്കുകൾ വിഭാഗീയതയേയും ഭിന്നതയേയും കുറിക്കുന്നതിനായിട്ടാണ് പ്രയുക്തമായിട്ടുള്ളതെങ്കിൽ 'ജംഅ്' 'ജുമുഅ'

'ജമാഅത്ത്' 'ഇജ്തിമാഅ്' എന്നിവ കൂട്ടായ്മ, ഏകോപനം, സമ്മേളനം എന്നീ അർഥങ്ങൾക്കായിട്ടാണ് പ്രയോഗിക്കുക. ഇത് സംബന്ധമായ ധാരാളം ആയത്തുകൾ വിശുദ്ധ ഖുർആനിൽ നിറഞ്ഞു നിൽക്കുന്നു.

ഹദ്റത്ത് റസൂൽ കരീം (സ) തന്റെ ഉമ്മത്തിൽ വരാനിരിക്കുന്ന ഭിന്നതകളെയും അന്ത ഛിദ്രങ്ങളെയും കുറിച്ച് സൂചിപ്പിച്ചു കൊണ്ട് തഫർറുഖ് എന്ന വാക്കും ആ

കാലത്ത് പ്രത്യക്ഷമാകുന്ന മഹ്ദീ മസിഹിനാൽ സംജാതമാവുന്ന ജമാഅത്തിന് ജമാഅത്തുൽ മുസ്‌ലിമീൻ എന്ന വാക്കുമാണ് ഉപയോഗിച്ചിരിക്കുന്നത്.

ബുഖാരി കിതാബുൽ ഫിതനിൽ ഹദ്റത്ത് ഹുദൈഫ ബിൻ അൽ യമാനി രിവായത്ത് ചെയ്യുന്നു. ഞാൻ റസൂലുല്ലാഹി(സ)യോട് ചോദിച്ചു. 'യാ, റസൂലുല്ലാഹ്! ഞങ്ങൾ അജ്ഞതയിലും തിന്മയിലുമായിരുന്നപ്പോൾ അല്ലാഹു ഞങ്ങൾക്ക് അനുഗ്രഹം (നന്മ) തന്നു. ഈ നന്മക്ക് ശേഷം വല്ല തിന്മയും വരുമോ?' തിരുമേനി(സ) 'അതേ' എന്ന് പ്രതിവചിച്ചു. അപ്പോൾ ഞാൻ 'ആ തിന്മക്ക് ശേഷം വീണ്ടും നന്മയുണ്ടാകുമോ' എന്ന് ചോദിച്ചു. 'അതേ, അതിൽ ധൂമ പടലങ്ങളുണ്ടാവും' എന്ന് മറുപടി പറഞ്ഞു. 'എന്താണാ ധൂമ പടലങ്ങൾ?' എന്ന എന്റെ ചോദ്യത്തിന് ഇപ്രകാരം പ്രതിവചിച്ചു. 'അവർ(അക്കാലത്തുള്ള എന്റെ ഉമ്മത്തിൽപെട്ടവർ) എന്റെ മാർഗ നിർദേശത്തിന് എതിരായി ചരിക്കുന്നവരായിരിക്കും. അവരുടെ ചില കാര്യങ്ങൾ നിനക്ക് നന്നായിട്ടും ചിലത് മോശമായിട്ടും തോന്നും. അപ്പോൾ ഞാൻ 'ഈ ഖൈറിന് ശേഷം വല്ല ശർറും ഉണ്ടാകുമോ?' എന്ന് ചോദിച്ചതിന്, അതേ, അവരിൽ ചിലർ നരകത്തിന്റെ വാതിലുകളിലേക്ക് ക്ഷണിക്കുന്ന വരായിട്ടുണ്ടാകും. അവരുടെ ക്ഷണത്തെ സ്വീകരിക്കുന്നവരെ അവർ നരകത്തിലേക്ക് തള്ളിവിടും' എന്ന് മറുപടി പറഞ്ഞു. 'അവരുടെ സ്ഥിതി ഞങ്ങൾക്ക് വിവരിച്ചു തരിക' എന്ന് ഞാൻ അപേക്ഷിച്ചതിന് ഇപ്രകാരം മറുപടി പറഞ്ഞു: 'അവർ നമ്മുടെ തന്നെ സമുദായത്തിൽപെട്ടവരായിരിക്കും. അവർ നമ്മുടെ ഭാഷയിൽ സംസാരിക്കുന്നവരായിരിക്കും.' അപ്പോൾ ഞാൻ 'ആ കാലം വന്നു പെടുകയാണെങ്കിൽ ഞങ്ങൾക്കുള്ള അങ്ങയുടെ കൽപ്പനയെന്തെന്ന് ചോദിച്ചു.' നീ യഥാർഥ മുസ്‌ലിംകളുടെ ജമാഅത്തുമായും അവരുടെ ഇമാമുമായും ബന്ധപ്പെടുക എന്നു മറുപടി പറഞ്ഞു: 'അപ്പോൾ ആ ജമാഅത്തും ഇമാമും ഇല്ലെങ്കിലോ എന്ന് ഞാൻ ചോദിച്ചതിന്, നീ എല്ലാ ഫിർഖകളിൽ നിന്നും അകന്ന് നിൽക്കുക. നിനക്ക് കാടുകളിൽ ചെന്ന് മരത്തിന്റെ തോൽ ചവച്ചിറക്കി ജീവിച്ച് ആ അവസ്ഥയിൽ തന്നെ മരിക്കേണ്ടി വന്നാലും ശരി' എന്നു മറുപടി പറഞ്ഞു. (ബുഖാരി, കിതാബുൽ ഫിത്തൻ) ഇവിടെ 'ജമാഅത്തുൽ മുസ്‌ലിമീന വ ഇമാമഹും' നീ മുസ്‌ലിംകളുടെ ജമാഅത്തുമായും അതിന്റെ ഇമാമുമായും ബന്ധപ്പെടുക എന്നാണ് വന്നിരിക്കുന്നത്. എന്നാൽ പ്രസ്തുത ജമാഅത്തിൽ നിന്ന് വിട്ടു നിൽക്കുന്നവരെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളത് 'ഫഅ്തസിൽ തിൽക്കൽ ഫിറഖ കുല്ലഹാ' എല്ലാ ഫിർഖകളിൽ നിന്നും (ഇവിടെ എല്ലാ ജമാഅത്തിൽ നിന്നും എന്ന വാക്കല്ല ഉപയോഗിച്ചിരിക്കുന്നത്) വിട്ടു നിൽക്കുക എന്നാണ്.

ജമാഅത്തിന്റെ നിർവചനമായി റസൂൽ തിരുമേനി (സ) അരുൾ ചെയ്തിരിക്കുന്നത് 'ലൈസൽ ജമാഅത്ത് ഇല്ലാബി ഇമാമിൻ' ഒരു ഇമാം (ആത്മീയ നേതാവ്) ഇല്ലാതെ ഒരു ജമാഅത്തും ഇല്ല എന്നാണ്. ആ ഇമാം ദൈവ നിയുക്തനായ ആളായിരിക്കണം. അതിനെ ക്കുറിച്ച് റസൂലുല്ലാഹി(സ) അരുളി ചെയ്യുന്നു. 'കാലത്തിന്റെ ഇമാമിനെ സ്വീകരിക്കാതെ മരണപ്പെടുന്ന ആൾ ജാഹിലിയ്യത്തിന്റെ മരണമാണ് വരിക്കുന്നത്' (മുസ്നദ് അഹ്മദ്, തിർമിദി)

കക്ഷി പ്രളയം കണ്ട് സംഭീതരാവുന്നവരോട് മേൽ വിവരിച്ച ഹദീസുകളിൽ നിന്നും മനസ്സിലാവുന്നത് മുസ്‌ലിം സമുദായം ഫിർഖ ഫിർഖകളായും അവാന്തര വിഭാഗങ്ങളായും ചിന്നിച്ചിതറുമ്പോൾ ആ കാലത്തവതരിക്കുന്ന ഇമാമിനെ സ്വീകരിച്ച് അദ്ദേഹത്തിന്റെ ജമാഅത്തുമായി ബന്ധപ്പെടേണ്ടതാണെന്നാണ്.

മറ്റൊരിടത്ത് ഹദ്റത്ത് റസൂൽ തിരുമേനി(സ) അരുൾ ചെയ്യുന്നു:

ബനീഇസ്രായീൽ 72 കക്ഷികളായി (ഇവിടെ തഫർറഖത്ത് എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്) എല്ലാ ഫിർഖകളും നരകത്തിൽ പതിക്കുന്നതാണ്, ഒരു മില്ലത്ത് ഒഴികെ (ഇവിടെ ഫിർഖ എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല). അതാരാണെന്ന് സഹാബാക്കൾ ചോദിച്ചപ്പോൾ ഏത വസ്ഥയിലും പാന്ഥാവിലും ആണ് ഞാനും എന്റെ സഹാബാക്കളും ഉള്ളത് ആ അവസ്ഥയിലുള്ളവർ ആയിരിക്കും എന്നും പ്രതിവചിച്ചു. മറ്റൊരുരിവായത്തിൽ 'വഹിയൽ ജമാഅ: അതൊരു ജമാഅത്ത് ആയിരിക്കും എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

അതായത് മുസ്‌ലിംകൾ 73-ഓളം കക്ഷികളും പ്രതികക്ഷികളും ആയി ഛിന്നഭിന്നമായ അവസ്ഥ നേരിടേണ്ടിവരുമ്പോൾ ദൈവനിയുക്തനായ ഒരു ഇമാമിന്റെ കീഴിൽ സുസംഘടിതമായ ഒരു ജമാഅത്തായിരിക്കും തങ്ങളെ നരകപാതയിൽ നിന്ന് സംരക്ഷിച്ച് മോക്ഷ പ്രാപ്തരാക്കുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നു. ഇതിന് മുമ്പ് ചിന്തിക്കാനുള്ളത് ഇന്നത്തെ മുസ്‌ലിം സമുദായം ഒരു ആഗോള ഇമാമിന്റെ കീഴിൽ സംഘടിതരായി നില കൊള്ളുന്നുവോ ഇല്ലയോ എന്നാണ്.

ഇത് സംബന്ധിച്ച് മുസ്‌ലിംകളുടെ തന്നെ നേതാക്കന്മാരുടേയും പണ്ഡിതന്മാരുടേയും അഭിപ്രായം എന്താണെന്ന് നോക്കാം.

മൗലാനാ അബുൽ അഅ്‌ലാ മൗദൂദി പറയുന്നു:

'ജനങ്ങളുടെ ആധിക്യം ജമാഅത്ത് എന്ന പേരിനർഹമാകുന്നില്ല. അതേ പ്രകാരം ഏതെങ്കിലും ഒരു പ്രദേശത്തുള്ള മൗലവിമാരുടെ ഏകകണ്ഠമായ അഭിപ്രായം ഇജ്മാഅ് ആകുന്നില്ല. ഇതിനെ റസൂൽ(സ) തിരുമേനി (സ) യുടെ ഒരു ഹദീസ് അനുകൂലിക്കുന്നു: ഹദ്റത്ത് അബ്ദുല്ലാഹിബ്നൂ ഉമർ രിവായത്ത് ചെയ്യുന്നു:

ഇസ്റയേൽ സന്തതികൾ 72 കക്ഷികളായി വിഭജിക്കപ്പെടുകയുണ്ടായി. എന്റെ ഉമ്മത്ത് 73 കക്ഷികളായി വിഭജിക്കപ്പെടുന്നതാണ്. അവയിലൊന്നൊഴികെ ബാക്കിയെല്ലാം നരകത്തിൽ പതിക്കുന്ന

താണ്. അപ്പോൾ സഹാബാക്കൾ ആ കക്ഷി ഏതാണെന്ന് ചോദിച്ചു. എന്റെയും സഹാബാക്കളുടെയും ചര്യയിൽ ചരിക്കുന്നവരായിരിക്കും അവരെന്ന് റസൂൽ തിരുമേനി(സ) പ്രതിവചിച്ചു.

ഈ ഒരു കക്ഷി ഭൂരിപക്ഷീയരല്ല. അവർ തങ്ങളുടെ ഭൂരിപക്ഷത്തെ തങ്ങളുടെ സത്യതക്കുള്ള തെളിവായി കാണിക്കുന്നതുമല്ല. മറിച്ച് അവർ ഈ ഉമ്മത്തിലെ 73 വിഭാഗങ്ങളിൽ ഒന്നായിരിക്കും. ഈ ജന സാന്ദ്രതയുള്ള ലോകത്ത് അതിന്റെ അവസ്ഥ ഒരു പ്രസക്തി യുമില്ലാത്ത ജനങ്ങളുടെ തായിരിക്കും. അതായത് അവർ ഒരു അപ്രസക്ത ജനതയായിരിക്കും. ഇസ്‌ലാം ദാരിദ്യത്തിലാണുടലെടുത്തത്. അപ്രകാരം ദാരിദ്ര്യത്തിലേക്ക് തന്നെ അത് തിരിച്ചു ചെല്ലുന്നതായിരിക്കും എന്ന നബി വചനം ഇവിടെ ശ്രദ്ധേയമാണ്.

ചുരുക്കത്തിൽ ഏതെങ്കിലും ഒരു ജമാഅത്ത് തങ്ങളുടെ ഭൂരിപക്ഷാധികൃത്തിൽ അഭിമാനം കൊണ്ട് ദൈവത്തിന്റെ സഹായ ഹസ്തം ഉള്ള ജമാഅത്താണ് തങ്ങളുടേതെന്ന് വാദിക്കുന്നുവെങ്കിൽ അവർക്ക് പ്രസ്തുത ഹദീസിൽ ഒരു വിധത്തിലുള്ള ആശാകിരണവും ഇല്ല തന്നെ' (തർജുമാനുൽ ഖുർആൻ, ജനുവരി, ഫെബ്രുവരി ലക്കം 1945)

അതായത് ഇന്നത്തെ മുസ്‌ലിംകൾ ജനസംഖ്യയിൽ ഭൂരിപക്ഷമാണെങ്കിലും അവരിൽ അനുസരണ ബദ്ധരായ ഒരാഗോള നേതാവില്ലാത്തതുകൊണ്ട് അവർ അൽജമാഅത്തായിതീരുന്നില്ല എന്ന് മൗദൂദി സാഹിബ് സമ്മതിക്കുന്നു.

**യഹൂദ സാദൃശ്യം**

പാകിസ്താനിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'നിദായെ ഖിലാഫത്ത് ' എന്ന മാസിക അതിന്റെ 1996 ജൂൺ 10-ാം തീയതിയിലെ ലക്കത്തിലെഴുതുന്നു: ' നമ്മുടെ സ്ഥിതി റസൂൽ തിരുമേനി (സ) 1400 വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചതിനനുയോജ്യമായി തീർന്നിരിക്കുന്നു. ആ പ്രവചനം ഇതാണ്. സുനൻ അബീ ദാവൂദിൽ ഹദ്റത്ത് റസൂൽ തിരുമേനി (സ) അരുൾ ചെയ്തതായി ഹദ്റത്ത് ഥൗബാൻ (റ)രിവായത്ത് ചെയ്യുന്നു. 'ആഹാരം കഴിച്ചു കൊണ്ടിരിക്കുന്നവർ ഭക്ഷണത്തളികയിലേക്ക് മറ്റുള്ളവരെ ക്ഷണിച്ചു കൊണ്ടിരിക്കുന്നത് പോലെ ഇതര സമുദായങ്ങൾ നിങ്ങൾക്കെതിരായി പരസ്പരം ക്ഷണിച്ചു കൊണ്ടിരിക്കുന്നതാണ്. ' അപ്പോൾ സഹാബാക്കൾ 'യാ റസൂലുല്ലാഹ്, തദവസരത്തിൽ ഞങ്ങൾ ന്യൂനപക്ഷമായിരിക്കുന്നത് കൊണ്ടാണോ ഇങ്ങനെ സംഭവിക്കുക?' എന്നു ചോദിച്ചു. അപ്പോൾ തിരുമേനി (സ) പറഞ്ഞു. 'അല്ല ആ നാളിൽ നിങ്ങൾ ഭൂരിപക്ഷമായിരിക്കും. എന്നാൽ നിങ്ങളുടെ അവസ്ഥ മലവെള്ള പ്രവാഹത്തിൽ പ്പെട്ട ചണ്ടികൾ പോലെയായിരിക്കും. നിങ്ങളുടെ ശത്രുക്കളുടെ ഹൃദയങ്ങളിൽ നിന്ന് അല്ലാഹു നിങ്ങളെക്കുറിച്ചുള്ള ഭയവും ഭീതിയും എടുത്തുകളയു ന്നതാണ്. അല്ലാഹു ദൗർബല്യവും ഭീരുത്വവും ഇടുന്നതാണ്.' ഈ ദൗർ ബല്യവും ഭീരുത്വവും എന്താണെന്ന് സഹാബാക്കൾ ചോദിച്ചപ്പോൾ ലോകത്തോടുള്ള സ്നേഹവും മരണത്തോടുള്ള വെറുപ്പും എന്ന് തിരുമേനി പ്രതിവചിക്കുകയുണ്ടായി.' (മിശ്കാത്ത്, തിർമിദി)

പ്രസ്തുത ഹദീസുദ്ധരിച്ചു കൊണ്ട് നിദായെ ഖിലാഫത്ത് തുടർന്നെഴുതുന്നു:

'സൂക്ഷ്മമായ യാഥാർഥ്യങ്ങളടങ്ങിയ കയ്പ്പേറിയ സംഭവങ്ങൾ നമ്മുടെ മുമ്പാകെയുണ്ട് ഇപ്പോൾ ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ അവർ പശ്ചാത്യ നാടുകളിലോ പൗരസ്ത്യ നാടുകളിലോ വസിക്കുന്നവരാകട്ടെ കഠിനമായ ആപത്തുകളിലും വേദനകളിലും പെട്ട് വലയുകയാണ്. പൗരസ്ത്യദേശമായ ഇന്ത്യയിലോ പാശ്ചാത്യദേശമായ ബോസ്നിയയിലോ ആകട്ടെ അഫ്ഘാനിസ്താനിലോ താജികിസ്താനിലോ ആകട്ടെ സ്ഫോടനാത്മകമായ ഒരവസ്ഥയാണ് സംജാതമായിരിക്കുന്നത്. പല മുസ്‌ലിം നാടുകളിലും വിശുദ്ധ ഖുർആനിലെ സൂറത്തുന്നഹൽ 112-ാം വാക്യത്തിൽ വിവരിച്ചത് പോലെ പട്ടിണിയുടേയും ഭയപ്പാടിന്റേയും വസ്ത്രമണിഞ്ഞിരിക്കുകയാണ് പാശ്ചാത്യ നാടുകളിൽ മുസ്‌ലിം സമുദായം അപമാനത്തിനും അവഹേളനത്തിനും പാത്രമായിരിക്കുന്നു. അവിടെയുള്ള പത്ര മാസികകളിൽ മുസ്‌ലിം രാഷ്ട്രങ്ങൾ പരിഹാസ പാത്രങ്ങളാണ്. ചുരുക്കത്തിൽ മുസ്‌ലിം സമുദായത്തിന്റെ അന്തസ്സിന്റെയും ഗൗരവത്തിന്റെയും ജനാസ എടുക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ വചനങ്ങൾ അവരുടെ മേൽ അപമാനവും ദൈന്യതയും അടിച്ചേൽപ്പിച്ചിരിക്കുകയാണ്. അവർ അല്ലാഹുവിന്റെ ക്രോധത്തിന് പാത്രീഭൂതരായിരിക്കുന്നു. ഇക്കാലത്ത് നാം നാമമാത്ര മുസ്‌ലിംകളാണോ? അതല്ല യഹൂദികളാണോ. (നിദായെ ഖിലാഫത്ത്)

ഭിന്നത ഗ്രസിച്ച യഹൂദിസമുദായം 72 കക്ഷികളായി പിരിഞ്ഞു എന്ന് റസൂൽ തിരുമേനി(സ) നമ്മെ ഉണർത്തുകയുണ്ടായി. ആ യഹൂദികളെപറ്റി ഖുർആൻ പറഞ്ഞത് അവരുടെ മേൽ ഹീനത്വവും ദൈന്യതയും മുദ്രിതമാവുകയും അവർ അല്ലാഹുവിന്റെ ക്രോധത്തിന് പാത്രമാവുകയും ചെയ്തു എന്നാണ്. പ്രസ്തുത ഉദ്ധരണി അവസാനിക്കുന്നതും അത്തരം ഒരു വിലാപത്തോടെയാണ് എന്നത് ശ്രദ്ധേയമാണ്.

**മോചനം വാഗ്ദത്ത മസീഹിലൂടെ**

ഭൂരിപക്ഷ മുസ്‌ലിംകൾ ഹദ്റത്ത് റസൂൽ കരീം തിരുമേനി (സ) യുടെ തന്നെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ യഹൂദി നസാറാക്കളെ പോലെ ആയിത്തീർന്നപ്പോൾ അല്ലാഹു ഒരു വ്യക്തിയെ വാഗ്ദത്ത മഹ്ദിയും മസീഹും കാലത്തിന്റെ ഇമാമും ആയി അയക്കുകയുണ്ടായി. അദ്ദേഹം, ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ഇപ്രകാരം പ്രഖ്യാപിച്ചു.

ഞാനിപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താലും ഔദാര്യത്താലും ഈ കാലത്തിന്റെ ഇമാമായി ആഗതനായിരിക്കുന്നുവെന്ന് നിർഭയം പ്രഖ്യാപിക്കുകയാണ്. അല്ലാഹു എന്നിൽ കാലത്തിന്റെ ഇമാമിന്

വേണ്ട എല്ലാ അടയാളങ്ങളും ഉപാധികളും പൂർത്തിയാക്കിയിരിക്കുന്നു. അങ്ങനെ അവൻ എന്നെ ഈ നൂറ്റാണ്ടിന്റെ തലക്കൽ നിയുക്തനാക്കി. ഇസ്ലാമിക വിശ്വാസങ്ങളിൽ വൈരുദ്ധ്യങ്ങളും വൈരൂപ്യങ്ങളും നിറഞ്ഞു നിന്നിരുന്ന കാലത്താണ് ഞാൻ പ്രത്യക്ഷനായിരിക്കുന്നത്. ഇന്ന് കാണപ്പെടുന്ന എല്ലാ വിശ്വാസ വൈപരീത്യങ്ങളും അഭിപ്രായ ഭിന്നതകളും നീതിമാനായ ഒരു വിധികർത്താവിനെ (ഹക്കമൻ അദലൻ) ആവശ്യപ്പെടുന്നു. ഇത്തരം സങ്കീർണമായ സന്ദർഭത്തിലാണ് ഞാൻ ആഗതനായിരിക്കുന്നത് (സൂറുറുൽ ഇമാം)

അദ്ദേഹം തന്റെ അറബി കവിതയിൽ പറയുന്നു

ഫസിർത്തുലഹും ഈസാ ഈദാമാത ഹവ്വദൂ

ഫ ഹാദാ കഫാ മിന്നീ ലിഖൗമിൻ തഫക്കറൂ

അവർ യഹൂദികളെപോലെ ആയി തീർന്നപ്പോൾ ഞാൻ അവർക്ക് ഈസയായി വന്നു. ചിന്തിക്കുന്ന ജനങ്ങൾക്ക് എന്നിൽ നിന്ന് ഈ ഒരു കാര്യം മാത്രം മതിയാകുന്നു.

മുല്ല അലിയുൽ ഖാരി (റ) റസൂൽ തിരുമേനി(സ)യുടെ ഹദീസുകളുടെ സമുച്ചയമായ മിശ്ക്കാത്ത് എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാന ഗ്രന്ഥമായ മിർക്കാത്ത് ശറഹ് മിശ്ഖാത്തിൽ ഇപ്രകാരം പ്രവചിക്കുന്നു.

എഴുപത്തി രണ്ടു കൂട്ടരും നരകത്തിൽ പതിക്കുന്നവരായിരിക്കും മോക്ഷാർഹരായ ജമാഅത്ത് മുഹമ്മദി സുന്നത്തിൽ ചരിക്കുന്ന പരിശുദ്ധ അഹ്മദിയ്യാ ത്വരീഖത്തിൽ (പ്രസ്ഥാനത്തിൽ പെട്ടവരായിരിക്കും (മിർഖാത്ത് ശറഹ് മിശ്ഖാത്ത് വാ 1 ഭാഗം 204)

ചുരുക്കത്തിൽ ഇന്ന് മുസ്ലിം സമുദായത്തിൽ ഒരേയൊരു ആശാകേന്ദ്രമായിരിക്കുന്നത് ഇക്കാലത്ത് അവതീർണരായ വാഗ്ദത്ത മഹ്ദി മസീഹിനാൽ സംസ്ഥാപിതമായ അൽ ജമാഅത്ത് എന്നും ജമാഅത്തുൽ മുസ്ലിമൂൻ എന്നും വിശേഷിപ്പിക്കപ്പെട്ട അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഒന്ന് മാത്രമാണ്.

# ദിക്റെ ഇലാഹി

അഹ്മദ് കുട്ടി ഐ. കെ

ലോകൈക നാഥന്റെ മഹിമാ വിലാസങ്ങൾ
ഒരു നുള്ളു ഞാനൊന്നുയർത്തിടട്ടെ !
തേജസ്സ്വരൂപന്റെ സ്മരണ തൻ കാന്തിയാൽ
ഹൃത്തടം ശാന്തിയിൽ മുങ്ങിടട്ടെ!

ഗാംഭീര്യമാർന്നൊരു അഹദെന്ന നാമവും
ജാജ്വല്യമാനമാം സമദെന്ന നാമവും
ഏകത്വ ഭേരിതൻ ദീപ്ത പ്രകാശമായ്
റഹ്മാനിയത്തും വിളങ്ങിടുന്നു.

റഹ്മാനിയത്തിൻ നിദർശന മല്ലയോ
സൂര്യനും ചന്ദ്രനും താരകളും
സൃഷ്ടിപ്പും പാലന പ്രക്രിയയും റബ്ബേ
ജീവജാലങ്ങൾ കൃതാർഥരായി

മാലിക്കിയ്യത്തിന്റെ തീജ്വാലക്കുള്ളിലും
ഗൂഢമായ് കാണുന്നു കരുണക്കടൽ
തീക്കല്ലിന്നുള്ളിലെ അഗ്നി കിരീടം പോൽ
ഗുപ്തമല്ലോ സ്നേഹ വാത്സല്യങ്ങൾ

റബ്ബെന്ന നാമത്തെ അന്വർഥമാക്കുന്നു
കോടാനു കോടി അടയാളങ്ങൾ
തിട്ടപ്പെടുത്തുവാനാകില്ലൊരിക്കലും
പ്രേമസ്വരൂപന്റെ സദ് ഗുണങ്ങൾ

ആയിരമായിരം മാലാഖമാരൊത്തു
ഖാത്തമുൽ അംബിയ്യാ വന്നിറങ്ങി
ഘോരാന്ധകാരത്തെ കീറി മുറിച്ചതാ
വെള്ളി വെളിച്ചവും വന്നണഞ്ഞു.

കൽപ്പാന്തകാലത്തെ കാത്തിരിപ്പെങ്കിലും
ഭൂമിയും വാനവും പുളകിതരായ്
പാപത്തിൻ കരിനാഗം ദംശിച്ച ഹേതുവാൽ
മരണം വരിച്ചവർ പുനർ ജനിച്ചു.

ലോകൈക നാഥന്റെ തൃപ്തിയിൽ തീർത്തൊരു
ദീനിനെയാകെ ഉടച്ചു വാർക്കാൻ
ഏറ്റവും സ്തുതി ഗീതം തിരുദൂതർക്കേകിടാൻ
സാക്ഷിയായുള്ളൊരു മഹ്ദിയെത്തി

# ദൈവ വിധി

വിശ്വാസികളെ കുഴക്കുന്ന ഒരു പ്രശ്നമാണ് ദൈവവിധി. എല്ലാം മുൻകൂട്ടി ദൈവം നിശ്ചയിച്ച താണോ? മനുഷ്യന്റെ പ്രയത്നവും പ്രാർഥനയും വിധിയെ മാറ്റുമോ? ലേഖകൻ വിശദീകരിക്കുന്നു.

ഖാലിദ് ശഫീഉല്ലാഹ്

ദൈവവിധിക്കുള്ള അറബി പദം **'തക്ദീർ'** എന്നാണ്. ദൈവത്തിന്റെ വിധിയെ പറ്റി മനസ്സിലാക്കുക എന്നത് ബുദ്ധിമുട്ടുള്ളതും അമ്പരപ്പിക്കുന്നതുമായ ഒരു പ്രശ്നമാണ്. എങ്കിലും ദൈവവിധിയിലുള്ള വിശ്വാസം ഇസ്‌ലാമിലെ വിശ്വാസ കാര്യങ്ങളിൽപെട്ട ഒന്നാണ്. ദൈവ വിധി എല്ലാ മതങ്ങളുടെയും ചർച്ചാ വിഷയമാണ്. വിവിധ അഭിപ്രായങ്ങളും തത്ത്വശാസ്ത്രങ്ങളും ചിന്താ സരണികളും ദൈവവിധിയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്നിട്ടുണ്ട്. ദൈവം നീതിമാനും ന്യായ യുക്തനുമായിരിക്കെ എന്തുകൊണ്ടാണ് മനുഷ്യ ശിശു ശാരീരികവും മാനസികവും ആത്മീയവുമായി വ്യത്യസ്ത കഴിവുകളോടെ ജനിക്കുന്നത് എന്ന് ആളുകൾ ചോദിക്കുന്നു. ഈ ലോകത്ത് ധാരാളം കുറ്റ കൃത്യങ്ങളും ദുഃഖങ്ങളും പാപങ്ങളും നടക്കുന്നു. ഇതെല്ലാം ദൈവം മുൻകൂട്ടി വിധിച്ചതാണോ? അതല്ല മനുഷ്യന് കൊടുത്ത സ്വാതന്ത്ര്യം അവൻ ദുരുപയോഗപ്പെടുത്തുന്നത് നോക്കിനിൽക്കുകയും വിധിനാളിൽ കണക്ക് നോക്കാൻ വിട്ടിരിക്കയുമാണോ? കഠിനാദ്ധ്വാനവും പ്രാർഥനയും മുഖേന സംഭവഗതികൾ മാറ്റിത്തീർക്കാൻ സാധിക്കുമോ? ഇങ്ങനെ നിരവധി ചോദ്യങ്ങൾ വിധിവിശ്വാസ സംബന്ധമായി ഉയർന്നു വരുന്നു. ഈ ചോദ്യങ്ങൾക്കെല്ലാം വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിലും ഹദ്റത്ത് അഹ്മദി(അ)ന്റെയും രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ)ന്റെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും മറുപടി പറയാൻ ശ്രമിക്കാം.

### എന്തുകൊണ്ടാണ് ജന്മനായുള്ള വ്യത്യാസങ്ങൾ

ദൈവം നീതിമാനും ന്യായയുക്തിയോടെ പ്രവർത്തിക്കുന്നവനുമാണെന്ന സങ്കൽപ്പം അൽപ്പം വിശദമാക്കേണ്ടതാണ്. പക്ഷഭേദം, വിഭാഗീയത, നീതിരാഹിത്യം എന്നീ പദങ്ങളുടെ എതിർ വാക്കാണ് **'ന്യായയുക്തത'** എന്നത്. നാം യഥാർഥത്തിൽ സമ്പാദിച്ച അവകാശം ലഭിക്കലാണ് **'ന്യായയുക്തത'** എന്ന പദത്തിന്റെ അർഥം എന്ന തെറ്റായ മുൻധാരണയും ഈ പദത്തിനുണ്ട്. എന്നാൽ ദൈവത്തിന്റെ അടിസ്ഥാന പരമായ ഒരു ഗുണം റഹ്മാൻ (പരമ കാരുണികൻ) എന്നാണ്. അതായത് സൃഷ്ടികൾ യാതൊരു പ്രയത്നവും ചെയ്യാതെ തന്നെ അവർക്ക് ദൈവം നൽകുന്ന നിർലോപവും സമൃദ്ധവുമായ കാരുണ്യം എന്നാണ് ഇതിനർഥം. അതിന് പ്രതിഫലമായി ദൈവം ഒന്നും തന്നെകാംക്ഷിക്കുന്നില്ല. ജന്മനാ മനുഷ്യന് ലഭിക്കുന്ന ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകളും ആൺ പെൺ ലിംഗ ഭേദങ്ങളുമെല്ലാം ദൈവ ത്തിൽ നിന്നുള്ള സൗജന്യങ്ങളാണ്. അത് ഒരു അവകാശമാണെന്ന് വാദിക്കാൻ ആർക്കും സാദ്ധ്യമല്ല. ഇത് തന്നെ മൃഗങ്ങൾ, ഷഡ്പദങ്ങൾ, ബാക്ടീരിയ മുതലായവക്കും ബാധകമാണ്. ഇങ്ങനെ ദൈവത്തിന്റെ കാരുണ്യത്തെ പറ്റി മറ്റൊരു വിധത്തിൽ ചിന്തിക്കുന്നത് ദൈവത്തിന്റെ സൃഷ്ടികളിലെല്ലാം ചുറ്റപ്പെട്ടതും ചൂഴ്ന്ന് നിൽക്കുന്നതുമായ ദൈവ കാരുണ്യത്തിന്റെ നിഷേധമാണ്. ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: ***'മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പ്തന്നെ സൂര്യനേയും അവൻ ശ്വസിക്കുന്നതും അവന്റെ ശബ്ദത്തെ വഹിക്കുന്നതുമായ വായുവിനേയും ദൈവം സൃഷ്ടിച്ചത് മനുഷ്യൻ ചെയ്ത ഏതെങ്കിലും പ്രവർത്തിയുടെ ഫലമായിട്ടാണോ' (1) 'ഈ പ്രപഞ്ച വ്യവസ്ഥയിലേക്ക് ഒന്നു കണ്ണോടിച്ചു നോക്കൂ. അവിടെ സൂര്യനും ചന്ദ്രനുമുണ്ട്. ധാന്യവും വെള്ളവും വായുവും മാത്രമല്ല മനുഷ്യന്റെ രോഗങ്ങളെ ശമിപ്പിക്കുന്നതിനുള്ള നിരവധി ഔഷധ സസ്യങ്ങളും അവിടെയുണ്ട്. ആരുടെയെങ്കിലും സേവനത്തിനുള്ള പ്രതിഫലമായിട്ടാണ് ഇതെല്ലാം ലഭിക്കുന്നതെന്ന് ആർക്കെങ്കിലും പറയാൻ സാധിക്കുമോ? ചിന്താ ശീലർക്ക് ദൈവം പരമകാരുണികനാണെന്ന് കാണാൻ കഴിയും. ആകാശഭൂമികളിലുള്ള തിന്റെയും നമ്മുടെ ശരീരത്തിലുള്ള തിന്റെയുമെല്ലാം ഉറവിടം അവന്റെ റഹ്മാനിയത്തിൽ നിന്നാണ്. നാം നമ്മുടെ മാതാവിന്റെ ഗർഭപാത്ര ത്തിലായിരുന്നപ്പോൾ നമുക്ക് ലഭിച്ച അനുഗ്രഹങ്ങളെല്ലാം നമ്മുടെ പ്രവർത്തനം മൂലമാണോ? '(2)***

അതു കൊണ്ട് നാമെല്ലാം ദൈവത്തിന്റെ തിരുമുമ്പിൽ യാചകരാണ്.

ഒരു യാചകന് തനിക്ക് ലഭിച്ചത് കുറഞ്ഞെന്നോ മറ്റുള്ളവർക്ക് കൂടിപ്പോയെന്നോ ഉള്ള വാദങ്ങളുന്നയിക്കാനുള്ള അവകാശമില്ല. ദൈവത്തിന് ജനങ്ങളോട് പ്രതിക്രിയ ചെയ്യാനും പ്രതിഫലം നൽകാനും അവന്റേതായ വഴികളുണ്ട്. അത് ഈ ലോകത്ത് വെച്ചോ പരലോകത്ത് വെച്ചോ ആവാം. എല്ലാം അവന്റെ ഇഷ്ടം.

**തഖ്ദീറിന്റെ അർഥം**

ഖുർആനിൽ 25-ാം സൂറ 3-ാം വചനത്തിൽ തഖ്ദീർ എന്ന വാക്ക് പ്രത്യക്ഷപ്പെടുന്നു.

***'ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അവനുള്ളതത്രേ, അവൻ ഒരു സന്താനത്തേയും സ്വീകരിച്ചിട്ടില്ല. ആധിപത്യത്തിൽ അവന് ഒരു കൂട്ടുകാരനുമില്ല. അവൻ എല്ലാ വസ്തുക്കളേയും സൃഷ്ടിക്കുകയും എന്നിട്ട് അവയെ നല്ലവണ്ണം നിർണയം ചെയ്യുകയും ചെയ്തു (ഫക്കദ്ദറഹൂ തഖ്ദിറ) (അൽ ഫുർക്കാൻ)***

***'ഈ വചന പ്രകാരം ദൈവം ആകാശ ഭൂമികളുടെ സ്രഷ്ടാവാണ്. അതിനിടയിലുള്ളതിന്റെയെല്ലാം ചോദ്യം ചെയ്യപ്പെടാനാവാത്ത യജമാനനുമാണ്. അവന്റെ വചനങ്ങൾ വാസ്തവത്തിൽ പ്രകൃതി നിയമങ്ങളുമായി പരിപൂർണമായും പരസ്പര പൂരകമാണ്. അതുകൊണ്ട് അതിന്റെ സ്വീകരണവും തിരസ്ക്കാരവും വെളിപാട് നിയമങ്ങളുടേത് മാത്രമല്ല പ്രകൃതി നിയമങ്ങളുടെ സ്വീകാരവും തിരസ്കാരവുമാണ്.' (3)***

അതുകൊണ്ട് മതവും ശാസ്ത്രവുമായി യാതൊരു വൈരുദ്ധ്യങ്ങളുമില്ല. മനുഷ്യന് ഒരു ശരീരമുണ്ട്. അത് ഭൗതിക നിയമത്തിനും ആത്മീയ നിയമത്തിനും വിധേയമാണ്. രണ്ട് നിയമങ്ങളും അതതിന്റെ മേഖലയിൽ പ്രവർത്തന ക്ഷമമാണ്. ശരീരവും ആത്മാവും പ്രതിപ്രവർത്തിക്കുന്നതു പോലെ അവ രണ്ടും പരസ്പരം സ്വാധീനിക്കുകയും ചെയ്യുന്നു. മനുഷ്യപ്രവർത്തനങ്ങൾ ഭൗതിക നിയമത്തിന്റെ (പ്രകൃതി നിയമത്തിന്റെ) മേഖലയിൽ വ്യവഹരിക്കപ്പെടുന്നു. അതുപോലെ ദൈവ പ്രീതിക്കായി നാം നടത്തുന്ന പ്രാർഥനകളും ദാനധർമങ്ങളും മറ്റെല്ലാ സൽക്കർമങ്ങളും ദൈവത്തിന്റെ കാരുണ്യത്തെ ആകർഷിക്കുകയും ഒരു കർമത്തിന്റെ പൂർത്തീകരണത്തിന് സഹായകരമായി തീരുകയും ചെയ്യുന്നു. ഈ രണ്ട് നിയമങ്ങളും പരസ്പരം സ്വതന്ത്രമായി പ്രവർത്തിക്കുന്നു. സൽപ്രവർത്തികളും പ്രവർത്തനങ്ങളും ദൈവത്തിന്റെ കാരുണ്യത്തെ ആകർഷിക്കുകയും ഒരു കർമത്തിന്റെ പൂർത്തീകരണത്തിന് സഹായകര മാവുകയും ചെയ്യുന്നു. അതു പോലെ മനുഷ്യന്റെ പ്രയത്നവും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കുകയും ചെയ്യുന്നു. ഈ ദൈവം തന്നെ നിശ്ചയിച്ച പ്രകൃതിനിയമങ്ങൾക്ക് അനുപൂരകമാണ്. അതുകൊണ്ട് മനുഷ്യ പ്രയത്നങ്ങളും പ്രാർഥനപോലെ തന്നെ പ്രവർത്തന ക്ഷമമാകുന്നു. തഖ്ദീർ (ദൈവവിധി) എന്നാൽ അതിസങ്കീർണമായ ഈ നിയമങ്ങളുടെ പ്രവർത്തനത്തിന്റേയും പ്രതി പ്രവർത്തനങ്ങളുടെയും അന്തിമ ഫലം സൂചിപ്പിക്കുന്നു. അതായത് മനുഷ്യ പ്രയത്നത്തിന്റേയും പ്രാർഥനയുടെയും പ്രവർത്തനവും പ്രതിപ്രവർത്തനവു മാണ് (പദാർഥം ഊർജമായും ഊർജം പദാർഥമായും മാറുന്നതി നെ ഇതിനോടുപമിക്കാം.)

പദാർഥത്തിന്റെയും ആത്മാവിന്റെയും സ്രഷ്ടാവും നിയാമക

## Statement about ownership and other particulars about newspaper Sathyadoothan

(Form IV-See Rule-8)

1. Place of publication :Ernakulam
2. Periodicity of its publication :Monthly
3. Printer's Name :B.B. Ahmad Kabeer
   Nationality :Indian
   Address :Blayil, Karama Road,Elamakkara, P.O., Pin 682026
4. Publisher's Name :B.B. Ahmad Kabeer
   Nationality :Indian
   Address :Blayil, Karama Road,Elamakkara, P.O., Pin 682026
5. Editor's Name :A.M. Muhammad Salim
   Nationality : Indian
   Address : Darussalam, Near Zeena Plastic, pavangad, Calicut
6. Names and addresses of individuals who own the newspaper and partners or shareholders holding

   More than one per cent of the total capital.

I, B.B. Ahmad Kabeer, hereby declare that the particulars given above are true to the best of my

knowledge and belief.

Dated: 1. 03. 2015 S/d -Publisher

നും ദൈവമാകുമ്പോൾ മാത്രമേ ഈ നിയമം പ്രാവർത്തികമാവുകയുള്ളു. വാസ്തവത്തിൽ പ്രസ്തുത വചനത്തിലെ 'എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചു' എന്നത് ദൈവമാണ് പദാർഥത്തിന്റെയും ആത്മാവിന്റെയും സ്രഷ്ടാവ് എന്ന വസ്തുത വെളിപ്പെടുത്തുന്നു. പദാർഥവും ആത്മാവും സ്വയംഭൂവല്ല. ദൈവത്തോടൊപ്പം നിൽക്കുന്നതുമല്ല. ആത്മാക്കളുടെ ഭൂമിയിലെ പുനർജന്മം എന്ന സിദ്ധാന്തം അത് ആവിഷ്ക്കരിച്ചവരുടെ ഒരു മിഥ്യാ വിശ്വാസമാണ്. ആത്മാവ് സ്വയംഭുവും ദൈവത്തെപോലെ അനന്തവുമാണ് എന്നതാണ് അവരുടെ വാദം

എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചു അതിനെ നല്ലവണ്ണം നിർണയിക്കുകയും ചെയ്തു' എന്ന പരാമർശം എല്ലാ വസ്തുക്കളും അതിനനുവദിക്കപ്പെട്ട പരിധിയിൽ നിർണിതവും ക്രമികവും കൃത്യവുമായ പ്രവർത്തനങ്ങളിൽ മുടക്കം വരുത്താതെ ഏർപ്പെടുന്നു എന്നാണ് അർഥമാക്കുന്നത്. എല്ലാ വസ്തുക്കൾക്കും പരിമിതമായ ഒരു ശക്തിയും പ്രവർത്തിക്കാനുള്ള കഴിവുമുണ്ട്. അതിൽ നിന്ന് പുറകോട്ടു പോകാനോ അതിനെ അതിവർത്തിക്കാനോ സാധ്യമല്ല. ഈ പരിമിതികൾ പ്രപഞ്ചം മുഴുക്കേ നിറഞ്ഞു നിൽക്കുന്ന ഒരു നിയമത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതായത് അമിതമായ ശക്തിയുള്ളവനും സ്രഷ്ടാവും നിയാമകനുമായ ഒരുവനുണ്ടെന്നും വസ്തുക്കൾക്ക് പരിമിതമായ കഴിവ് നൽകിയത് അവനാണ് എന്നുമുള്ള വസ്തുതയിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്. (4)


ഈ നിയമത്തിന് കീഴിൽ ദൈവം എണ്ണമറ്റ കാര്യകാരണ പരമ്പരകൾ സംവിധാനിച്ചിരിക്കുന്നു. എല്ലാറ്റിന്നും ഒരു കാരണമുണ്ട്. ആ കാരണത്തിന് ഒരു കാര്യവും ആ കാര്യത്തിന് മറ്റൊരു കാരണവുമുണ്ടാകുന്നു. കാര്യകാരണ നിയമം മേൽ പറഞ്ഞ ആത്മീയവും ഭൗതികവുമായ ഒരു പ്രകടനമാണ്. പക്ഷേ കാര്യകാരണ പരമ്പരയുടെ അന്തിമ സ്രോതസ്സ് ദൈവമാണ്. തക്ദീർ അവനിൽ നിന്നുള്ളതാണ് എന്നതാണ് വാസ്തവം. എല്ലാ മനുഷ്യ പ്രവർത്തനങ്ങൾക്കും സമാന്തരമായി ദൈവ പ്രവർത്തവനവുമുണ്ട്

പ്രത്യക്ഷമോ പരോക്ഷമോ ആയ എല്ലാമനുഷ്യപ്രവർത്തനങ്ങളും ഒരു ഫലം ഉദ്പാദിപ്പിക്കുന്നു. ദൈവത്തിന്റെ നിയമത്തിന് കീഴിലാണ് അത് പ്രവർത്തിക്കുന്നത് എന്നത് കൊണ്ടാണ് അത് ദൈവത്തിന്റേതാണ് എന്ന് പറയുന്നത്. നാം അതിന്റെ ഉദാഹരണങ്ങൾ ഭൗതിക കാര്യങ്ങളിൽ കാണുന്നു. ഒരു രാജ്യത്തിന്റെ നിയമ സംവിധാനത്തിന് കീഴിൽ ഒരു നിയമ നടപടി നിർവഹിക്കുകയാണെങ്കിൽ അത് ആ രാജ്യത്തെ ഭരണത്തലവന്റെ പേരിലാണ് വ്യവഹരിക്കപ്പെടുക. ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: മനുഷ്യരിൽ നിന്ന് ഒരു കർമം ഉദ്ഭവിക്കുന്നുവെങ്കിൽ അതിന് അനുസൃതമായ രീതിയിലുള്ള ഫലം അല്ലാഹുവിൽ നിന്നും വെളിപ്പെടുന്നു. ഉദാഹരണത്തിന് നാം നമ്മുടെ മുറിയിലുള്ള വാതിലുകളെല്ലാം അടക്കുമ്പോൾ അത് നമ്മുടെ പ്രവർത്തിയാണ്. അതിന്റെ ഫലമായി നമ്മുടെ മുറിയിൽ ഇരുട്ടു പരക്കുന്നു എന്ന് നമ്മൾ പറയുന്നു. അതായത് നമ്മുടെ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ മുറിയിൽ ഇരുട്ടു പരക്കുന്നു എന്ന് നമ്മൾ പറയുന്നു. അതായത് നമ്മുടെ പ്രവർത്തനത്തിന്റെ ഫലം ദൈവം പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത് ദൈവത്തിന്റെ ശാശ്വത നിയമമാണ്. ഈ വിധത്തിൽ നാം മാരകമായ വിഷം കഴിക്കുകയാണെങ്കിൽ അത് തീർച്ചയായും നമ്മുടെ പ്രവർത്തിയാണ്. നമ്മുടെ ഈ പ്രവർത്തന ഫലമായി സംഭവിക്കുന്ന മരണം ദൈവത്തിന്റെ ശാശ്വതമായ നിയമത്തിന് അനുസൃതമായിട്ടുള്ളതാണ്. അപ്രകാരം നമ്മുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഒരു ദൈവിക പ്രതിപ്രവർത്തനമുണ്ടാകുന്നു. അതാണ് പ്രകടിതമാവുന്നത്. ആ ദൈവിക നിയമങ്ങൾ അതിനകത്ത് തന്നെ വിശുദ്ധമാണ്. നമ്മുടെ ചീത്തയും നല്ലതുമായ പ്ര വർത്തനങ്ങൾ ഒരു ഫലം സൃഷ്ടിക്കുന്നു. അത് നമ്മുടെ പ്രവർത്തനത്തെ തുടർന്നാണ് പ്രത്യക്ഷപ്പെടുന്നത്. ഈ ഖുർആൻ വചനത്തിന്റെ അർഥമിങ്ങനെയാണ് ***'അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവെച്ചിരിക്കുന്നു.'(2:8)*** അതായത് ഒരു മനുഷ്യൻ തിന്മ ചെയ്യുമ്പോൾ അതിന്റെ ഫലം അയാളുടെ ഹൃദയത്തിലും മുഖത്തും വെളിപ്പെടുന്നു.5

**പ്രയത്നവും പ്രാർഥനയും**
**ദൈവകാരുണ്യം ആകർഷിക്കുന്നു**

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'എല്ലാം തന്നെ ദൈവിക നിയമത്തിൽ നിർണിതമാണ് എന്ന് നാം ഓർക്കേണ്ടതാണ്. എന്നാൽ ഇത് ശാസ്ത്രത്തിനും യുക്തിജ്ഞാനത്തിനും പുറത്തുള്ള ഒന്നല്ല. അല്ലാഹുവിന്റെ കാരുണ്യത്താൽ ഒരോ രോഗിയിലും ഫലപ്രദമാവുന്ന ഉചിതമായ മരുന്നിന്റെ ഉപയോഗത്തെ പറ്റി എല്ലാവർക്കുമറിയാം. ഇതേരീതിയിൽ ദിവ്യജ്ഞാനം നൽകപ്പെട്ടവർക്ക് അവരുടെ അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാർഥനയും അതിന്റെ സ്വീകാര്യതയും തമ്മിൽ ഒരു ബന്ധമുണ്ട്. എന്നു പറയുന്നു. ലക്ഷക്കണക്കിന് സ്വാത്വികരായ ഭക്ത ജനങ്ങളാൽ വെളിപ്പെട്ട ഒരു സത്യമാണിത്. നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ട ഒരു സംഗതിയെന്തെന്നാൽ നമ്മുടെ പ്രാർഥനകൾക്ക് ഒരു ആകർഷണ ശക്തിയുണ്ട് എന്ന നിഗൂഢ യാഥാർഥ്യമാണത്. അത് ദൈവത്തിന്റെ മഹത്വത്തെയും കാരുണ്യത്തേയും ആകർഷിക്കുന്നു. എന്നാൽ നമ്മുക്കത് മറ്റുള്ളവർക്ക് താർക്കിക യുക്തിയുടെ വെളിച്ചത്തിൽ തെളിയിച്ചു കൊടുക്കാൻ സാധ്യമല്ല. പ്രാർഥനയും ദൈവിക വിധിയും തമ്മിൽ തൊട്ടുനിൽക്കുന്ന ഒന്നാണ്. അല്ലാഹു രണ്ടെണ്ണത്തിനും ഒരു നിശ്ചിത അവധിവെച്ചിട്ടുണ്ട്. അവന്റെ കാരുണ്യത്താൽ ഇങ്ങനെ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. നിങ്ങളെന്നെ വിളിക്കൂ ഞാൻ നിങ്ങളുടെ വിളിക്കുത്തരം നൽകാം. (വി. ഖുർആൻ) (5)

**ദൈവവിധിയിൽ നിന്ന് കുതറി മാറാൻ**



# നഫ്സെ ലവ്വാമ

മുഹമ്മദ് ബഷീർ, ഐരാപുരം

ഞാൻ;
മനസ്സ് വെട്ടിത്തെളിക്കട്ടെ
തമസ്സ് ആട്ടിയകറ്റട്ടെ
ഫണങ്ങൾ അടിച്ചൊതുക്കട്ടെ
ചുറ്റുമതിൽ അടച്ചുകെട്ടട്ടെ
ആത്മാവിന് തടമെടുത്തു വളമിടട്ടെ
തെളിനീരിൽ നിന്നൊരു ചാലുകീറട്ടെ
ഇനി;
വേരുറയ്ക്കും വരെ
കൊടുങ്കാറ്റടിക്കാതിരിക്കട്ടെ
മൂഷികനും ചിതലും
ഈ വഴി വരാതിരിക്കട്ടെ.
എങ്കിൽ,
ഞാനേവർക്കും
കുളിർ തണലേകും, മധുരഫലമേകും

**സാധ്യമല്ല**

മുൻകൂട്ടി നിശ്ചയിച്ച ദൈവിക നിയമങ്ങളുടെ പ്രവർത്തമാണ് ദൈവിക വിധി. (ആത്മീയമായും ഭൗതികമായും) നന്മയും തിന്മയുമായ പ്രവർത്തനങ്ങൾ, ഉദ്ദേശ്യം വിശ്വാസം എന്നിവയുടേയും ഫലവുമാണ് അത്. പശ്ചാത്താപത്തിൽ കൂടിയും തിന്മപ്രവർത്തിക്കാതെ അതിന് പകരം നന്മ പ്രവർത്തിച്ചുകൊണ്ടും മോശമായ നമ്മുടെ കർമഫലത്തിൽ നിന്ന് നമുക്ക് രക്ഷപ്പെടാവുന്നതാണ്. അല്ലാഹു പറയുന്നു:

***'അന്നാളിൽ ജനങ്ങൾ ചിതറിയ കൂട്ടങ്ങളായി പുറപ്പെട്ടുവരും . തങ്ങളുടെ കർമ(ഫല)ങ്ങൾ അവർക്ക് കാണിക്കപ്പെടുന്നതിന് വേണ്ടി. അപ്പോൾ വല്ലവനും നാം ഒരളവ് നന്മചെയ്യുന്നതായാൽ അതവന് കാണും. വല്ലവനും ഒരളവ് തിന്മ ചെയ്യുന്നതായാൽ അതും അവന് കാണും.' (99:7, 8)*** ഖുർആൻ പറയുന്നു:

***'എന്നാൽ പശ്ചാത്തപിച്ചു മടങ്ങുകയും വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവൻ ഇതിൽപ്പെടുകയില്ല. എന്തെന്നാൽ അല്ലാഹു അവരുടെ തിന്മകളെ നന്മകളായി മാറ്റി കൊടുക്കുന്നതാണ്. അല്ലാഹു സർവത്ര പൊറുക്കുന്നവനും കരുണാമയനുമാകുന്നു. വല്ലവനും പശ്ചാത്തപിച്ച് മടങ്ങുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നതായാൽ തീർച്ചയായും*** അവൻ യഥാർഥത്തിൽ അല്ലാഹുവിലേക്ക് പരിപൂർണനായി മടങ്ങുകയാണ് ചെയ്യുന്നത് ' (25:71,1)

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'ദൈവത്തിന്റെ വിധിനിയമങ്ങളുടെ പ്രവർത്തനങ്ങളിൽ നിന്നും നിർണയത്തിൽ നിന്നും ഉണ്ടാകുന്ന കാര്യങ്ങൾ മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല.' അദ്ദേഹം വീണ്ടും പറയുന്നു: 'മനുഷ്യൻ ദൈവവിധിക്ക് വിധേയനാണ്. മനുഷ്യന്റെ ആഗ്രഹങ്ങൾ ദൈവത്തിന്റെ ആഗ്രഹങ്ങളുമായി യോജിക്കുന്നില്ലെങ്കിൽ മനുഷ്യൻ എത്രതന്നെ പ്രയത്നങ്ങൾ നടത്തിയാലും അത് പ്രാവർത്തികമാവില്ല.' ദൈവത്തിന്റെ ഇച്ഛയുടെ സമയം ആഗതമായാൽ എന്തു തന്നെ പ്രയാസമുള്ളതാണെങ്കിലും അത് എളുപ്പമായി തീരുന്നു. (7)

**ദൈവ വിധി രണ്ട് വിധം:**

മാറുന്ന നിയമങ്ങളും മാറ്റമില്ലാത്തവയും

ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: 'ദൈവവിധി രണ്ട് വിധമുണ്ട്. ഒന്ന് മാറ്റാൻ കഴിയുന്നവയെന്നും മറ്റൊന്ന് മാറ്റാൻ കഴിയാത്ത നിർണിതങ്ങളായവ എന്നും പറയാവുന്നതാണ്. മാറ്റാൻ കഴിയാവുന്ന വിധി സർവ ശക്തനായ ദൈവത്തിന്റെ കാരുണ്യത്തിൽ പ്രാർഥനയിലൂടെയും ദാന ധർമങ്ങളിലൂടെയും മാറ്റി വെക്കപ്പെടാവുന്നതാണ്. എന്നാൽ മാറ്റാൻ പറ്റാത്ത നിർണിത നിയമങ്ങൾ പ്രാർഥനയുടെയും ദാന ധർമങ്ങളിലൂടെയും മാറ്റാൻ സാദ്ധ്യമല്ല. പ്രാർഥനക്കും ദാനധർമങ്ങൾക്കും ദൈവം മറ്റു വഴികളിലൂടെ പ്രതിഫലം നൽകുന്നതാണ്. ചില സംഗതികളിൽ ദൈവം ചില വിധികൾ നീട്ടിവെക്കാറുണ്ട്. ഈ രണ്ട് വിധത്തിലുള്ള വിധികളെപ്പറ്റിയുള്ള ജ്ഞാനങ്ങളും ഖുർആനിൽ നിന്നും നമുക്ക് ലഭ്യമാണ്.'(8)

# പ്രവാചകൻമാരിലൂടെ ദൈവം തിരിച്ചറിയപ്പെടുന്നു

ഹാശിം അശ്റഫ് ശാഹിദ്

മനുഷ്യപ്രകൃതത്തിൽ ഉദയം ചെയ്യുന്ന ഒരു സുപ്രധാന ചോദ്യമാണ്, ഈ പ്രപഞ്ചലോകവും അതിലെ വസ്തുക്കളും സൃഷ്ടിച്ച, അതിനെ പരിപാലിക്കുന്ന ഒരു ശക്തിയുണ്ടെങ്കിൽ അത് ഏതാണ്? അത് എപ്രകാരമാണ്? അതിനെക്കുറിച്ചുള്ള അറിവ് എങ്ങനെ നേടാൻ സാധിക്കും? മതങ്ങളെ നാം സമീപിക്കുന്നതായാൽ, ആരാണ് സർവ്വഗുണഗണങ്ങളുടെയും ഉടമയായ ദൈവസത്തയുടെ പ്രഭാ വലയത്തിൽ പ്രവേശിക്കാൻ ആഗ്രഹം പ്രകടിപ്പിച്ച്കൊണ്ട് സത്യസന്ധമായ പരിശ്രമം നടത്തിയത്, അവർക്ക് അത് ലഭിച്ചുവെന്ന് മനസിലാകുന്നു. പ്രവാചകൻമാർ, ഋഷിമാർ, അവതാരപുരുഷൻമാർ എന്നിവർ ആ കാരുണ്യവാനും ദയാദാതാവുമായ അസ്തിത്വത്തിൽ നിന്ന് ആത്മീയ പോഷണം നേടി കൊണ്ട് ദർശന ജ്ഞാനം മാത്രമല്ല, അനുഭവ ജ്ഞാനം വരെ കരസ്ഥമാക്കിയ സൗഭാഗ്യരിൽപ്പെട്ടവരാണ്.

ഖുദുസിയായ ഹദീസിൽ അല്ലാഹു പറയുന്നു: (ഞാൻ മറഞ്ഞിരുന്ന) ഒരു നിധിയായിരുന്നു. തിരിച്ചറിയപ്പെടണമെന്ന് ഞാൻ ആഗ്രഹിച്ചു. അതിനായി ഞാൻ ആദമിനെ സൃഷ്ടിച്ചു.

ദൈവീക ഭരണം ഭൂമിയിൽ സ്ഥാപിതമാകുന്നതിന് മുന്നോടിയായി പ്രവാചകൻമാർ അവതരിക്കുന്നു. അതുപോലെ ദൈവീക പ്രഭ എല്ലാത്തിനെക്കാളും ഉജ്ജ്വല നിലയിൽ ആകർഷിക്കുന്നവരും ദൈവീകജ്ഞാനത്തിന്റെ ഉതുംഗ സ്ഥാനത്തേക്ക് ഉയരുന്നവരും അല്ലാഹുവിന്റെ പ്രവാചകന്മാരാണ്.

ഇതിനെ വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു; ഓർക്കുക! ദൈവീകസത്തയെ സംബന്ധിച്ച്, അവൻ പങ്കുകാരില്ലാത്ത ഏകനാണെന്നുള്ള അറിവ് ജനങ്ങളെ പഠിപ്പിക്കുന്നത് പ്രവാചകൻമാർ മാത്രമാണ്. ഈ പരിശുദ്ധ വിഭാഗം അവതരിച്ചില്ലായിരുന്നെങ്കിൽ നേർമാർഗം ജ്ഞാനാടിസ്ഥാനത്തിൽ കരസ്ഥമാക്കുക വളരെ പ്രയാസകരവും ദുഷ്കരവുമായി തീരുമായിരുന്നു. ആയിരക്കണക്കിന് അടയാളങ്ങളും ദൃഷ്ടാന്തങ്ങളും മുഖേന മറഞ്ഞിരിക്കുന്നതും എല്ലാവിധ ശക്തികൾക്കും ഉടമയായ ഒരു സത്ത യഥാർഥത്തിൽ ഉണ്ടെന്ന് ലോകത്തിന് ദൃശ്യയോഗ്യമാക്കുന്നതും പ്രവാചകന്മാർ മാത്രമാണ്. അതിനാൽ പ്രപഞ്ചസൃഷ്ടിപ്പ് മുതലുള്ള പുരാതനരീതി, ദൈവം തിരിച്ചറിയപ്പെടുന്നത് പ്രവാചകനെ തിരിച്ചറിയുന്നതിലൂടെയാണ്. നബി മുഖേനയല്ലാതെ ഏകദൈവവിശ്വാസം കരസ്ഥമാക്കുക പ്രയാസകരവും ദുഷ്കരവുമാണ്. നബി ദൈവരൂപത്തെ ദർശനയോഗ്യമാക്കുന്ന കണ്ണാടിയാണ്. അങ്ങനെ ആ കണ്ണാടിയിലൂടെ ദൈവമുഖം ദർശിക്കാൻ സാധിക്കുന്നു. അല്ലാഹു തന്റെ കർമങ്ങൾ ലോകത്ത് വെളിപ്പെടുത്താൻ ആഗ്രഹിക്കുമ്പോൾ തന്റെ ശക്തികളുടെ പ്രതിനിധിയായി കൊണ്ട് ഒരു പ്രവാചകനെ ലോകത്തേക്ക് അയക്കുന്നു. തന്റെ വെളിപാട് അദ്ദേഹത്തിൽ വർഷിക്കുന്നു. തന്റെ പരിപാലന ശക്തി അദ്ദേഹത്തിലൂടെ തുറക്കപ്പെടുന്നു. തദവസരത്തിൽ ലോകം ദൈവമുണ്ടെന്ന് മനസ്സിലാക്കുന്നു(ഹഖീഖത്തുൽ വഹ്‌യ് പേജ്; 111, 112, 113)

ചുരുക്കത്തിൽ എല്ലാ കാലഘട്ടത്തിലും പ്രവാചകന്മാർ മുഖേനയാണ് അല്ലാഹുവിന്റെ ശക്തി വ്യത്യസ്ത പ്രഭാവത്തോടെ ലോകത്ത് വെളിപ്പെടുന്നത്. അതായത് അതുല്യമായ പ്രവാചകന്മാരുടെ പരിശുദ്ധ ജീവിതവും സംശയാതീതമായ അറിവും പരിജ്ഞാനവും ഗോപ്യമായ കാര്യങ്ങളെ കുറിച്ച് കൂടുതലായി അവർ നടത്തുന്ന വിളംബരങ്ങളും അസാധാരണമാംവിധം വെളിപ്പെടുന്ന അവരുടെ ദുആ സ്വീകാര്യതയും അവർ നിസ്സഹായരും ഏകരുമായി കൊണ്ട് അതിശക്തരായ ശത്രുക്കളുടെമേൽ വിജയങ്ങൾ നേടുകയും ചെയ്യുന്ന ഇവ്വിധ കാര്യങ്ങളെല്ലാം ദൈവശക്തിയുടെ അറിവ് നമുക്ക് നേടിതരുന്നവയാണ്. സമയാസമയങ്ങളിൽ പുലരുന്ന ഗോപ്യമായ കാര്യങ്ങളെ

ഹദ്റത്ത് നൂഹ് (അ) ഭീകരനാശം വിതച്ച ഈ പ്രളയത്തെ സംബന്ധിച്ച് പ്രവചനം നടത്തിയത്, ഇതിനെ കുറിച്ച് യാതൊരു സൂചനയും ഇല്ലാത്ത സന്ദർഭത്തിലും സാഹചര്യത്തിലുമാണ്. ഒന്നാമതായി ദൈവീക കൽപ്പനപ്രകാരം സ്വരക്ഷയ്ക്ക് പേടകം തയ്യാറാക്കി. പിന്നെ പ്രളയാവസരത്തിൽ ശത്രുക്കൾക്ക് പൂർണനാശം സംഭവിച്ചു. അവസാനം ഹദ്റത്ത് നൂഹ് (അ) മും അനുയായികളും പ്രളയത്തിൽ നിന്ന് സുരക്ഷിതരാവുകയും ചെയ്തു. ഇവയെല്ലാംതന്നെ സർവജ്ഞനും സൂക്ഷ്മജ്ഞനുമായ ഒരു അസ്തിത്വം ഉള്ളതിനുള്ള തെളിവുകളല്ലാതെ മറ്റെന്താണ്? സത്യമിതാണ്. പ്രകൃതിയിൽ നിന്ന് തന്നെ തന്റെ അസ്തിത്വത്തിന്റെ തെളിവ് ദൈവം നൽകുന്നു.

മറ്റൊരു സംഭവം നോക്കു. ഭൂതം, വർത്തമാനം, ഭാവി എന്നീ മൂന്നു കാലഘട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. ജൂതരും ക്രിസ്ത്യാനികളും മുസ്‌ലീങ്ങളും അതിന് പ്രാധാന്യവും നൽകിവരുന്നു. ഹദ്റത്ത് മൂസാ (അ) ന് ലഭിച്ച വിജയവുമായും അതിശക്തനായ ഫിർഔനുണ്ടായ പരാജയവുമായും ഇതിന് ബന്ധമുണ്ട്. ഈ ചരിത്ര സംഭവത്തെ സംബന്ധിച്ച് ബൈബിൾ ഇപ്രകാരം പറയുന്നു.

**വെള്ളം സാധാരണ നിലയിലേക്ക് വന്ന് രഥങ്ങളെയും കുതിരപ്പടയേയും മൂടി. ഇസ്റായീൽ ജനതയെ പിൻതുടരുകയായിരുന്ന ഫിർഔനിന്റെ സേന നശിപ്പിക്കപ്പെട്ടു. ഒരാൾപോലും രക്ഷപ്പെട്ടില്ല. ഇസ്റയീൽ ജനത സമുദ്ര മദ്ധ്യത്തിലെ ഉണങ്ങിയ നിലത്ത് കൂടി മുറിച്ച് കടക്കുകയും ചെയ്തു.**

എന്നാൽ സമുദ്രത്തിൽ മുങ്ങുന്നതിന് മുമ്പ് ഫിർഔന് എന്താണ് സംഭവിച്ചത്? ഫിർഔൻ അല്ലാഹുമായി നടത്തിയ ഭാഷണമെന്തായിരുന്നു? ഫിർഔൻ ചെയ്ത പ്രാർഥന എന്താണ്? ഈ കാര്യങ്ങളെ കുറിച്ച് ബൈബിൾ ഒന്നുംതന്നെ പറയുന്നില്ല. എന്നാൽ ഈ സംഭവത്തിന് രണ്ടായിരം വർഷങ്ങൾക്ക് ശേഷം വിശുദ്ധ ഖുർആനിൽ സർവ

വധി സ്ഥലങ്ങളിൽ പരാമർശമുണ്ട്. ഹദ്റത്ത് നൂഹ് (അ) തന്റെ സമൂഹത്തെ അല്ലാഹുവിനെ ആരാധിക്കാനും ഭയഭക്തി ഉൾകൊള്ളുവാനും ഉപദേശിച്ചു. ആ സമൂഹം തദവസരത്തിൽ തിന്മയിൽ മുഴുകിയിരുന്നു. അദ്ദേഹം തന്റെ സമൂഹത്തിന് അല്ലാഹുവിന്റെ ശിക്ഷയെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകി. ദിനരാത്രങ്ങളിൽ അദ്ദേഹം തളരാതെ തബ്ലീഗ് ചെയ്തു. എന്നാൽ ആ സമൂഹം അദ്ദേഹത്തെ നിരാകരിക്കുക മാത്രമല്ല, അതിശക്തമായ നിലയിൽ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. അല്ലാഹു ഹദ്റത്ത് നൂഹ് (അ)നോട് പറഞ്ഞു: ഒരു പ്രളയം ശിക്ഷയുടെ രൂപത്തിൽ വന്നുകൊണ്ടിരിക്കുന്നു. അക്രമത്തിൽ കാഠിന്യം കൂട്ടിചേർത്തവർ നശിക്കപ്പെടുന്നതാണ്. കൂടാതെ അല്ലാഹു ഒരു പേടകം തയ്യാറാക്കുവാൻ അദ്ദേഹത്തിന് കൽപ്പന നൽകുകയും ചെയ്തു. എന്നാൽ അദ്ദേഹം കപ്പൽ നിർമാണം ആരംഭിച്ചപ്പോൾ അതിനടുത്തുകൂടെ പോയവർ അത് കണ്ട് അദ്ദേഹത്തെ കളിയാക്കുകയും പരിഹസിക്കുകയും ചെയ്തു. കാരണം പ്രത്യക്ഷ നിലയിൽ ആ സ്ഥലത്ത് യാതൊരു പ്രളയത്തിന്റെയും ലക്ഷണം കണ്ടിരുന്നില്ല. അവസാനം അതാ! അല്ലാഹുവിന്റെ തീരുമാനം പൂർത്തിയായി. ആകാശം മഴ വർഷിച്ചു. ഭൂമിയിൽ നിന്ന് ഉറവകൾ പൊട്ടിപുറപ്പെട്ടു. നിമിഷങ്ങൾക്കകം പർവതസമാനം വെള്ളം ഉയർന്നു. ഹദ്റത്ത് നൂഹും (അ)അദ്ദേഹത്തെ വിശ്വസിച്ച അനുയായികളും പേടകത്തിൽ കയറി രക്ഷ പ്രാപിച്ചു. എതിരാളികളിൽ ഹദ്റത്ത് നൂഹ് (അ) ന്റെ മകനും ഉണ്ടായിരുന്നു. അവരെയെല്ലാം അല്ലാഹു നശിപ്പിച്ചു.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**അദ്ദേഹത്തെ (ഹദ്റത്ത് നൂഹ് (അ) നെയും കപ്പലിലുണ്ടായിരുന്നവരേയും നാം രക്ഷപ്പെടുത്തി. നാം ഈ സംഭവത്തെ ലോകത്തിന് ഒരു ദൃഷ്ടാന്തമാക്കിയിരിക്കുന്നു.** (അൻകബൂത്ത് ആയത്ത്: 16)

സംബന്ധിച്ചുള്ള അറിവ് അല്ലാഹു തന്റെ പ്രവാചകൻമാർക്ക് നൽകുന്നു. ദൈവസത്തയെ സംബന്ധിച്ചുള്ള ഉജ്ജ്വല തെളിവുകളായി അവ വെളിപ്പെടുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**'അദൃശ്യകാര്യങ്ങൾ അറിയുന്നവനാണ് അവൻ. അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തികൊടുക്കുന്നതല്ല. എന്നാൽ അവൻ തൃപ്തിപ്പെടുന്ന അവന്റെ ഒരു ദൂതനല്ലാതെ.'**

ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) പറയുന്നു:

ഭൂതം, വർത്തമാനം, ഭാവി എന്നതിനെ കുറിച്ച് മനുഷ്യന്റെ അറിവിന് ഉദാഹരണം അന്ധകാര നിബിഢമായ രാത്രിയിൽ കാണാമറയത്ത് മാഞ്ഞുപോകുന്ന മിന്നാമിനുങ്ങിന്റെ നേരിയ വെട്ടത്തിൽ പ്രകാശിക്കുന്ന ബിന്ദു പോലെയാണ്. ഭാവിയും ഭൂതവുംപോലെ വർത്തമാനത്തെ സംബന്ധിച്ചുള്ള അറിവ് പോലും ഭൂരിഭാഗം മനുഷ്യരുടെയും കഴിവിനതീതമാണ്. ഒരു മനുഷ്യൻ തന്റെ വീട്, വഴി, നാട്, രാജ്യം എന്നിവയ്ക്ക് പുറത്ത് നടക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള അറിവ് ശരിയായ നിലയിൽ കരസ്ഥമാക്കുന്നവനാണോ? ഇന്ന് ലഭ്യമാകുന്ന മാധ്യമ മാർഗങ്ങളിലൂടെ പോലും അവന് ലോകത്ത് സംഭവിക്കുന്ന കാര്യങ്ങളുടെ പൂർണ രൂപം ലഭിക്കുന്നതല്ല. എന്നാൽ അല്പം ചിലരാണ് ഈ കാര്യങ്ങൾ തന്നെ അറിയുന്നത്. സത്യത്തിൽ യഥാർഥ കേന്ദ്രവും എല്ലാവിധ ഗോപ്യമായ അറിവുകളുടെ ഉറവിടവും സ്രഷ്ടാവിന്റെ സത്ത മാത്രമാണ്. അവനാണ് തന്റെ സൃഷ്ടികൾക്ക് എല്ലാ കാര്യങ്ങളെ സംബന്ധിച്ചുള്ള അറിവ് നൽകുന്നത് എല്ലാം കാണുന്നവനും മഹത്വമുടയവനും അവൻതന്നെ ഉന്നതനായ ഉത്കൃഷ്ട സത്തയും അവൻ മാത്രമാണ്.

ഈ കാര്യത്തിലേക്കായി ഒരു തെളിവെന്ന നിലയിൽ നൂഹ് (അ) ന്റെ കാലഘട്ടത്തിലെ പ്രളയത്തെ കുറിക്കുന്ന പ്രശസ്തസംഭവം സമർപ്പിക്കുകയാണ്. ഇതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ നിര

ജ്ഞനും സൂക്ഷ്മജ്ഞനുമായ ദൈവം ഈ രഹസ്യവിവരങ്ങൾ വിവരിച്ചിരിക്കുന്നു. അല്ലാഹു തഅ്‌ല സൂറ: യൂനുസിലെ 91 മുതൽ 93 വരെയുള്ള ആയത്തുകളിൽ ഇപ്രകാരം പറയുന്നു;

**നാം ഇസ്റായീൽ സന്തതികളെ സമുദ്രം കടത്തി വിട്ടു. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും അക്രമപരമായും വിദ്വേഷപരമായും അവരെ പിന്തുടർന്നു. ഒടുവിൽ മുങ്ങുന്ന വിപത്ത് അവനെ പിടികൂടിയപ്പോൾ അവൻ പറഞ്ഞു: ബനൂഇസ്റായീൽ വിശ്വസിച്ചിട്ടുള്ള ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ അനുസരണമുള്ളവരിൽ പെട്ടവനുമാകുന്നു. അപ്പോൾ അല്ലാഹു പറഞ്ഞു: എന്ത്! ഇപ്പോഴോ? മുമ്പേ നീ ധിക്കരിച്ചിരുന്നു. നീ കുഴപ്പക്കാരിൽപെട്ടവനായിരുന്നു. അതിനാൽ, നിന്റെ ജഡത്താൽ (മാത്രം) നാം ഇന്ന് നിന്നെ രക്ഷപ്പെടുത്തുന്നു. നിന്റെ പുറകെയുള്ളവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കുവാൻ വേണ്ടി. തീർച്ചയായും മനുഷ്യരിൽ അധികപേരും നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച് അശ്രദ്ധരാണ്.** (യുനുസ് ആയത്ത്: 91,92,93)

ചുരുക്കത്തിൽ ഖുർആനിക വചനങ്ങൾക്ക് ഉപരിയായി ബൈബിൾ മാത്രമല്ല, മനുഷ്യ രചിത ചരിത്രങ്ങളും ഫിർഔന്റെ ഈ ശാരീരിക മോക്ഷത്തെ സംബന്ധിച്ച് നിശബ്ദത പാലിച്ചു. ഇതു സംബന്ധമായി സൂചന നൽകാൻ പോലും അവയ്ക്ക് സാധിച്ചില്ല. എന്നാൽ വിശുദ്ധ ഖുർആൻ അവതരിച്ച കാലഘട്ടത്തിൽ മിസറിലെ രാജാക്കന്മാരായിരുന്ന ഫിർഔന്മാരുടെ ഖബറുകൾ മരുഭൂമിയിലെ മണലിൽ പൂഴ്ന്നു കിടന്നിരുന്നു. തദവസരത്തിൽ വിശുദ്ധ ഖുർആൻ പണ്ട് നടന്ന ഒരു കാര്യത്തെ സംബന്ധിച്ച് വെളിപ്പെടുത്തിയത് ലോകത്തിന് അറിവില്ലായിരുന്നു. മാത്രമല്ല അത് ഒരു പ്രവചനം കൂടിയായിരുന്നു, അതായത് ഭാവി വിശുദ്ധ ഖുർആന്റെ ഈ വാക്കുകളെ സാക്ഷ്യപ്പെടുത്തുന്നതാണ്.

അങ്ങനെ നൂറ്റാണ്ടുകൾക്ക് ശേഷം ഭൂമി തന്റെ നിഗൂഢതകൾ വെളിപ്പെടുത്തുവാൻ തുടങ്ങി. ഈജിപ്തിലെ രാജാക്കന്മാരുടെ സുഗന്ധദ്രവ്യമിട്ട് സംരക്ഷിക്കപ്പെട്ട ശവശരീരങ്ങളോടൊപ്പം മൂസാ (അ) യുടെ ശത്രുവായ ഫിർഔന്റെ ജഡവും സുരക്ഷിതമായ നിലയിൽ കണ്ടെത്തി. ഈ ജഡത്തിൽ നിന്ന് മനസിലാകുന്നത് ഫിർഔൻ സമുദ്രത്തിൽ മുങ്ങിമരിക്കുന്നതിന് മുമ്പായി രക്ഷപ്പെട്ടിരുന്നുവെന്നാണ്. അതിനുശേഷം 60 വർഷക്കാലം രോഗശയ്യയിൽ കിടന്നു. അതായത് ബൈബിളിൽ നിന്നും ലോകചരിത്രത്തിൽ നിന്നും ഭിന്നമായി വിശുദ്ധ ഖുർആൻ വെളിപ്പെടുത്തിയ വാദം മാത്രം അവസാനം തെളിയിക്കപ്പെട്ടു.

അതായത് **ഇന്നത്തെ ദിവസം ഞാൻ നിന്റെ ശരീരത്തിന് മോക്ഷം നൽകുന്നതാണ്.** പ്രവാചക തിരുമേനിയിലൂടെ വിശുദ്ധ ഖുർആൻ നടത്തിയ ഈ പ്രഖ്യാപനം ദൈവസത്തക്കുള്ള ഉത്തമ സാക്ഷ്യമാണ്.

സർവലോകത്തിനും നേതാവായ എല്ലാ അന്തസിനും ഉടമയായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിലെ ചില സംഭവങ്ങൾ നോക്കുക. ഇതിൽ എങ്ങനെയാണ് സർവജ്ഞനും സൂക്ഷ്മജ്ഞനുമായ അല്ലാഹുവിന്റെ ഉജ്ജ്വലപ്രകാശം ആ മഹാത്മാവിൽ പ്രശോഭിതമായത് എന്ന് മനസിലാകുന്നതാണ്. യഥാർഥത്തിൽ ആ മഹാത്മാവിന്റെ 13 വർഷകാലത്തെ മക്കാജീവിതം മുഴുവനും പ്രവചനങ്ങൾ കൊണ്ടും സുവാർത്തകൾ കൊണ്ടും നിറഞ്ഞതാണ്. എന്നാൽ ആ സമയത്ത് ശത്രുക്കൾ അദ്ദേഹത്തെ കഠിനമായി എതിർക്കുകയായിരുന്നു. എതുവരെ എന്നാൽ അദ്ദേഹത്തെ നശിപ്പിക്കാനുള്ള ഒരു അവസരവും അവർ പാഴാക്കിയിരുന്നില്ല. തിരുമേനി(സ) യുടെയും സഹാബത്തിന്റെയും മേൽ അക്രമം അഴിച്ചുവിട്ട സംഭവങ്ങൾ കേൾക്കുമ്പോൾ ഇന്നും നാം ഭയചകിതരായി പോകുന്നതാണ്. ഏതാനും നാളുകൾക്കുള്ളിൽ തന്നെ ഇസ്‌ലാമിന്റെയും മുസ്‌ലിങ്ങളുടെയും നാമങ്ങൾ ഈ ഭൂലോകത്തുനിന്ന് മാഞ്ഞുപോകുമെന്ന് തോന്നിയ സന്ദർഭം. ആ സാഹചര്യത്തിൽ അതായത് പ്രവാചകത്വവാദം ഉന്നയിച്ചതിന്റെ മൂന്നാം വർഷം അവസാനിക്കുന്ന സമയം, സൂറ ഫജർ അവതരിക്കുന്നു. അതിൽ അല്ലാഹു തന്റെ പ്രിയപ്പെട്ട സ്നേഹിതൻ, ഹദ്റത്ത് മുഹമ്മദ് (സ) യെ സമാധാനിപ്പിച്ച് കൊണ്ട് ഇപ്രകാരം പറയുന്നു:

**ഉദയത്തെ സാക്ഷ്യമെന്നോണം നാം സമർപ്പിക്കുന്നു. പത്ത് രാത്രികൾ ഈ ഉദയത്തിന് മുമ്പ് അവതരിക്കുന്നതാണ്.**

ദൈവീക വചനത്തിൽ രാത്രിയെന്ന പദം പ്രയാസങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും കാലഘട്ടത്തിനെയാണ് സൂചിപ്പിക്കുന്നത്. അതിനാൽ പത്ത് രാത്രികൾ പത്ത് പ്രയാസമേറിയ വർഷമായി വ്യാഖ്യാനിക്കപ്പെടുന്നു. ഈ ആയത്തുകൾ യഥാർഥത്തിൽ വിവരിക്കുന്ന പ്രവചനം ഇപ്രകാരമാണ്, മുസ്‌ലിങ്ങൾക്ക് തുടർച്ചയായി പത്ത് വർഷം വരെ പ്രയാസങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും അവസ്ഥകളെ തരണം ചെയ്യേണ്ടതായി വരുന്നതാണ്. അങ്ങനെ ഈ സൂറത്ത് അവതരിച്ചതിന് ശേഷം മുഹമ്മദ് (സ)തിരുമേനി പത്ത് വർഷക്കാലം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചുകൊണ്ട് മക്കയിൽ താമസിച്ചു. പത്ത് വർഷം പൂർത്തിയായപ്പോൾ അല്ലാഹുവിന്റെ കൽപ്പന പ്രകാരം മദീനയിലേക്ക് തിരുമേനി (സ) ഹിജ്റത്ത് ചെയ്തു. അത്ഭുതപ്പെടുത്തുന്നത് പത്ത് വർഷത്തെ കാലയളവ് ആ മഹാത്മാവിന് എങ്ങനെ മനസിലായി എന്നുള്ളതാണ്. കാരണം ഈ കാലയളവിൽ മദീനാവാസികൾ വിശ്വാസികളാകുക എന്നതും അതു പോലെ തന്നെ മക്കയിൽ നിന്ന് മദീനയിലേക്ക് സുരക്ഷിതനായിക്കൊണ്ട് പലായനം ചെയ്യു ക എന്നകാര്യവും ആ മഹാത്മാവിന്റെ കഴിവിൽപ്പെട്ടതായിരുന്നില്ല. കൂടാതെ ഈ സൂറത്തിൽ തന്നെ അല്ലാഹു ഒരു രാത്രിയെ കുറിച്ചും പറയുന്നു. അതായത് നിസംശയം പത്ത് രാത്രികൾക്ക് ശേഷം

പ്രശോഭിതമായ ഒരു ഉദയം ഉണ്ടാകുന്നതാണ്. എന്നാൽ അതിനു ശേഷവും അന്ധകാരം പൂർണമായി അവസാനിക്കുകയില്ല. മറിച്ച് ഒരു രാത്രി കൂടി ഉണ്ടാകും. ഈ രാത്രിയുടെ അസ്തമയത്തിനുശേഷം പുതിയൊരു അന്ധകാരം ഉണ്ടാകുന്നതല്ല. അതു പോലെ തന്നെയാണ് പിന്നീട് സംഭവിച്ചത്. ഹിജ്റത്തിന് ഒരു വർഷം തികഞ്ഞപ്പോൾ മക്കയിലെ ശത്രുക്കൾ ഇസ്ലാമിനെ തുടച്ചുനീക്കാൻ വൻ സൈന്യവുമായി ബദർ മൈതാനത്ത് അണിചേർന്നു. അങ്ങനെ ബദർ യുദ്ധം സംഭവിക്കുകയും ദൈവീക വാഗ്ദാനപ്രകാരം മക്കയിലെ ശത്രുക്കൾക്ക് വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്തു. വലിയ വലിയ സൈന്യാധിപൻമാരും ഉത്ബ, ശുഅയ്ബ, അബൂജഹൽ തുടങ്ങിയ ഖുറൈശികളുടെ നേതാക്കന്മാരും വധിക്കപ്പെട്ടു. അതിന് പുറമെ മുസ്ലിങ്ങൾക്ക് സ്വാതന്ത്ര്യവും അച്ചടക്കവുമുള്ള ഒരു ഭരണവ്യവസ്ഥിതി ലഭിച്ചു. അതോടോപ്പം മക്കാവിജയത്തെ സംബന്ധിച്ചും അല്ലാഹുവിൽ നിന്ന് സന്തോഷവാർത്ത ലഭിച്ചു.

**ഖുർആൻ നിനക്ക് നിയമമാക്കി കല്പിച്ചവൻ തീർച്ചയായും നിന്നെ പ്രത്യാഗമനസ്ഥലത്തേക്ക് (മക്കയിലേക്ക്) തിരിച്ചെത്തിക്കുന്നവനാണ്.**

ഇതുപോലെ സൂറ ബനീഇസ്റായീലിൽ വിജയപൂർണമായ തിരിച്ച് വരവിനെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു:

**പറയുക, ബാഹ്യവും ആന്തരവുമായ നല്ല പ്രവേശന മാർഗത്തിൽ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരവുമായ നല്ല പുറപ്പെടുന്ന മാർഗത്തിലൂടെ എന്നെ പുറത്തു കൊണ്ടുവരികയും ചെയ്യേണമേ!.**

ഈ വചനത്തിൽ റസൂൽ കരീം (സ) ക്ക് ഹിജറത്ത് ചെയ്യേണ്ടിവരുമെന്ന് മാത്രമല്ല പറഞ്ഞിരിക്കുന്നത് മറിച്ച് മക്കയിലേക്കുള്ള വിജയപൂർണമായ തിരിച്ചുവരവിനെ സംബന്ധിച്ചുള്ള പ്രവചനവും ചെയ്തിരിക്കുന്നു.

മക്കയിലെ അവിശ്വാസികൾ പല പ്രാവശ്യം മദീന ആക്രമിക്കുകയും അതിനായി അറേബ്യയിലെ മുഴുവൻ സമൂഹത്തേയും സ്വരുക്കൂട്ടിയിട്ടും അവർ തങ്ങളുടെ ലക്ഷ്യത്തിൽ വിജയിച്ചില്ല. എല്ലാ അവസരങ്ങളിലും അവർ നിരാശപ്പെടുകയും നാശനഷ്ടങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തു. അവസാനം ഇരുലോകത്തിനും നേതാവായി വാഴ്ത്തിയ മുഹമ്മദ് മുസ്തഫാ (സ)യുടെ പ്രവചന പുലർച്ചയെന്നോണം ഫാറാൻ മലമുകളിലൂടെ പതിനായിരത്തിൽപരം വിശുദ്ധരാക്കപ്പെട്ട സൈന്യത്തോടൊപ്പം വിജയം വരിച്ചുകൊണ്ട് മക്കയിൽ പ്രവേശിച്ചു. ചിന്തിച്ച് നോക്കുക! ഇതിന് കുറച്ച് വർഷം മുമ്പ് തന്റെ ഒരു സുഹൃത്തിനോടൊപ്പം രാത്രിയുടെ ഇരുട്ടിൽ ആരാലും അറിയാതെ തന്റെ രാജ്യത്തുനിന്ന് ഓടിപ്പോയ ആ വ്യക്തി പത്ത് വർഷങ്ങൾക്ക് ശേഷം വിജയം നേടി തിരിച്ചുവന്നു. തന്നെയും തന്റെ അനുയായികളേയും അത്യധികം ഉപദ്രവിച്ച ആ അക്രമികളോട്, രക്തദാഹികളോട് **ലാ തസ്രീബ അലൈകുമുൽ യവുമ** എന്ന് പറഞ്ഞ് കൊണ്ട് പൊതുമാപ്പ് നൽകി. വിശുദ്ധ ഖുർആന്റെ ഇത്തരത്തിലുള്ള പ്രവചനങ്ങൾ നമുക്ക് വിശ്വാസ വർധനവ് മാത്രമല്ല നൽകുന്നത്, ദൈവാസ്തികൃത്തെ നിരാകരിക്കുന്നവരെ നിശബ്ദരാക്കുന്നതിന് ഉതകുന്നതുമാണ്. ഈ ഗ്രന്ഥം, പരിശുദ്ധ ഖുർആൻ തീർച്ചയായും സർവജ്ഞനും സൂക്ഷ്മജ്ഞനുമായ ദൈവത്തിൽ നിന്നുള്ളതാണെന്ന് പരിശുദ്ധത നിറഞ്ഞ ഒരോ ഹൃദയവും സാക്ഷി പറയുന്നതാണ്.

അത്ഭുതങ്ങൾ നിറഞ്ഞ, നബി (സ) തിരുമേനിയുടെ ജീവിതത്തിലെ മറ്റൊരു സംഭവം ഇപ്രകാരമാണ്. ഹുദൈബിയ്യാ സന്ധിക്ക് ശേഷം നബി (സ) തിരുമേനി ചില രാജാക്കന്മാർക്ക് തബ്ലീഗ് കത്തുകൾ എഴുതി. എന്നാൽ ഒരു കത്ത് ഇറാന്റെ രാജാവായ കിസറായുടെ ദർബാറിൽ എത്തിയപ്പോൾ നിന്ദയോടും അഹങ്കാരത്തോടും കൂടി അയാൾ അതിനെ സമീപിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് ആ കത്ത് പിച്ചിചീന്തുകയും അതോടൊപ്പം യമനിലെ ഗവർണർക്ക് കൽപ്പന നൽകുകയും ചെയ്തു. അതായത് മക്കയിൽ ഒരു വ്യക്തി മുഹമ്മദ് (സ) പ്രവാചകത്വം വാദിച്ചിരിക്കുന്നു. ഉടൻ രണ്ട് ആളുകളെ അയച്ച് അയാളെ പിടികൂടുകയും എന്റെ മുന്നിൽ ഹാജറാക്കുകയും ചെയ്യുക. ഇതായിരുന്നു കൽപ്പന. അങ്ങനെ യമനിലെ ഗവർണറുടെ രണ്ട് ഭടൻമാർ മദീനയിൽ നബി (സ) തിരുമേനിയുടെ സമീപത്ത് ഹാജറായികൊണ്ട് പറഞ്ഞു; താങ്കളെ ബന്ധനസ്ഥനാക്കി കൊട്ടാരത്തിൽ എത്തിക്കുകയെന്ന കിസറയുടെ കൽപ്പന പ്രകാരം ഗവർണർ ബാസാൻ ഞങ്ങളെ അയച്ചിരിക്കുകയാണ്. താങ്കൾ ഈ കൽപ്പന നിരാകരിക്കുന്നപക്ഷം ശക്തിമാനായ ചക്രവർത്തി, ഹസർ പർവേസ് താങ്കളേയും താങ്കളുടെ സമൂഹത്തെയും നാമാവശേഷമാക്കുന്നതാണ്. അതിനാൽ താങ്കൾ ഞങ്ങളോടൊപ്പം വരുന്നതായിരിക്കും ഉത്തമം. ഇത് കേട്ടപ്പോൾ നബി (സ) പറഞ്ഞു: 'എന്നാൽ നിങ്ങൾ നാളെ വരിക.' കാരണം ആ മഹാത്മാവിന് തന്റെ യജമാനനോട് അനുവാദം ചോദിക്കണമായിരുന്നു. ഹദീസിൽ പറയുന്നു: ആ രാത്രി ജമാദുൽ അവ്വലിലെ പത്താമത്തെ രാത്രിയായിരുന്നു. നബി(സ) അല്ലാഹുവിനോട് ദുആ ചെയ്തു. സർവ ശക്തനായ അല്ലാഹു അദ്ദേഹത്തെ സമാധാനിപ്പിച്ച് കൊണ്ട് പറഞ്ഞു: കിസറയുടെ അഹംഭാവത്തിന് മറുപടിയായി, അവന്റെ മകനെ കൊണ്ട് അവനിൽ ശിക്ഷയിറക്കുന്നതാണ്. അങ്ങനെ രാവിലെ നബി (സ) തിരുമേനി ആ രണ്ട് ഭടൻമാരേയും വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു.

ഇന്ന് രാത്രി എന്റെ ദൈവം നിങ്ങളുടെ ദൈവത്തെ വധിച്ചിരിക്കുന്നു.

അങ്ങനെ തിരുമേനി(സ)യുടെ പ്രവചന പ്രകാരം ആ രാത്രിയിൽ തന്നെ ഹസർ പർവേസിനെ അയാളുടെ മകൻ വധിച്ചു. ആ പ്രവചനം പകൽ വെളിച്ചം പോലെ പുലർന്നു. ചരിത്രം ഇതിന് സാക്ഷിയാണ്. ഈ

സംഭവത്തിന്റെ സാക്ഷി എന്ന നിലയിൽ യമനിലെ ഗവർണറും അദ്ദേഹത്തിന്റെ നിരവധി അനുയായികളും ഇസ്‌ലാംമതം സ്വീകരിച്ചു. ചോദ്യം ഇവിടെയും ആവർത്തിക്കുന്നു. സർവജ്ഞനും സൂക്ഷ്മജ്ഞനുമായ ദൈവമല്ലാതെ മറ്റ് ഏത് മാർഗത്തിലൂടെയാണ് നബി (സ) തിരുമേനിക്ക് ഇത് സംബന്ധമായി അറിവ് ലഭിച്ചത്? ഫോണും ഫാക്സും ഇന്റർനെറ്റും ഈ കാലഘട്ടത്തിലെ കണ്ടുപിടുത്തങ്ങളല്ലേ?

നാം ഖുർആനും ഹദീസും പരിശോധിക്കുമ്പോൾ ഈ കാലഘട്ടത്തിൽ പ്രൗഢോജ്വലമായി പുലർന്ന, അത്ഭുതങ്ങൾ സൃഷ്ടിച്ച നിരവധി പ്രവചനങ്ങൾ നമ്മുടെ മുന്നിൽ സ്വയം വെളിപ്പെടുന്നു. അവയെല്ലാം ഉദാത്തമായ നിലയിൽ പുലർന്നിരിക്കുന്നു. ഉദാഹരണമായി, ഇസ്‌ലാമിന്റെ പുനരുദ്ധാരണ കാലഘട്ടത്തിൽ ഖഗോളജ്ഞാനവും ഫിലോസഫിയും ശാസ്ത്രവും മറ്റും അസാധാരണമായ നിലയിൽ പുരോഗതി കൈവരിക്കുന്നതാണ്. പുസ്തകങ്ങൾ അധികമായി പ്രസിദ്ധീകരിക്കപ്പെടുന്നതാണ്. ഭൂമി വിശാലമാക്കപ്പെടുന്നതാണ്. ഈ പ്രവചനം അമേരിക്ക, ആസ്ത്രേലിയ പോലുള്ള രാജ്യങ്ങൾ കണ്ടുപിടിച്ചതോടെ പുലർന്നു. രണ്ട് സമുദ്രങ്ങൾ കൂട്ടിയോജിപ്പിക്കുന്നതാണ്. പനാമ, സൂയിസ് മുഖേന രണ്ട് സമുദ്രങ്ങൾ കൂട്ടി യോജിപ്പിച്ചു. ഭൂമി തന്റെ ഉള്ളിലെ നിധികൾ പുറത്തെടുക്കുന്നതാണ്. അതായത് ഭൂമിയിൽ നിന്ന് വിവിധ ഖനന വസ്തുകൾ കണ്ടെടുത്തു. അതുമൂലം നിരവധി കണ്ടുപിടുത്തങ്ങൾക്കായുള്ള പുതിയ പുതിയ വാതായനങ്ങൾ തുറക്കപ്പെട്ടു. ഒട്ടകങ്ങൾ ഉപയോഗശൂന്യമാകും, ഇത് പുലർന്നത് യാത്രാ വിനിമയത്തിനും ചരക്ക് കൈമാറ്റത്തിനും പുതിയ വാഹനങ്ങൾ കണ്ടുപിടിച്ചതോടെയാണ്. അതുപോലെ സമുദ്രത്തിൽ സഞ്ചരിക്കുന്ന പർവതസമാനമായ യുദ്ധ കപ്പലുകളും സമുദ്രപേടകങ്ങളും നിർമിക്കപ്പെട്ടു. വ്യക്തമായ നിലയിൽ റോക്കറ്റുകളുടെയും ആറ്റംബോംബുകളുടെയും കണ്ടുപിടുത്തത്തെ കുറിച്ചും വിശുദ്ധ ഖുർആൻ വിവരിക്കുന്നു. അതുപോലെ യാത്രാ സൗകര്യങ്ങൾ അതിശ്രീഘ്രം സാധ്യമാകുന്നതിനാൽ മനുഷ്യർ ഒരുമിച്ച് കൂട്ടപ്പെടുന്നതാണ്. ഇതും ഖുർആൻ പ്രവചിച്ചതാണ്. നബി വചനങ്ങൾ പറയുന്നു, ദജ്ജാൽ അവതരിക്കും യഅ്ജൂജ് മഅ്ജൂജ് എന്നീ രണ്ട് സമൂഹങ്ങൾ ലോകത്ത് ഭരണം നടത്തുന്നതാണ്. പ്ലേഗ് പടരുകയും ക്ഷാമം വ്യാപിക്കുകയും ഭൂകമ്പങ്ങൾ അവതരിക്കുകയും ചെയ്യുന്നതാണ്. ഖബറുകൾ തുറക്കപ്പെടും. അതായത് പുരാതന സംസ്ക്കാരങ്ങളിൽ ഗവേഷണങ്ങൾ നടത്തപ്പെടും. നിയമങ്ങൾ ഭരണം നടത്തുന്നതാണ്. അതിൽ പ്രധാനമായും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതാണ്. ഈ മുഴുവൻ പ്രവചനങ്ങളും പ്രശോഭിതമായ നിലയിൽ അണുകിട വ്യത്യാസമില്ലാതെ പുലർന്നിരിക്കുന്നു. ഇതുപോലെ ഇസ്‌ലാംമതത്തിന്റ ശോചനീയാവസ്ഥയെ കുറിച്ച് അല്ലാഹു സൂറ അത്തക്‌വീറിൽ പറയുന്നു:

**സൂര്യൻ ചുരുട്ടി മടക്കപ്പെടുമ്പോൾ, നക്ഷത്രങ്ങൾ നിഷ്പ്രഭമാകുമ്പോൾ**

ഈ വചനത്തിൽ സൂര്യൻ മൂടപ്പെടുന്നതാണ് എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, വിശുദ്ധ ഖുർആൻ സിറാജുമുനീർ എന്ന് വിശേഷിപ്പിച്ച നബി (സ) തിരുമേനിയുടെ പ്രകാശത്തിൽ നിന്ന് അവസാന കാലഘട്ടത്തിലെ ശത്രുക്കൾ മനുഷ്യകുലത്തെ തടയുന്നതാണ്. നബി (സ) തന്റെ സഹാബത്തിനെ പ്രകാശിക്കുന്ന നക്ഷത്രങ്ങളോടാണ് ഉപമിച്ചിരിക്കുന്നത്. നക്ഷത്രങ്ങളുടെ നിഷ്പ്രഭകൊണ്ടുള്ള ഉദ്ദേശ്യം ഇസ്‌ലാംദീനിനെ പ്രചരിപ്പിക്കാൻ അർഹരല്ലാത്ത നിലയിൽ ഉമ്മത്തിലെ പണ്ഡിതന്മാരിൽ ഭിന്നതകൾ ഉടലെടുക്കും. ഹദീസിൽ പറയുന്നു, ഇസ്‌ലാം വെറും പേരിലും ഖുർആൻ ലിപികളിലും ഒതുങ്ങുന്നതാണ്. കർമ മേഖല വിരൂപമാകുകയും ചെയ്യുന്നതാണ്. തദവസരത്തിൽ മസ്ജിദുകൾ അലങ്കരിക്കപ്പെട്ടാലും ഹിദായത്ത് നഷ്ടപ്പെടുന്നതാണ്. എന്നാൽ പണ്ഡിതൻമാർ ആകാശത്തിൻ കീഴിൽ ദുഃസ്വഭാവത്തിന്റെ കേന്ദ്രമാകുന്നതാണ്. എന്തെന്നാൽ അവരായിരിക്കും എല്ലാ കുഴപ്പങ്ങൾക്കും കലാപങ്ങൾക്കും മൂലകാരണം. കൂടാതെ പറയുന്നു: എന്റെ സമുദായം ജൂതൻമാരോടും ക്രിസ്തുമതസ്ഥരോടും സദൃശ്യപ്പെടുന്നതാണ്. യഹൂദികൾ 72 കക്ഷികളായെങ്കിൽ എന്റെ സമുദായം 73 കക്ഷികളായി വിഭജിക്കപ്പെടുന്നതാണ്. അവരെല്ലാം നരകാവകാശികളായിരിക്കും. എന്നാൽ ഒരു വിഭാഗം സ്വർഗവാസികളായിരിക്കും. ഉടൻ സഹാബത്ത് ചോദിച്ചു: അവർ ആരാണ്? പറയപ്പെട്ടു, ആ വിഭാഗം ഒരു ജമാഅത്ത് ആയിരിക്കും അതിൽ ഒരു ഇമാം ഉണ്ടാകുന്നതാണ്.

ഇപ്രകാരമാണ് ഇസ്‌ലാമിൽ അന്ധകാരം വ്യാപിക്കുന്ന അവസാന കാലഘട്ടത്തിൽ മുസ്‌ലിം സമൂഹത്തിന്റെ രക്ഷക്കായി അവതരിക്കുന്ന ഒരു പരിഷ്കർത്താവിനെ സംബന്ധിച്ച് നബി (സ) തിരുമേനി പ്രവചിച്ചത്. ബുഖാരി കിതാബുതഫ്സീറിൽ സൂറ ജുമുഅ അവതരിച്ചപ്പോൾ, ഇസ്‌ലാമിന്റെ രക്ഷക്കായി എത്തുന്ന ആ അവസാന സംഘം ഏതാണെന്ന് സഹാബത്ത് ചോദിച്ചതിന് മറുപടിയായി നബി (സ) തിരുമേനി ഹദ്റത്ത് സൽമാൻ ഫാരിസിയുടെ തോളിൽ കൈവെച്ച് കൊണ്ട് പറഞ്ഞു:

ആ കാലത്ത് ഈമാൻ സുരയ്യാ നക്ഷത്രം വരെ ഉയർത്തപ്പെട്ടാലും ഈ സമൂഹത്തിൽ നിന്ന് ഒരാളോ ഒരുസംഘമോ അത് തിരികെ കൊണ്ട് വന്ന് ജനഹൃദയങ്ങിൽ വീണ്ടും സ്ഥാപിക്കുന്നതാണ്. കൂടാതെ മറ്റ് ഹദീസുകളിൽ നബി (സ) തിരുമേനി തന്റെ സമുദായത്തിൽ അവതരിക്കുന്ന പരിഷ്കർത്താവിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഗുണഗണങ്ങളും പ്രത്യേകതകളും കാരണം മസീഹ് എന്നും മഹ്ദി എന്നും നാമകരണം ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞു. ആഗതരാകുന്ന ഇമാം മഹ്ദിക്ക് വെളിപ്പെടുന്ന സുപ്രധാന അടയാളങ്ങളിൽ ഒന്ന് സൂര്യചന്ദ്രഗ്രഹണമാണ്. പറയുന്നു;

നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളമുണ്ട്. ആകാശഭൂമിയെ സൃഷ്ടിച്ച ശേഷം ഒരു നബിക്കോ ഒരു റസൂലിനോ തങ്ങളുടെ സത്യസാക്ഷ്യത്തിനായി ഇത് നൽകിയിട്ടില്ല. അതിൽ ഒന്ന് മഹ്ദി മൗഊദിന്റെ കാലഘട്ടത്തിൽ നിർണയിക്കപ്പെട്ട രാത്രികളിലെ ആദ്യരാത്രിയിൽ ചന്ദ്രന് ഗ്രഹണം സംഭവിക്കുന്നതാണ്. അതുപോലെ സൂര്യനും നിർണയിക്കപ്പെട്ട ദിനങ്ങളിലെ മധ്യത്തിൽ ഗ്രഹണം സംഭവിക്കും.

1890 ൽ സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) അല്ലാഹുവിന്റെ കല്പനപ്രകാരം, ബനീ ഇസ്റായീൽ സമൂഹത്തെ സമുദ്ധരിക്കാൻ വന്ന മസീഹ് വഫാത്തായിരിക്കുന്നുവെന്നും അദ്ദേഹം വീണ്ടും അവതരിക്കുമെന്ന വാഗ്ദാന പൂർത്തീകരണം സദൃശ്യപുരുഷനുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും വിളംബരം ചെയ്തു. അതോടൊപ്പം ആ സദൃശ്യ പുരുഷൻ താനാണെന്നും പ്രഖ്യാപിച്ചു. അങ്ങനെ അദ്ദേഹം മുറപ്രകാരം 1891 ൽ മസീഹ് മൗഊദ്, മഹ്ദി മൗഊദാണെന്ന വിളംബരം ചെയ്തു. തന്റെ വിളംബരം മൂന്നുവർഷം പൂർത്തിയാക്കിയപ്പോൾ 1894 ൽ മുൻ പ്രവചനാടിസ്ഥാനത്തിൽ റമദാൻ മാസത്തിലെ 13-ാം തീയതി ചന്ദ്രനും 28 ന് സൂര്യനും ഗ്രഹണം സംഭവിച്ചു. അതിനെത്തുടർന്ന് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് (അ) താക്കീത് നൽകികൊണ്ട് പറഞ്ഞു: സത്യത്തിൽ ആദം(അ) മുതൽ ഇന്നുവരെ ആരും തന്നെ ഇത്തരത്തിലുള്ള പ്രവചനം ചെയ്തിട്ടില്ല. ഈ പ്രവചനത്തിന് നാല് വശങ്ങളുണ്ട്. അതായത് ചന്ദ്രഗ്രഹണം അതിനായി നിർണയിക്കപ്പെട്ട ദിനങ്ങളിലെ ആദ്യ രാത്രിയിൽ സംഭവിക്കുക. രണ്ടാമതായി സൂര്യഗ്രഹണം അതിനായി നിർണയിക്കപ്പെട്ട ദിനങ്ങളിലെ മധ്യത്തിൽ സംഭവിക്കുക. മൂന്നാമതായി റമദാൻ മാസം ആയിരിക്കുക. നാലാമതായി വാദി ജീവിച്ചിരിക്കുകയും അദ്ദേഹത്തെ നിരാകരിക്കുകയും ചെയ്യുക. ഈ പ്രവചനത്തിന്റെ മഹത്വത്തിൽ നിഷേധ മനോഭാവമാണെങ്കിൽ ലോക ചരിത്രത്തിൽ നിന്ന് ഇതിന് തതുല്യമായത് എടുത്തു കാട്ടുക. എതുവരെ ഇതിന് തുല്യമായത് ലഭിക്കുന്നില്ലയോ അതുവരെ ഈ പ്രവചനം മറ്റെല്ലാ പ്രവനങ്ങളെക്കാളും ഉന്നതിയിൽ നിലകൊള്ളുന്നതാണ്. ഇതിനെ സംബന്ധിച്ച് **ഫലായുള്ഹിറു അലാ ഗയ്ബിഹി അഹദാ** എന്ന ആയത്ത് സാക്ഷ്യപ്പെടുത്തുന്നു. (തുഹഫയെ ഗോൾഡവിയ്യാ പേജ് 29)

ഇനി നബി (സ) തിരുമേനി പ്രവചനം ചെയ്ത മഹ്ദി ഇമാമും മസീലെ മസീഹുമായ മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) ലൂടെ എപ്രകാരം ദൈവീക പ്രഭ പ്രതിഫലിച്ചുവെന്ന് ഇനി നോക്കുക. ഹുസൂർ (അ) പറയുന്നു:

അല്ലാഹു എന്റെ സത്യതയ്ക്ക് വെളിവാക്കിയ അടയാളങ്ങൾ ഇന്നത്തെ ദിവസം അതായത് 1906 ജൂലൈ 16 ൽ ഞാൻ ഓരോന്നായി എണ്ണുകയാണെങ്കിൽ അല്ലാഹുവിൽ സത്യം ചെയ്ത് കൊണ്ട് പറയുന്നു, അവ 3 ലക്ഷത്തേക്കാൾ അധികമായിരിക്കും. ആരെങ്കിലും എന്നെ ഈ കാര്യത്തിൽ സംശയിക്കുന്നുണ്ടെങ്കിൽ ഞാൻ അതിനായി തെളിവുകൾ സമർപ്പിക്കാൻ സന്നദ്ധനാണ്. (ഹഖീഖത്തുൽ വഹ്യ് പേജ് 67)

അതിലേക്കായി ആ മഹാത്മാവിന്റെ ചില പ്രവചനങ്ങൾ വിവരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒന്നാം ലോകമഹായുദ്ധത്തെ കുറിച്ച് 9 വർഷങ്ങൾക്ക് മുമ്പ് തന്നെ പ്രവചനം ചെയ്തിരുന്നു. അതുപോലെ 1905 ൽ ആ മഹാത്മാവിന് സർ ചക്രവർത്തിയുടെ നാശത്തെ സംബന്ധിച്ചും ഇൽഹാം ഉണ്ടായി,

റഷ്യൻ ഭരണം ലോകത്ത് കൊടികുത്തി വാഴുന്ന കാലഘട്ടത്തിലാണ് ഈ പ്രവചനം വിളംബരം ചെയ്യുന്നത്. സർ ചക്രവർത്തിയുടെ ഭരണം തന്റെ ഔന്നത്യത്തിൽ നിലകൊള്ളുന്ന അവസരത്തിൽ ആരും തന്നെ സ്വപ്നത്തിൽ പോലും അയാളുടെ അവസ്ഥ ദയനീയമായി തീരുന്നതാണെന്ന് ചിന്തിച്ചിരുന്നില്ല. എന്നാൽ അല്ലാഹു പറഞ്ഞ സമയം വന്നപ്പോൾ ഉടൻ അവസ്ഥമാറുകയും ആശ്ചര്യപ്പെടുത്തുകയും ചെയ്തു. 1917 മാർച്ച് 15 ന് ലോകത്തിലെ ഏറ്റവും വലിയ ഭരണത്തിന് ഉടമയായ ചക്രവർത്തി, തന്നെ സ്വയം സർ എന്ന് പ്രകീർത്തിച്ച് കൊണ്ടിരുന്ന, ആരുടെയും അധികാരത്തെ മാനിക്കാത്ത, എല്ലാവരേയും അടക്കി വാണിരുന്ന ആ ഭരണാധികാരിക്ക്, താനും തന്റെ മക്കളും റഷ്യൻ ഭരണത്തിൽ നിന്ന് വിട്ടൊഴിയുകയാണെന്ന് സ്വയം വിളംബരം ചെയ്യേണ്ടിവന്നു. അതിനുശേഷം സർ ചക്രവർത്തിക്ക് അനുഭവിക്കേണ്ടിവന്ന പീഡനങ്ങളെ സംബന്ധിച്ച് കേൾക്കുന്നവർ കാഠിനഹൃദയരാണെങ്കിൽ പോലും വിറകൊണ്ടുപോകും. തടവറയിൽ രോഗിയായ തന്റെ കുഞ്ഞിനെ കൺമുന്നിലിട്ട് കിരാതനായ ഭടൻ നിഷ്ഠൂരമായി കൊല ചെയ്തു. കരയാൻ പോലും അവരെ അനുവദിച്ചില്ല. അവരുടെ പെൺമക്കളെ സർ ചക്രവർത്തിയുടെയും ഭാര്യയുടെയും മുന്നിൽ പീഡിപ്പിച്ചു. മനുഷ്യത്വരഹിതമായ ഈ പ്രവൃത്തി കാണുവാൻ അവർ രണ്ടുപേരെയും നിർബന്ധിച്ചു. ചുരുക്കത്തിൽ അതികഠിന പീഡനങ്ങൾക്ക് വിധേയമാക്കിയ ശേഷം 1918 ജൂലൈ 16 ന് കുടുംബത്തോടൊപ്പം അതിക്രൂര ശിക്ഷ നൽകി സർ ചക്രവർത്തിയെ വധിച്ചു. ലോകത്തിലെ പത്രങ്ങൾ മസീഹ് മൗഊദ് (അ) ന്റെ പ്രവചന വാക്കുകൾ തന്നെ ഉപയോഗിച്ച് കൊണ്ട് വാർത്തകൾ പ്രസിദ്ധീകരിച്ചു.

പിന്നീട് 1883 ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് മറ്റൊരു ഇൽഹാം ഉണ്ടായി.

രണ്ട് ആടുകൾ അറുക്കപ്പെടുന്നതാണ്. ഭൂമിയിൽ മരണത്തിൽ നിന്ന് രക്ഷപ്പെടുന്ന ഒന്നും തന്നെയില്ല. ഈ പ്രവചനം ഹദ്റത്ത് മൗലവി അബ്ദുറഹ്മാൻ സാഹിബിലൂടെയായിരുന്നു പുലർന്നത്. അദ്ദേഹത്തെ 1901 ന്റെ മധ്യത്തിൽ കാബൂളിന്റെ മണ്ണിൽ വെച്ച് അതിദാരുണമായ നിലയിൽ ശഹീദാക്കി. ആ ശഹാദത്തിന് കാരണക്കാരനായ അക്കാലഘട്ടത്തിലെ

അമീർ, അബ്ദുറഹ്മാൻ ഖാനെ അതിശക്തമായ അല്ലാഹുവിന്റെ തീക്ഷ്ണ പ്രഭാവം 1901 സെപ്തംബർ 10 ന് തളർവാത രൂപത്തിൽ പിടികൂടി. എല്ലാത്തരം ഭൗതീക പരിശ്രമങ്ങൾക്കുമൊടുവിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഏറ്റുവാങ്ങിക്കൊണ്ട് 1901 ഒക്ടോബർ 3 ന് അയാൾ ഈ ലോകത്ത് നിന്ന് വിടവാങ്ങി.

ഈ പ്രവചനത്തിന്റെ രണ്ടാം പകുതി പുലർന്നത് 1903 ജൂലൈ 14 ൽ ഹദ്റത്ത് സാഹിബ്സാദാ അബ്ദുൽ ലത്തീഫ് സാഹിബിന്റെ ശഹാദത്തോടുകൂടിയാണ്. അത്ഭുതമെന്ന് പറയട്ടെ, ഹദ്റത്ത് സാഹിബ്സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിന്റെ ശഹാദത്തിന് ഒരു മാസം തികയുന്നതിന് മുമ്പ് തന്നെ കാബൂളിൽ ഇതിന് മുമ്പ് ഒന്നും ഉണ്ടായിട്ടില്ലാത്ത, അതിശക്തമായ ചുവന്ന കാറ്റ് വീശുവാൻ തുടങ്ങി. അതിനുശേഷം കോളറ എന്ന മഹാമാരി പൊട്ടിപുറപ്പെട്ടു. ആയിരക്കണക്കിന് ആളുകൾ അതിന് ഇരയായി. ഏതുവരെയെന്നാൽ സർദാർ നസറുല്ലാഹ് ഖാന്റെ ഭാര്യയേയും യുവാവായ മകനേയും കോളറ പിടികൂടി. അതിനെ സംബന്ധിച്ച് എഴുതുന്നു, അയാളുടെ അവസ്ഥ ഭ്രാന്തനെ പോലെ ആയിത്തീർന്നു. ഒരു മുറിയിൽ നിന്ന് മറ്റെ മുറിയിലേക്ക് പോകുകയും ഭാര്യയെ അന്വേഷിക്കുകയും നീ എവിടെയാണ് എന്നിങ്ങനെ പുലമ്പികൊണ്ടിരിക്കുകയും ചെയ്തു. ചുരുക്കത്തിൽ അല്ലാഹുവിന്റെ തീക്ഷ്ണ പ്രഭാവം അയാളിലും ആഘാതം ഏൽപ്പിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥത്തിൽ ഈ രണ്ട് ശുഹദാക്കളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചതിനുശേഷം പറയുന്നു;

ഓ, കാബൂളിന്റെ ഭൂമി, നീ സാക്ഷിയാണ്. നിന്റെ മേൽ അതിക്രൂരമായ തിന്മ നടമാടിയിരിക്കുന്നു. ഭാഗ്യഹീനമായ ഭൂമി, നീ ദൈവദൃഷ്ടിയിൽ ഇകഴ്ത്തപ്പെട്ടിരിക്കുന്നു.

അന്നുമുതൽ കാബൂളിന്റെ മണൽതരികൾ തീക്ഷ്ണമയ ദൈവശിക്ഷയുടെ പ്രതീകമായി തുടർന്നു വരുന്നു എന്നിതിന് മുഴുലോകവും സാക്ഷിയാണ്.

ഇനി ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ മഹാനായ വാഗ്ദത്ത പുത്രനെ സംബന്ധിച്ച് ചെയ്ത പ്രവചനത്തെ കുറിച്ച് പറയാം. അല്ലാഹു അദ്ദേഹത്തിന് അങ്ങേയറ്റം പരിശുദ്ധനും സൽസ്വഭാവിയുമായ ഒരു മകനെ കുറിച്ച് അറിവ് നൽകിക്കൊണ്ട് പറഞ്ഞു: അവൻ സൗന്ദര്യത്തിലും സ്വഭാവത്തിലും നിനക്ക് സദൃശ്യനായിരിക്കും. അവൻ മുസ്‌ലിഹ് മൗഊദ് ആയിരിക്കും. അവൻ മുഖേന മഹത്തരമായ പരിശുദ്ധ വിപ്ലവം സംജാതമാകുന്നതാണ്. ഹുസൂർ 1886 ഫെബ്രുവരി 20 ന് ദൈവീക കല്പനയുടെ വെളിച്ചത്തിൽ പ്രസിദ്ധീകരിച്ച തന്റെ വിജ്ഞാപനത്തിൽ പരിശുദ്ധനായ വാഗ്ദത്ത പുത്രനെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു:

അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്ത് വന്ന് തന്റെ മസീഹി ഗുണവും സത്യാത്മാവിന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകീകവും ആത്മീയവുമായ വിദ്യകളാൽ അവൻ നിറക്കപ്പെടും. നാം നമ്മുടെ ആത്മാവ് അവനിൽ ഇറക്കും. അവന്റെ തലക്കുമീതെ ദൈവത്തിന്റെ നിഴൽ ഉണ്ടാകും. അവൻ വേഗം വേഗം വളരും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. സമൂഹങ്ങൾ അവനിൽ നിന്ന് അനുഗ്രഹം കൈകൊള്ളും.

ചുരുക്കത്തിൽ ഇതൊരു പ്രവചനം മാത്രമായിരുന്നില്ല. മറിച്ച് പ്രൗഢഗംഭീരമായ പ്രവചനങ്ങളുടെ സാഗരമായിരുന്നു. ആ വാഗ്ദത്ത പുത്രൻ ഒമ്പത് വർഷത്തിനുള്ളിൽ ജനിക്കുന്നതാണെന്നും ആ മഹാത്മാവിന് അറിവ് നൽകിയിരുന്നു. ലോകത്ത് ഏതൊരു മനുഷ്യനാണ് തന്റെ മകനെക്കുറിച്ച്, അതും ജനിക്കുന്നതിന് മുമ്പ് തന്നെ ഇത്തരത്തിൽ പ്രവചനം ചെയ്തിട്ടുള്ളത്? തദവസരത്തിൽ ആ മഹാത്മാവിന്റെ എതിരാളികൾ വിളംബരം ചെയ്യുന്നു, അദ്ദേഹത്തിന്റെ നാമം പോലും മൂന്ന് വർഷത്തിനുള്ളിൽ മൺമറഞ്ഞ് പോകുന്നതാണ്. എന്നാൽ അങ്ങനെ ആയിരുന്നില്ല. ആ മഹാത്മാവിന്റെ പ്രവചനമാണ് ഉദാത്ത നിലയിലും അക്ഷരാർഥത്തിലും പിന്നീട് പുലർന്നത്. ഇത് യഥാർഥത്തിൽ സർവജ്ഞനും സൂക്ഷ്മജ്ഞനുമായ ഒരു ദൈവവുമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ബന്ധമുണ്ടായിരുന്നു എന്നതിനുള്ള തെളിവല്ലേ? ലോകം ഇതിനെല്ലാം സാക്ഷിയാണ്, അല്ലാഹുവിന്റെ സുവാർത്ത പ്രകാരം 1889 ജനുവരി 12 ന് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ജനിച്ചു. അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം തന്നെ അദ്ദേഹം ഉന്നതികൾ അതിവേഗം താണ്ടി. 1914 മാർച്ച് മാസം 14 ന് അദ്ദേഹം ഖിലാഫത്തിന്റെ മഹനീയ സ്ഥാനം അലങ്കരിച്ചു. അദ്ദേഹത്തിന്റെ 52 വർഷ ഖിലാഫത്ത് കാലഘട്ടത്തിൽ അതിശക്തമായ എതിർപ്പുകൾ ഉണ്ടായിട്ട് കൂടി ലോകം മുഴുവനും ഇസ്‌ലാമിന്റെ പ്രചരണത്തിനായി അദ്ദേഹം മിഷനുകൾ സ്ഥാപിച്ചു. ഇസ്‌ലാംമതത്തിന്റെ മഹത്വവും ദൈവീക ഗ്രന്ഥത്തിന്റെ മഹിമയും ജനഹൃദയങ്ങളിൽ അങ്കുരിപ്പിച്ച്കൊണ്ട് അദ്ദേഹത്തിന്റെ യശസ്സ് ലോകം മുഴുവൻ വ്യാപിച്ചു. ആ മഹാത്മാവിന്റെ ജ്ഞാനവും അധ്യാത്മികദർശനവും അദ്ദേഹത്തിന്റെ ഖുർആൻ തഫ്സീറിൽനിന്നും ഗ്രന്ഥങ്ങളിൽ നിന്നും പ്രഭാഷണങ്ങളിൽ നിന്നും നദികൾ പോലെ ഒഴുകി. സ്വന്തക്കാർക്ക് പുറമെ അന്യർ പോലും അദ്ദേഹത്തിന്റെ ഖുർആനികജ്ഞാനത്തെ പാടിപുകഴ്ത്തി.

സർവജ്ഞനും സൂക്ഷ്മജ്ഞനുമായ ദൈവം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് തന്റെ ജമാഅത്തിന്റെ പുരോഗതിയെയും വിജയത്തെയും കുറിച്ച് സുവാർത്ത നൽകി. ഇതു സംബന്ധമായി അദ്ദേഹം പറയുന്നു:

ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിക്കുന്ന സന്ദർഭം ഞാൻ തനി

ച്ചായിരുന്നു. എന്റെ കൂടെ മറ്റൊരാൾ ഉണ്ടായിരുന്നുവെന്ന് തെളിക്കാൻ ആർക്കെങ്കിലും സാധിക്കുമോ? ആ കാലഘട്ടിൽ ഇതു സംബന്ധമായി 50 ൽ പരം പ്രവചനങ്ങൾ അല്ലാഹു എനിക്ക് നൽകി. ഒരു പക്ഷേ നീ ഇന്ന് ഏകനാണ്. നിന്റെ കൂടെ ഒരു സമൂഹം ഉണ്ടാകുന്ന കാലം വരുന്നതാണ്. രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽ നിന്ന് അനുഗ്രഹം തേടുന്ന തരത്തിൽ നിന്റെ പ്രശസ്തി ഉയരുന്ന കാലം വരുന്നതാണ്. കാരണം നിനക്ക് അനുഗ്രഹം നൽകപ്പെട്ടിരിക്കുന്നു. അല്ലാഹു പരിശുദ്ധനാണ് അതിനാൽ അവൻ ആഗ്രഹിക്കുന്നത് അവൻ ചെയ്യുന്നു. അവൻ നിന്റെ ശൃംഖലയെയും നിന്റെ ജമാഅത്തിനെയും ഭൂലോകത്ത് വ്യാപിപ്പിക്കുന്നതാണ്. അവർക്ക് ഐശ്വര്യം നൽകപ്പെടുന്നതാണ്. അവർ പുരോഗതി പ്രാപിക്കുകയും ഭൂമിയിൽ അവരുടെ യശസ്സ് നിലകൊള്ളുന്നതുമാണ്. (തുഹ്ഫ നദ്‌വിയ്യാ)

ജമാഅത്തിന്റെ നൂറ്റിഇരുപ്പത്തിയഞ്ച് വർഷകാലചരിത്രം ഇതിനു തെളിവാണ്. അജ്ഞാത ദേശമായ ഖാദിയാനിൽ നിന്ന് ഉയർന്ന ആ ശബ്ദം, ഉലമാക്കൾ ആ ശബ്ദം നശിപ്പിക്കുവാൻ അങ്ങേയറ്റം പരിശ്രമിച്ചു, അവർക്ക് പുറമെ ലോകത്തിലെ വലിയ വലിയ ഭരണാധികാരികളും അവരുടെ തലവൻമാരും സേച്ഛാധിപതികളും എതിർപ്പിന്റെ അങ്ങേതലയറ്റം വരെ പോയെങ്കിലും ഈ ദുർബല ശബ്ദം പഞ്ചാബിൽ നിന്ന് പിന്നീട് പട്ടണങ്ങളെയും രാജ്യങ്ങളെയും ഭൂഖണ്ഡങ്ങളെയും കീഴടക്കി 206 രാഷ്ട്ങ്ങൾ വ്യാപിച്ചിരിക്കുന്നു. ഇത് മുഴുലോകവും ആവരണം ചെയ്യുന്ന രീതിയിൽ വ്യാപിക്കുന്നകാലം വിദൂരമല്ല. **ഇൻശാ അല്ലാഹ്.**

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു.

അല്ലാഹു പലതവണ എനിക്ക് അറിയിപ്പ് നൽകിയിരിക്കുന്നു. അവൻ എനിക്ക് മഹിമ നൽകി അനുഗ്രഹിക്കുന്നതാണ്. എന്നോടുള്ള മമത ഹൃദയങ്ങളിൽ സംജാതമാക്കുകയും എന്റെ സമൂഹം ലോകം മുഴുവൻ വ്യാപിക്കുന്നതുമാണ്. എല്ലാ ജമാഅത്തിന്റെ മേലും എന്റെ ജമാഅത്ത് വിജയം കരസ്ഥമാക്കുന്നതാണ്, എന്റെ ജമാഅത്ത് സത്യപ്രകാശത്താലും തങ്ങളുടെ തെളിവുകൾ കൊണ്ടും പ്രശോഭിതമായ അടയാളങ്ങൾ കൊണ്ടും മറ്റുള്ളവരെ നിശബ്ദരാക്കുന്ന വിധത്തിൽ അറിവും പരിജ്ഞാനവും കരസ്ഥമാക്കുന്നതാണ്. എല്ലാ സമുദായവും ഈ അരുവിയിൽ നിന്ന് അനുഗ്രഹം തേടും. ഈ ജമാഅത്ത് പെട്ടെന്ന് വളരുകയും പുഷ്പ്പിക്കുകയും ചെയ്യും. എതുവരെയെന്നാൽ അത് ഭൂമിയിൽ പടർന്നു പന്തലിക്കുന്നതാണ്. ഒരുപാട് തടസ്സങ്ങൾ ഉണ്ടാകും. പരീക്ഷണങ്ങൾ വരുന്നതാണ്. എന്നാൽ അല്ലാഹു എല്ലാം ദുരികരിക്കുകയും വാഗ്ദാനം പൂർത്തീകരിക്കുന്നതുമാണ്. അല്ലാഹു എന്നെ അഭിമുഖീകരിച്ച് പറഞ്ഞു: ഞാൻ നിനക്ക് അനുഗ്രഹങ്ങൾക്ക് മേൽ അനുഗ്രഹം നൽകുന്നതാണ്. ഏതുവരെയെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽ നിന്ന് അനുഗ്രഹം തേടും. കേൾവിക്കരേ! ഈ കാര്യങ്ങൾ ഓർമ വെക്കുക. ഈ പ്രവചനങ്ങളെ സ്വന്തം പെട്ടികളിൽ സൂക്ഷിക്കുക. ഇത് അല്ലാഹുവിന്റെ വചനമാകുന്നു. ഒരു ദിവസം ഇവ പൂർത്തിയാകുന്നതാണ്. (തജ്ജല്ലിയാത്തെ ഇലാഹിയാ പേജ് 20 21)

ഈ മുൻകാല പ്രവാചകന്മാരുടെ ചരിത്രം, അവരുടെ സമാനതകളില്ലാത്ത വിജയം, പ്രൗഢഗംഭീരമായ പ്രവചന പൂർത്തീകരണം എല്ലാംതന്നെ നമ്മെ സർവശക്തനും സർവജ്ഞനും സൂക്ഷ്മജ്ഞനുമായ ഒരു ദൈവത്തിലേക്കാണ് ആനയിക്കുന്നത്. ഈ പ്രപഞ്ചം സൃഷ്ടിച്ച, മഹത്വമുടയവനും സർവഗുണഗണങ്ങൾക്കും ഉടമയായ ഒരു ദൈവം ഈ പ്രവാചകന്മാരിലൂടെ തിരിച്ചറിയപ്പെടുന്നു. മതനിഷേധികൾക്കും നിരീശ്വരവാദികൾക്കും ഒരോ പ്രവാചകന്മാരുടേയും ചരിത്രം തുറന്ന മറുപടിയാണ്.

ദൈവാസ്തിക്യത്തിന്റെ ശക്തിപ്രഭാവത്തെ വിവരിച്ച്കൊണ്ട് ഈ കാലഘട്ടത്തിന്റെ ഇമാം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ മഹ്ദി മൗഊദ് (അ) പറയുന്നു;

നമ്മുടെ ദൈവത്തിൽ അസംഖ്യം അത്ഭുതങ്ങളുണ്ട്. സത്യസന്ധതയോടും വിശ്വസ്തതയോടും കൂടി അവന്റേതായി തീർന്നവൻ മാത്രമാണ് അത് കാണുന്നത്. അവന്റെ ശക്തിപ്രഭാവത്തിൽ വിശ്വസിക്കാത്തവരുടെയും അവനോട് സത്യമായ കൂറ് പുലർത്താത്തവരുടേയും മേൽ അവൻ അത്ഭുതങ്ങൾ വെളിപ്പെടുത്തുകയില്ല.

സർവശക്തനായ ഒരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാൻ! നമ്മുടെ സ്വർഗം നമ്മുടെ ദൈവമാണ്. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യവും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണ് അവൻ. ജീവനും സർവസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നുവന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അത്. അല്ലയോ ഹതഭാഗ്യരേ, ഇതാ ഈ നീർധാരയിലേക്ക് ഓടിയടുക്കുവിൻ, അത് നിങ്ങളെ വയറു നിറയെ കുടിപ്പിക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിത സ്രോതസ്സാണത്. ഈ സന്തോഷ കാര്യം ഹൃദയങ്ങളിൽ കുടി ഇരുത്തുവാൻ ഞാൻ എന്താണ് ചെയ്യേണ്ടത്? ഇതാ നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്? ലോകർ കേൾക്കുമാറാകുവാൻ, ലോകരുടെ കാത് തുറപ്പിക്കാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്.(കിശ്ത്തി നൂഹ്)

www.alislam.org

# പ്രാർഥനയുടെ തത്ത്വശാസ്ത്രം

പ്രാർഥനയും അതിന്റെ സഫലതയും അത്ഭുതകരമായ യാഥാർഥ്യമാണ്. പ്രവാചകന്മാർ വരുത്തിയ എല്ലാ പരിവർത്തനങ്ങളുടെയും ചാലകശക്തി പ്രാർഥനയാണ്. പ്രാർഥനയുടെ അത്ഭുതശക്തിയെ പറ്റി വാഗ്ദത്ത മസീഹ് (അ) നൽകിയ പാഠങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്.

നസീർ അഹ്മദ്

***"എന്റെ ദാസന്മാർ എന്നെക്കുറിച്ച് നിന്നോട് ചോദിക്കുമ്പോൾ (പറയുക:) ഞാൻ സമീപസ്ഥനാണ്. പ്രാർഥിക്കുന്നവൻ എന്നോട് പ്രാർഥിക്കുമ്പോൾ ഞാൻ അവന് ഉത്തരം നൽകുന്നു. അതിനാൽ അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പിന്തുടരാൻ വേണ്ടി" (വിശുദ്ധ ഖുർആൻ 2:187).***

ഏതൊരു മതത്തിന്റെയും ആത്മീയഘടനയ്ക്ക് താങ്ങായി നിൽക്കുന്ന അതുല്യവും സുപ്രധാനവുമായ ഘടകമാണ് പ്രാർഥന. നമ്മുടെ ആത്മീയവും ഭൗതികവുമായ ആവശ്യപൂർത്തീകരണത്തിനായി ദൈവത്തോട് പ്രാർഥിക്കാൻ വിശുദ്ധ ഖുർആൻ നമ്മെ നിരന്തരം അനുശാസിക്കുന്നു.

ദൈവത്തോട് നാം പ്രാർഥിക്കണമെന്നു മാത്രമല്ല അവൻ കൽപ്പിക്കുന്നത്. പ്രാർഥനയുടെ സ്വീകാര്യത എന്ന വിഷയം പ്രാർഥനയുടെ തത്ത്വശാസ്ത്രത്തിന്റെ തന്നെ വ്യാപകമായ ഒരു ശാഖയാണെന്നു ഹദ്റത്ത് അഹ്മദ് (അ) പ്രസ്താവിച്ചു. പ്രാർഥനയുടെ തത്ത്വശാസ്ത്രം ഗ്രഹിച്ചിട്ടില്ലാത്ത ഒരു വ്യക്തിയ്ക്ക് പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നതിന്റെ പൊരുൾ മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ഇക്കാര്യം സുഗ്രാഹ്യമാക്കാൻ ആ മഹാത്മാവ് ദൈനംദിന ജീവിതത്തിൽ നിന്ന് ഉദാഹരണങ്ങൾ എടുത്തുകാണിക്കുകയുണ്ടായി.

*"ദൈവം തന്റെ ദാസരെ മിത്രങ്ങളുടെ പദവിയിലേക്കുയർത്തുകയും അവരുമായി രണ്ടുവിധത്തിലുള്ള ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ സുഹൃത്തുക്കളോടെന്നപോലെ ദൈവം അവരുടെ അപേക്ഷകളെ സ്വീകരിക്കുന്നു. ചിലപ്പോൾ തന്റെ മിത്രങ്ങൾ തന്റെ തീരുമാനത്തെ സ്വീകരിക്കട്ടെയെന്ന് ആഗ്രഹിക്കുന്നു. എന്നാൽ, ഈ രണ്ടവസ്ഥയിലും യഥാർഥ സുഹൃത്തുക്കളോടെന്നപോലെ ദൈവം തന്റെ സ്നേഹിതന്മാരുടെ ഉത്തമതാൽപര്യങ്ങൾക്കനുസരിച്ചു തന്നെ വർത്തിക്കുന്നു" (ഹഖീഖത്തുൽ വഹ്‌യ്, പേജ് 21).*

ഇക്കാര്യം ആ മഹാത്മാവ് മറ്റൊരു ഉദാഹരണത്തിലൂടെ കൂടുതൽ വ്യക്തമാക്കുന്നതു ഇപ്രകാരമാണ്: *"ലോകത്തിലെ ഒരൗഷധത്തിനും മനുഷ്യനെ മരണത്തിൽനിന്നു രക്ഷിക്കാൻ സാദ്ധ്യമല്ലെന്ന കാര്യം നമുക്കറിയാം. എന്നിരിക്കിലും ശാരീരികമായ അസുഖങ്ങൾ ഭേദപ്പെടുത്താൻ ഔഷധങ്ങളിൽ നിക്ഷിപ്തമായ ഗുണങ്ങളെ നിഷേധിക്കാൻ ആരും തയ്യാറാവുകയില്ല. നിർദിഷ്ടമായ ഒരൗഷധം ചിലപ്പോൾ പ്രതീക്ഷിക്കുന്ന ഫലമുളവാക്കിയില്ലെന്നുവരാം. അതുകൊണ്ട് മാത്രം ആ ഔഷധത്തിൽ രോഗശമനത്തിനുള്ള ഗുണങ്ങൾ നിക്ഷിപ്തമല്ലെന്നു പറയുന്നത് ബുദ്ധിപൂർവമാവുമോ? തീർച്ചയായും ഇല്ല. ചിലപ്പോൾ നാം നൽകുന്ന മരുന്നിന്റെ അളവ് ശരിയായിക്കൊള്ളണമെന്നില്ല. ചിലപ്പോൾ മരുന്നു കഴിക്കേണ്ട സമയനിർണയം തെറ്റിപ്പോകാനിടയുണ്ട്. മറ്റു ചിലപ്പോൾ ശമനഗുണം നഷ്ടപ്പെടുമാറ് ഔഷധത്തിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടാവും. അതിനാൽ ഔഷധത്തിന്റെ ഗുണത്തെ മാത്രം കണക്കിലെടുക്കാതെ മറ്റു ഘടകങ്ങളെക്കുറിച്ചും പര്യാലോചിക്കേണ്ടതുണ്ട്."*

പ്രാർഥനയുടെ കാര്യവും ഇതുതന്നെയാണ്. ചിലപ്പോൾ പ്രാർഥനയിൽ കൂടുതൽ വികാരതീവ്രത ആവശ്യമായിരിക്കും. ചിലപ്പോൾ ശരിയായ കാര്യസാദ്ധ്യത്തിന് വേണ്ടിയായിരിക്കില്ല നാം പ്രാർഥിക്കുന്നത്. മറ്റു ചില അവസരങ്ങളിൽ പ്രാർഥന സ്വീകരിക്കപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ അനുയോജ്യമായിരിക്കില്ല. അല്ലാഹു ഭൗതികവും ആത്മീയവുമായ വ്യവസ്ഥിതികളെ ഒരേ കാര്യകാരണശൃംഖലയിൽ ബന്ധിച്ചിരിക്കയാണ്. അതിലൊന്നിനെ അംഗീകരിക്കുകയും മറ്റേതിനെ നിഷേധിക്കുകയും ചെയ്യുന്നത് പരമാബദ്ധമായിരിക്കും.

പ്രവാചകന്മാരും പുണ്യവാള

ന്മാരും വരെ തങ്ങളുടെ പ്രാർഥനകളെ സംബന്ധിച്ച് ഗുണദോഷിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, നൂഹ് നബി(അ) തന്റെ മകനെ സംബന്ധിച്ച് അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിച്ചതായി വിശുദ്ധ ഖുർആനിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

*'എന്റെ നാഥാ, സത്യമായും എന്റെ മകൻ എന്റെ കുടുംബത്തിൽപ്പെട്ടവനാണ്. തീർച്ചയായും നിന്റെ വാഗ്ദാനം സത്യമാണ്. നീ നീതിമാന്മാരിൽ ഏറ്റവും നീതിമാനല്ലോ!'*

*അല്ലാഹു മറുപടി പറഞ്ഞു: 'അല്ലയോ നൂഹേ, അവൻ (നിന്റെ മകൻ) തീർച്ചയായും നിന്റെ കുടുംബത്തിൽപ്പെട്ടവനല്ല. അവൻ യഥാർഥത്തിൽ ദു:സ്വഭാവിയായ ഒരു മനുഷ്യനാണ്. അതിനാൽ നിനക്കറിവില്ലാത്ത കാര്യത്തെക്കുറിച്ച് പറയരുത്. നീ അജ്ഞന്മാരിൽപെട്ടുപോകാതിരിക്കാൻ നാം നിന്നെ ഉപദേശിക്കുന്നു'* (11:46, 47).

ചില സന്ദർഭങ്ങളിൽ, ദുആ ചെയ്യുന്നത് അനാദരവായി പ്രവാചകന്മാരും പുണ്യവാളന്മാരും കരുതിയിട്ടുണ്ട്. ആപൽഘട്ടങ്ങളിൽ അവരുടെ ഹൃദയം പ്രാർഥിക്കണമെന്നഭിലഷിച്ചാൽ അവർ പ്രാർഥിച്ചിരുന്നു. ക്ഷമയും സ്ഥിരചിത്തതയും കൈക്കൊള്ളണമെന്നാണ് അവരുടെ ഉൾപ്രേരണയെങ്കിൽ അവർ സ്ഥിരചിത്തരായി നിലകൊണ്ടു. അപ്പോൾ അവർ പ്രാർഥിച്ചതുമില്ല.

അതിനാൽ, നാം നമ്മുടെ ദുആകളിലും ഇതു ശ്രദ്ധിക്കേണ്ടതായുണ്ട്. തങ്ങൾക്ക് നന്മയോ തിന്മയോ വരുത്തുകയെന്നതിനെ സംബന്ധിച്ച് അറിവില്ലാതെ ജനങ്ങൾ ഓരോ കാര്യങ്ങൾക്കുവേണ്ടി ദുആ ചെയ്തതായി വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു.

വ്യക്തിപരമായ ഉദ്ദേശ്യസാഫല്യത്തിനായി പ്രാർഥനയെ ഒരു മാർഗമായവലംബിക്കരുതെന്ന ചിലരുടെ വീക്ഷണത്തെ ഹദ്റത്ത് അഹ്മദ് (അ) ശക്തിയായി ഖണ്ഡിക്കുന്നു. ആ മഹാത്മാവ് ചോദിക്കുന്നു. *"ഔഷധം മരണത്തിന്റെ വാതിൽ കൊട്ടിയടച്ചു കളഞ്ഞിട്ടുണ്ടോ? ഔഷധം നിഷ്ഫലമായിത്തീരുക അസാദ്ധ്യമാണോ? എന്നാൽ ഔഷധത്തിന് അതിന്റേതായ ശക്തികളും പ്രത്യേകഗുണങ്ങളും ഉണ്ടെന്നതിനെ നിഷേധിക്കുന്നവരായി ആരെങ്കിലുമുണ്ടോ? എല്ലാ വസ്തുക്കൾക്കും അതാതിന്റെ നിയമങ്ങളും അളവുകളും ഉണ്ടെന്നതു നേരുതന്നെ. അതുകൊണ്ട്, ശാസ്ത്രം അനാവശ്യമായിത്തീരുകയോ അപ്രധാനമാവുകയോ ചെയ്യുന്നില്ല. അതുകൊണ്ടുമാത്രം മാർഗങ്ങളും ക്രമങ്ങളും ആശ്രയിക്കേണ്ടതില്ലെന്നും വരുന്നില്ല. ഒരു ഭാഗത്ത്, ഭൗതികമായ ഉപാധികളും മറുഭാഗത്ത് ആത്മീയമായ ഉപാധികളും സ്വാഭാവികമായ അളവുകളോടും നിർണയങ്ങളോടും കൂടിയതാണെന്നു ആഴത്തിൽ ചിന്തിച്ചാൽ നമുക്ക് മനസ്സിലാക്കാം." (ബറക്കാത്തുദ്ദുആ-പേജ് 11)*

പ്രാർഥനയെ സംബന്ധിച്ച യാഥാർഥ്യവും ഇതുതന്നെയാണ്. ഭൗതികവും ആത്മീയവുമായ വ്യവസ്ഥിതികൾ ഒരേ തത്ത്വത്തിലധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നതെന്ന് സൂക്ഷ്മമായ പരിചിന്തനം മുഖേന അറിയാൻ സാധിക്കും. ചരിത്രത്തിലുണ്ടായ മഹാത്ഭുതങ്ങൾ യഥാർഥത്തിൽ പ്രാർഥനയുടെ സ്വീകാര്യത്തിന്റെ ഫലമായാണുണ്ടായതെന്നതിന് അനേകം ഉദാഹരണങ്ങൾ വിശുദ്ധ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ഈ ലോകത്തിൽ ആഗതരായ ഒരു ലക്ഷത്തിൽപരം പ്രവാചകന്മാരുടെയും ലക്ഷക്കണക്കിനുള്ള പുണ്യവാളന്മാരുടെയും കരങ്ങളിൽ പ്രാർഥനയാകുന്ന ആയുധമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ലെന്നത് പ്രാർഥനയുടെ ശക്തിക്ക് തെളിവാണ്.

ഇസ്‌ലാമിന്റെ വളർച്ചയെയും വിജയത്തെയും സംബന്ധിച്ച് നിസ്തുല്യമായ ഒരു സമീപനമാണ് ഹദ്റത്ത് അഹ്മദ് (അ) കൈക്കൊണ്ടത്.

ആ മഹാത്മാവ് പ്രഖ്യാപിച്ചു:

*"അറേബ്യൻ മണലാരണ്യങ്ങളിൽ സംഭവിച്ച ദിവ്യാത്ഭുതത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മൃതരായ ലക്ഷക്കണക്കിനാളുകൾ ദിവസങ്ങൾക്കകം പുനരുജ്ജീവിച്ചു. തലമുറ തലമുറകളായി ദുഷിച്ചുപോയ ഒരു ജനത ദൈവിക ഗുണങ്ങളുടെ ദർപ്പണങ്ങളായി മാറി. അന്ധർക്ക് കാഴ്ച ലഭിച്ചു. മൂകരായവർ ദൈവികമായ ഉൾക്കാഴ്ചയോടെ സംസാരിച്ചു. മുമ്പൊരിക്കലും ഒരു കാതും കേട്ടിട്ടില്ലാത്ത, ഒരു കണ്ണും കണ്ടിട്ടില്ലാത്ത, മഹത്തായ പരിവർത്തനം ലോകത്തു സംഭവിച്ചു. അതെങ്ങനെയായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരു പുണ്യപുരുഷൻ രാത്രിയുടെ അന്ത്യയാമങ്ങളിൽചെയ്ത ഗദ്ഗദപൂർണമായ പ്രാർഥനകൾ സ്വീകരിക്കപ്പെട്ടതിന്റെ ഫലമായിരുന്നു അതെല്ലാം. സ്വർഗത്തിൽ അലയടികൾ സൃഷ്ടിച്ച പ്രാർഥനകൾ ഈ നിരക്ഷരനായ ഏക വ്യക്തിയോടല്ലാതെ മറ്റാരുമായും ബന്ധപ്പെടുത്തിക്കൂടാത്തതാണ്. പരിവർത്തനങ്ങൾ ഉണ്ടാക്കിയത് പ്രാർഥനകൾ മാത്രമാണ്! ഈ മാറ്റം എല്ലാവരും ഒരുപോലെ അസാദ്ധ്യമായിക്കരുതിയിരുന്നു" (ബറക്കാത്തുദ്ദുആ, പേജ് 10)*

എല്ലാം മുൻകൂട്ടി വിധിക്കപ്പെട്ടതിനാൽ പ്രാർഥനയുടെ ആവശ്യമില്ലെന്ന വാദക്കാർക്ക് മറുപടിയായി ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: *"ഉന്നതമായ ആത്മീയപദവികൾ കൈവരിക്കുകയും ദർശനങ്ങൾ ഉണ്ടാകുകയും ചെയ്യുന്നവർക്കറിയാം ചില പുണ്യവാളന്മാരുടെ പ്രാർഥനകളിൽ രൂപപ്പെടുത്തലിന്റെ ശക്തി സൃഷ്ടിക്കപ്പെടുമെന്ന്. അതായത്, ദൈവകൽപ്പനപ്രകാരം പ്രാർഥന രണ്ടു ലോകങ്ങളിലും നിയന്ത്രണം കൈവരിക്കുന്നു; ഭൗതികലോകത്തും ആത്മീയലോകത്തും."*

പ്രാർഥനയ്ക്ക് എല്ലാറ്റിനേയും ചലിപ്പിക്കാനുള്ള ശക്തിയുണ്ട്. സൂക്ഷ്മമായ കണങ്ങൾ മുതൽ ഭീമമായ ആകാശഗോളങ്ങൾവരെയും അഭിലഷിക്കുന്ന ദിശയിലേക്ക് ചലിപ്പിക്കാൻ പ്രാർഥനയ്ക്ക് കഴിയും.

അവസാനമായി പ്രാർഥനകൾ സ്വീകരിക്കപ്പെടുന്ന പ്രക്രിയയിലേക്ക് ഒരു ഉൾക്കാഴ്ച നൽകാൻ ശ്രമിക്കാം. പ്രാർഥിക്കുന്ന ആളും അല്ലാഹുവും തമ്മിൽ ഒരു ആകർഷണം

# ദില്ലി നഗരം സത്യപരീക്ഷണ വേദിയാവുന്നു

ദില്ലി ജുമാ മസ്ജിദിൽ വെച്ച് വാഗ്ദത്ത മസീഹ് നടത്തിയ സംഭ്രമജനകമായ വാദപ്രതിവാദത്തെക്കുറിച്ച് ലേഖകൻ വിവരിക്കുന്നു.

ഏ. ക്യു മഹ്ദി

ലുധിയാനയിൽ നിന്ന് മടങ്ങിയെത്തി ഒരു മാസത്തിനകം ഹദ്റത്ത് അഹ്മദ് (അ) മുഗൾ പ്രതാപ ഐശ്വര്യങ്ങൾ ഉദിച്ച് അസ്തമിച്ച ദില്ലിക്ക് പുറപ്പെട്ടു. ഒരു നൂറ്റാണ്ട് മുമ്പ് ദില്ലി ഇസ്‌ലാമിക വിജ്ഞാനത്തിന്റെ വലിയൊരു സാംസ്കാരിക കേന്ദ്രമായിരുന്നു. ദില്ലിയിൽ തന്റെ സന്ദേശം ഉദ്ഘോഷിക്കപ്പെടുന്നതോടെ ഇന്ത്യയൊട്ടാകെ അതിന്റെ അലയൊലികൾ പ്രത്യക്ഷപ്പെടുമെന്ന് ഹുസൂർ തിരുമനസ്സിന് ആത്മവിശ്വാസമുണ്ടായിരുന്നു. നിർഭാഗ്യകരമെന്ന് പറയട്ടെ വിശ്വാസാന്ധത കൊണ്ട് ക്ഷുഭിതരായി തീർന്ന ഒരു ജനസമൂഹത്തെയാണ് ഹുസൂറിന് ഡൽഹിയിൽ കാണേണ്ടി വന്നത്. ഹദ്റത്ത് അഹ്മദ്(അ)ന്റെ ആഗമന വൃത്താന്തമറിഞ്ഞ് ദില്ലിയിലെ മുസ്‌ലിം ജനതയാകെ രോഷം കൊണ്ട് ഇളകി മറിയുന്നുണ്ടായിരുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)ക്ക് ഇസ്‌ലാമിൽ തീരെ വിശ്വാസമില്ലെന്നും അദ്ദേഹം ഒരു ദൈവ നിഷേധിയായി മാറിക്കഴിഞ്ഞു വെന്നും മറ്റുമായിരുന്നു മുല്ല പ്രമാണികൾ ദില്ലിയിൽ നടത്തിയ കുപ്രചരണം. ഈ ദുഷ്പ്രചരണങ്ങളിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ട ഒരു വിഭാഗം ആ മഹാത്മാവിനെ നിഗ്രഹിക്കാൻ തന്നെ ഇറങ്ങി പുറപ്പെട്ടു.

ദില്ലിയിൽ കാലുകുത്തിയ ഉടൻ, ഹുസൂർ തിരുമനസ്സ് ഒന്നൊന്നായി മൂന്ന് ലഘു ലേഖകൾ പ്രസിദ്ധപ്പെടുത്തി. അവയിൽ തന്റെ വാദങ്ങളുടെ യഥാർഥ നില ദില്ലിയിലെ മുസ്‌ലിം സഹോദരന്മാർക്ക് മുമ്പിൽ വ്യക്തമാക്കുകയും ചെയ്തു. ഇതിനിടെ ദില്ലിയിലെ ഉലമാക്കൾ ഹദ്റത്ത് അഹ്മദി(അ) നെ ഒരു വാദപ്രതിവാദത്തിന് ക്ഷണിക്കുകയുണ്ടായി. ആ വെല്ലുവിളി ഹുസൂർ തിരുമനസ്സ് സധൈര്യം ഏറ്റെടുക്കുകയും ചെയ്തു.

ഇസാ നബി (അ) മരിച്ചു പോയിയിരിക്കുന്നു എന്ന വിശ്വാസത്തെ പറ്റി ഒരു വാദപ്രദിവാദം നടത്താൻ താൻ ഒരുക്കമാണെന്നും ഈസാ നബി (അ) ജീവിച്ചിരിക്കുന്നുവെന്ന് ഖുർആന്റെ വെളിച്ചത്തിൽ തെളിയിക്കുകയാണെങ്കിൽ താൻ മസീഹ് വാദം ഉപേക്ഷിക്കുകയും തന്റെ ഗ്രന്ഥങ്ങൾ ചുട്ടെരിക്കുകയും ചെയ്യുമെന്ന് ഹുസൂർ പ്രഖ്യാപിച്ചു. എന്നാൽ വാദ പ്രതിവാദം എഴുത്തു മുഖേന വരമൊഴിയിലൂടെ ആയി

---

സൃഷ്ടിക്കപ്പെടുന്നു എന്നതാണ് പ്രാർഥനയുടെ കഴമ്പ്. ആശയവിനിമയത്തിന്റെ ഒരു മാധ്യമം പ്രാർഥന മുഖേന സ്ഥാപിക്കപ്പെടുന്നു. ഇതെങ്ങനെയാണ് സംഭവിക്കുന്നതെന്ന് ഹദ്റത്ത് അഹ്മദ് (അ) വിവരിച്ചിട്ടുണ്ട്.

*“ആദ്യമായി അല്ലാഹുവിന്റെ കാരുണ്യം (റഹ്മാനിയ്യത്ത്) എന്ന ഒന്നാമത്തെ ഗുണം, ആരുടേയും പ്രാർഥനയുടെ ഫലമായല്ലാതെ ലഭിച്ചിട്ടുള്ള വസ്തുക്കൾ (വായു, സൂര്യൻ, ജലം മുതലായവ) കൃതജ്ഞതാപൂർവം സ്വയം അർപ്പിക്കുന്ന ദാസനെ ആകർഷിക്കുന്നു. ഈ സമർപ്പണത്തിന്റെ ആത്മാർഥത ഒരു കാന്തം പോലെ പ്രവർത്തിച്ച് അവനെ ദൈവവുമായി കൂടുതൽ അടുപ്പിക്കുന്നു. പ്രാർഥനക്കിടയിൽ ഈ ഘട്ടത്തിലെത്തിക്കഴിഞ്ഞാൽ പ്രാർഥന അതിന്റെ അത്ഭുതകരമായ ഗുണങ്ങൾ അതുല്യമായ മാർഗത്തിൽ പ്രകടമാക്കുന്നു. ഒരുമനുഷ്യന് വ്യക്തിപരമായ അനേകം ദുരിതങ്ങൾ ബാധിക്കുമ്പോൾ, അയാൾ എല്ലാവിധ അഹംഭാവവും കൈവെടിഞ്ഞ് ദൈവം തന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ളവനാണ് എന്ന ദൃഢവിശ്വാസത്തിൽ, തികഞ്ഞ കൂറോടും പൂർണമായ പ്രത്യാശയോടും കറകളഞ്ഞ സ്നേഹവായ്പോടും അല്ലാഹുവിലേക്ക് ചായുന്നു. ദൈവത്തിന്റെ നീതിപീഠം അവൻ തന്റെ മുന്നിൽ ദർശിക്കുന്നു. അല്ലാഹുവിനു യാതൊരു പങ്കുകാരനുമില്ലെന്ന് അവൻ മനസ്സിലാക്കുന്നു. അപ്പോൾ അവന്റെ ആത്മാവ് ആ ശക്തിയുടെ പടിവാതിലിൽ സാഷ്ടാംഗപ്രണാമം ചെയ്യുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തന്നിലേക്കാർഷിക്കുകയും ചെയ്യുന്നു.*

ആ ഘട്ടത്തിൽ മഹത്വവാനായ ദൈവം ആ വ്യക്തിയുടെ പ്രാർഥനയുടെ ഉദ്ദേശ്യത്തെ സഫലമാക്കുന്നു. അങ്ങനെ ആ പ്രാർത്ഥനയിലടങ്ങിയ അപേക്ഷ അനുവദിക്കുവാനാവശ്യമായ മാർഗങ്ങൾ രൂപംകൊള്ളാൻ ആരംഭിക്കുന്നു.

ഉദാഹരണമായി മഴയ്ക്ക് വേണ്ടി പ്രാർഥിക്കുമ്പോൾ അത് സ്വീകരിക്കപ്പെട്ടാൽ പ്രാർഥനയുടെ ഫലമായി മഴക്കാവശ്യമായ പ്രകൃതിപരമായ സംവിധാനങ്ങൾ ഒരുക്കപ്പെടുന്നു.” (ബറക്കാത്തുദ്ദുആ, ഭാഗം. 9)

തിക്കണമെന്നും ഈസാ നബി (അ) മരിച്ചുവോ ഇല്ലയോ എന്ന മുഖ്യ പ്രശ്നത്തെ അടിസ്ഥാനമാക്കി തന്നെയാവണം സംവാദത്തിന്റെ തുടക്കമെന്നും അദ്ദേഹം അറിയിച്ചു. രോഷാകുലരും അക്രമാസക്തരു മായ ഒരു സമൂഹത്തെയാണ് തനിക്ക് നേരിടേണ്ടിവരുന്നതെന്നതിനാൽ ക്രമസമാധാന പാലനത്തിന്ന് ഒരു യൂറോപ്യൻ ഓഫീസറുടെ നേതൃത്വ ത്തിൽ ശക്തമായ പോലീസ് സംര ക്ഷണം ഉറപ്പാക്കണമെന്നും അദ്ദേ ഹം ആവശ്യപ്പെട്ടു. ബ്രിട്ടീഷ് ഭരണകാലമായിരുന്നല്ലോ അന്ന്.

ദില്ലിയിലെ പണ്ഡിതന്മാരായ മൂന്ന് വ്യക്തികളുടെ പേരെടുത്ത് പറ ഞ്ഞാണ് അദ്ദേഹം വാദപ്രതിവാദ ത്തിന് ക്ഷണിച്ചത്. അവരിൽ ഒരാ ളായിരുന്നു ശംസുൽ ഉലമ മൗലവി അബൂ മുഹമ്മദ് അബ്ദുൽ ഹഖ് സാഹിബ്. അദ്ദേഹം ഹുസൂറിനോട് വിവാദ രംഗത്തേക്ക്, തന്നെ സദയം നിർദേശിക്കരുതെന്നും താൻ ഹദ്റത്ത് അഹ്മദുൽ ഖാദിയാ നി(അ)യുടെ ഒരു എതിരാളിയായി പ്രത്യക്ഷപ്പെടാൻ ഒരിക്കലും ആഗ്ര ഹിക്കുന്നില്ല എന്നും അറിയിച്ചു. വളരെ മാന്യമായ ഒരു സമീപ നമായിരുന്നു അബ്ദുൽ ഹഖിന്റേത്. മൗലവി സാഹിബിന്റെ അപേക്ഷ പ്രകാരം ഹുസൂർ അദ്ദേഹത്തെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി കൊടുക്കുകയും ചെയ്തു. എന്നാൽ ഹുസൂർ വിവാദ രംഗത്തേക്ക് ബാക്കി രണ്ട് പേരിൽ ഒരാളായ നദീർ ഹുസൈൻ സാഹിബ് ആകട്ടെ അഹ്ലെ ഹദീസ് കക്ഷിയുടെ പരമാ ചാര്യനും ഒരു വയോവൃദ്ധനു മായിരുന്നു. ഖുർആനെക്കാൾ എ പ്പോഴും വിശ്വസനീയവും ആധികാ രികതയും ഹദീസുകൾക്കാണെന്ന വിശ്വാസം പുലർത്തുന്നവരായിരു ന്നു അഹ്ലെ ഹദീസ് കക്ഷിക്കാർ. എന്നാൽ നദീർ ഹുസൈൻ സാഹി ബ് തന്റെ അരുമ ശിഷ്യനായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാ ലവി സാഹിബിന്റെ കയ്യിലെ ഒരു പാവയായി മാറിക്കഴിഞ്ഞിരുന്നു. തനിക്ക് മുൻ വിവാദ രംഗമായ ലുധിയാനയിൽ വെച്ച് പറ്റിയ പരാജയവും മാനഹാനിയും കാര ണം ക്രുദ്ധനായി തീർന്ന ബട്ടാലവി സാഹിബ് ഹുസൂറിന്റെ ആഗമ നത്തിന്ന് മുമ്പ് തന്നെ ഡൽഹിലെ ത്തുകയും തന്റെ ഗുരുനാഥനെ നിർബന്ധിച്ച് ഒരു വിവാദത്തിന് സന്നദ്ധനാക്കുകയുമായിരുന്നു.

ഇതൊക്കെയായിരുന്നെങ്കിലും ദില്ലി ഉലമാക്കൾ പരാജയ ഭീതി മൂലമാവാം ഒരു വാദപ്രതിവാദ ത്തിന് തയ്യാറായിരുന്നില്ല. ഓരോ ഒഴിവുകഴിവുകൾ പറഞ്ഞ് വാദപ്ര തിവാദത്തിൽ നിന്നും ഒഴിഞ്ഞു മാറുവാൻ അവർ പരാമാധി ശ്രമിച്ചു കൊണ്ടിരുന്നു. യുറോപ്യൻ ഓഫീ സറുടെ സാന്നിദ്ധ്യം സംബന്ധിച്ച നിബന്ധനയും അവർക്ക് അത്ര പിടിച്ചിരുന്നില്ല. ബ്രിട്ടീഷ് ഓഫീസറെ ഒഴിവാക്കണമെന്ന് അവർ ശഠിക്കു കയും ചെയ്തു. അനാവശ്യമായ പെരുമാറ്റമോ അനിഷ്ട സംഭവമോ ഉണ്ടാവില്ലെന്ന് ഉറപ്പ് തന്നാൽ മാത്രം പോലീസ് മേധാവിയെ ഒഴിവാക്കാ മെന്ന് ഹുസൂർ തിരുമനസ്സ് സമ്മ തിച്ചു. നിഷ്പക്ഷ മതികളായ സത്യാന്വേഷികൾ തങ്ങൾക്കെതി രായിരുന്നുവെന്ന് കണ്ടപ്പോൾ ദില്ലിയിലെ ഉലമാക്കൾ മറ്റു ചില ഗൂഢാലോചനകൾക്ക് കളമൊരുക്കി. ഒടുവിൽ 1891 ഒക്ടോബർ 20-ന് ദില്ലി ജുമാമസ്ജിദിൽ വെച്ച് സംവാദം നടത്താൻ തീരുമാനിച്ചു. ആ ദിനം വന്നെത്തി. ദില്ലി ഇളകിമറിയുകയാ യിരുന്നു. ഏതു നിമിഷവും എന്തും സംഭവിക്കാമെന്ന അവസ്ഥ. ദില്ലി മുഴുവൻ ക്ഷോഭിച്ച് സ്ഫോട നാത്മകമായ ഒരു സാഹചര്യം സംജാതമായി. മുല്ലമാർ തെറ്റിദ്ധ രിപ്പിച്ച് ഇളക്കിവിട്ട വിശ്വാസാന്ധത ബാധിച്ച സാധാരണ മുസ്ലിം സമൂ ഹം എന്തിനും തയ്യാറാണെന്ന മട്ടിൽ ഹുസൂർ തിരുമനസ്സിന്റെ ആഗമനം കാത്തിരിക്കുമ്പോൾ, ഈയൊരവസ്ഥയിൽ വാദപ്രതി വാദത്തിന് ശത്രു പാളയമായ ദില്ലി യിലെ ജുമാ മസ്ജിദിലേക്ക് പോകു ന്നത് ആപൽക്കരമാണെന്ന് ഹുസൂറി ന്റെ അഭ്യുദയകാംക്ഷികളിൽ നിന്ന് നിരവധി സന്ദേശങ്ങൾ അദ്ദേഹ ത്തിന് ലഭിച്ചു. എന്നാൽ ആ മഹാത് മാവിന് തെല്ലും പരിഭവമോ ആശ ങ്കയോ തോന്നിയില്ല.

ഹുസൂറും പരിവാരങ്ങളും ജുമാമസ്ജിദിലേക്ക് പുറപ്പെട്ടു. രണ്ടു കുതിര വണ്ടികളിലായിരുന്നു യാത്ര. അദ്ദേഹത്തിനൊപ്പം ശിഷ്യന്മാരും ഉണ്ടായിരുന്നു. ശിഷ്യന്മാരുടെ എണ്ണം പന്ത്രണ്ടായിരുന്നു എന്നത് കേവലം യാദൃച്ഛികം. യേശു വിനേയും പന്ത്രണ്ട് ശിഷ്യന്മാരാ യിരുന്നല്ലോ അകമ്പടി സേവിച്ചത്. ഇതിനിടെ അതിനിഗൂഢമായ ഒരു രഹസ്യ നീക്കം ഹുസൂറിനെതിരെ ശത്രുക്കൾ ആസൂത്രണം ചെയ്തി രുന്നു. ഹുസൂർ ജുമാമസ്ജിദിലേക്ക് സഞ്ചരിക്കാൻ നിശ്ചയിച്ചിരുന്ന മാർഗമദ്ധ്യേ ഇരു വശത്തുമുള്ള കുറ്റിക്കാടുകളിൽ ആയുധ ധാരിക ളായ ചിലർ പതുങ്ങിയിരിക്കു ന്നതാ യി പിന്നീട് വെളിപ്പെട്ടു. യാത്രാ വസരത്തിൽ ഹുസൂർ തിരുമന സ്സിനെ വെടിവെച്ച് അപായപ്പെടു ത്തുക എന്നതായിരു ന്നു ആദുഷ്ട ന്മാരുടെ പദ്ധതി. തികച്ചും ദൈവി കമായ മാർഗദർശനത്തിൽ മാത്രം നീങ്ങുകയായിരുന്ന ആ ഭക്ത സംഘം അജ്ഞാതമായ ഏതോ ഒരു ഉൾപ്രേരണയാലെന്ന പോലെ പെട്ടെന്ന് തങ്ങളുടെ ഗതി മാർഗം യാദൃച്ഛികമായി മാറ്റുകയാൽ ശത്രുക്കളുടെ ഗൂഢാലോചന പാടെ പൊളിഞ്ഞു പോയി. ഹുസൂറും ശിഷ്യഗണങ്ങളും സുര ക്ഷിതമായി ജുമാ മസ്ജിദിൽ എത്തി ചേർന്നു. അവിടെ പള്ളിയിലും പരിസരത്തുമായി അയ്യായിരത്തില ധികം പേരാണ് തടിച്ചു കൂടിയി രുന്നത്. പലതരം മാരകായുധങ്ങൾ അവർ മുൻകൂട്ടി ഒരുക്കിയിരുന്നു. എന്തും സംഭവിക്കാവുന്ന അന്തരീ ക്ഷം തെറ്റിദ്ധാരണ മൂലം സംജാത മായി. ജനരോഷം ഹുസൂറിനെതിരെ വീർപ്പ് മുട്ടി നിൽക്കുകയാണ്. മിർസാ സാഹിബ് ജീവനോടെ ഒരിക്കലും തിരിച്ചു പോകില്ല എന്നവർ ഉറപ്പിച്ചത് പോലെ തോന്നി. എന്നാൽ ആ ദിവ്യപുരുഷനാകട്ടെ ഒരുവിധ കൂസലുമില്ലാതെ, ഭാവമാ റ്റമൊന്നും കൂടാതെ സ്വതസിദ്ധമായ ശാന്തഗാംഭീര്യത്തോടെ ജുമാമാ

മസ്ജിദിൽ നടന്ന് കയറി. ഒപ്പം ആ പന്ത്രണ്ട് ശിഷ്യന്മാരും. ഇരുവശവും തിങ്ങിനിറഞ്ഞ ശത്രു സൈന്യത്തിന്റെ ഇടയിലൂടെയായിരുന്നു മസ്ജിദ് കവാടം കടന്ന് അവർ ഉള്ളിൽ പ്രവേശിച്ചത്. ആ ദിവ്യാത്മാവിന്റെ മുഖത്തെ ചൈതന്യ ഭാവം കണ്ടപ്പോൾ എതിരാളികൾക്ക് ഒരക്ഷരം പറയാനോ എതിർപ്പ് പ്രകടിപ്പിക്കാനോ എന്തിന് ഒന്ന് കൈയുയർത്താൻ പോലും തോന്നിയില്ല എന്നതാണ് യാഥാർഥ്യം. പള്ളിക്കുള്ളിൽ പ്രവേശിച്ച ഹുസൂർ തിരുമനസ്സ് മിഹ്റാബിന്റെ അരികിൽ ഇരിപ്പുറപ്പിച്ചു. നിമിഷങ്ങൾക്കകം എതിർ ചേരിയിലെ മൗലവി നദീർ ഹുസൈൻ സാഹിബ്. മൗലവി ഹുസൈൻ സാഹിബ് ബട്ടാലവി എന്നിവരും തങ്ങളുടെ അനുചരന്മാരുമായി പള്ളിലെത്തി ചേർന്നു. പുറത്ത് ഒരു യൂറോപ്യൻ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ വലിയൊരു പോലീസ് സേനാ വിഭാഗം ക്രമസമാധാന പാലനാർഥം നിരന്നു കഴിഞ്ഞിരുന്നു.

മുൻ നിശ്ചയ പ്രകാരം ഈസാ നബി (അ) യുടെ വഫാത്തിനെ സംബന്ധിച്ച വാദ പ്രതിവാദം ആരംഭിക്കുന്നതിന് നിർദേശിച്ച് കൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ഒരു കുറിപ്പ് നൽകി. എന്നാൽ അഹ്ലെ ഹദീസ് കക്ഷിയുടെ അത്യുന്നത നേതാവായിരുന്ന മൗലാനാ നദീർ ഹുസൈൻ സാഹിബ് അതിന് തയ്യാറായിരുന്നില്ല. മസീഹ് വാദത്തെക്കുറിച്ചാവണം ആദ്യത്തെ വാദമെന്ന് അദ്ദേഹം ശഠിച്ചു. അദ്ദേഹത്തിന്റെ ഈ നിർദേശ വ്യതിയാനം മുൻ നിശ്ചയങ്ങൾക്ക് വിരുദ്ധമാണെന്നും ഈസാ നബി (അ) യുടെ മരണവും മസീഹ് വാദവും ഒന്നൊന്നായി ക്രമത്തിൽ വരുന്ന പ്രശ്നങ്ങളാണെന്നും ഈസാ നബി (അ) ജീവിച്ചിരിക്കുന്നുവെങ്കിൽ തന്റെ മസീഹ് വാദത്തിന് ഒരു പ്രസക്തിയുമില്ലാതായി തീരുമെന്നും ഹുസൂർ ചൂണ്ടിക്കാട്ടിയപ്പോൾ നദീർ ഹുസൈൻ സാഹിബ് മനപ്പൂർവം കുഴപ്പങ്ങൾ സൃഷ്ടിക്കാനായി മറ്റൊരു പുതിയ പ്രശ്നതന്ത്രമാണ് പ്രയോഗിച്ചത്. മിർസാ സാഹിബ് മുഅ്ജിസാത്തിലും മലക്കുകളിലും വിശ്വാസമില്ലാത്ത ഒരു ദൈവനിഷേധിയാണെന്നും ഈ വിശ്വാസങ്ങളുടെ കാര്യത്തിൽ ഉറപ്പ് വരുത്താത്തിടത്തോളം കാലം അദ്ദേഹവുമായി വാദ പ്രതിവാദം നടത്താൻ സാധ്യമല്ല എന്നുമായിരുന്നു പുതിയ തടസ്സവാദം. ഈസാ നബി (അ) യുടെ മരണത്തെയും തിരിച്ചു വരവിനെ സംബന്ധിച്ചു മുള്ള വിശ്വാസത്തിൽ മാത്രമേ താനുമായി തർക്കമുള്ളുവെന്നും അതിനാൽ ആ ഒരു പ്രശ്നത്തിലല്ലാതെ മറ്റൊന്നിലും വാദപ്രതിവാദം ആവശ്യമില്ലെന്നും ഹുസൂർ വ്യക്തമാക്കി.

അനാവശ്യമായ ഈ വാദകോലാഹലങ്ങൾക്ക് മൂകസാക്ഷിയായി സദസ്സിൽ സന്നിഹിതരായിരുന്നവരൊക്കെ ഇതിനകം അക്ഷമരായി തീർന്നിരുന്നു. ഈ ഘട്ടത്തിൽ സഭയിലുണ്ടായിരുന്ന ഒരു പ്രമുഖ മുസ്ലിം നേതാവും അലിഗറിലെ ഓണററി മജിസ്ട്രേറ്റുമായ ഖ്വാജ മുഹമ്മദ് യൂസുഫ് സാഹിബ് വിഷയത്തിൽ ഇടപെടുകയും മുഅ്ജിസാത്തിലും മിഅ്റാജിലും വിശ്വസിക്കുന്നില്ല എന്ന ആരോപണം നിഷേധിച്ചുകൊണ്ട് ഹുസൂർ ഒരു പ്രസ്താവന എഴുതിക്കൊടുക്കുന്ന പക്ഷം ഈ പ്രസ്താവന ഞാൻ വായിച്ചു കേൾപ്പിച്ചു മൗലവിമാരെ തൃപ്തിപ്പെടുത്താമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ഉടൻ തന്നെ ഹുസൂർ തിരുമനസ്സ് അപ്രകാരമൊരു പ്രസ്താവന എഴുതി നൽകുകയും ചെയ്തു

ഹദ്റത്ത് അഹ്മദ്(അ) ന്റെ ഈ വിശ്വാസ പ്രസ്താവന സദസ്സിൽ ഉറക്കെ വായിക്കപ്പെട്ടു. ഉലമാക്കളാകട്ടെ ഇടക്കിടെ ഈ പ്രസ്താവനയെ തടസ്സപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. പ്രശ്ന പരിഹാരത്തിനാധാരമായ അടിസ്ഥാന വിഷയങ്ങളെപറ്റി ക്രിസ്ത്യാനിയായ യൂറോപ്യൻ ഓഫീസർ പോലും ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയുണ്ടായി. എന്നിട്ടും അവരിൽ പലരും തൃപ്തരായിരുന്നില്ല. ഉലമാക്കളുടെ നേതൃത്വ ത്തിൽ ബഹളവും ആർപ്പുവിളികളും നിർബാധം തുടർന്നു കൊണ്ടിരുന്നു. ഒരു പരിതസ്ഥിതിയിലും വാദപ്രതിവാദം നടത്താൻ നദീർ ഹുസൈൻ സാഹിബും സംഘവും തയ്യറല്ലെന്ന് ഇത് വ്യക്തമാക്കി. ഹുസൂർ തിരു മനസ്സിന്റെ ഈ വിശ്വാസ പ്രഖ്യാപനം തങ്ങളുടെ കുടിലതകളെയും വഞ്ചനകളെയും തുറന്ന് കാട്ടാൻ പര്യാപ്തമാണെന്ന് ഭയന്ന് മൗലവി പ്രവരന്മാർ ബഹളത്തിന് പ്രേരണയും പ്രചോദനവും നൽകി കൊണ്ടിരുന്നു. മുല്ലമാരുടെ ദുരുപദിഷ്ടിതമായ വാക്കുകളിലൂടെ മനസ്സിന്റെ ശാന്തഭാവം തെറ്റിയ അപക്വമതികളായ കാണികളെ നിയന്ത്രിക്കാൻ പോലീസിന് പോലും കഴിയാതെ വന്നപ്പോൾ ഈ വിവാദ രംഗം റദ്ദ് ചെയ്യാനും ജനങ്ങൾ പിരിഞ്ഞ് പോകാനും പേലീസ് ആജ്ഞ നൽകി. ഒരു നിമിഷം പോലും പാഴാക്കാതെ നദീർ ഹുസൈൻ സാഹിബും ശിഷ്യരും നെടുവീർപ്പോടെ ഒരു വാദപ്രതിവാദത്തെ നേരിടേണ്ടി വന്നില്ലല്ലോ എന്ന ആശ്വാസത്തോടെ സ്ഥലം വിട്ടു. ശരിക്കും അവർ ഇച്ഛിച്ചതും ഇത്തന്നെയായിരുന്നു.

ജനങ്ങൾ പള്ളിയിൽ നിന്നും ഒഴിഞ്ഞു തുടങ്ങിപ്പോയതോടെ ഹുസൂറും തിരികെ പോകാനൊരുങ്ങി. അപ്പോഴാണ് അടുത്ത പ്രശ്നം തലപ്പൊക്കിയത്. മടക്കയാത്രക്കുള്ള തുക കൂടി ഹുസൂർ തിരുമനസ്സ് കുതിരവണ്ടിക്കാരന് മുൻകൂർ നൽകിയിരുന്നു. പക്ഷേ പള്ളിക്ക് പുറത്ത് വന്നപ്പോൾ വണ്ടികൾ അവിടെ ഉണ്ടായിരുന്നില്ല. ശത്രുക്കൾ ഇതിനകം കുതിര വണ്ടിക്കാരനെ ഭീഷണിപ്പെടുത്തി തിരികെ അയച്ചു കഴിഞ്ഞിരുന്നു. തിരികെ പോകാൻ വാഹനമില്ല. ഹുസൂറും ശിഷ്യരും പള്ളിയിൽ തന്നെ കുടുങ്ങിപ്പോയി. അപ്പോഴും ശത്രു നിരയിലെ നല്ലൊരു വിഭാഗം ആളുകളും പള്ളിയിലും പരിസരത്തുമായി അവേശഷിച്ചിരുന്നു. അവരിൽ ഒരു വിഭാഗം ഹുസൂറിനെതിരെ ആക്രമണത്തിന്ന് മുതിർന്നു. ഗുരുഭക്തരായ ആ പന്ത്രണ്ട് ശിഷ്യന്മാരും തങ്ങളു ടെ ജീവൻ വെടിഞ്ഞിട്ടല്ലാതെ ആ

# ഉറക്കം

ഉറക്കം എല്ലാ ജീവജാലങ്ങൾക്കും അനിവാര്യമാണ്. ഉറക്കത്തെ സംബന്ധിച്ച് റസൂൽ തിരുമേനി (സ) യുടെ അദ്ധ്യാപനങ്ങൾ മാതൃകാപരവും ആരോഗ്യദായകവും മനുഷ്യന്റെ ആത്മീയ ജീവിതത്തെ ദൃഢപ്പെടുത്തുന്നതുമാണ്.

ഡോ. ഷാനവാസ് ഖാൻ

**പ്ര**വൃത്തി എടുത്തതിന് ശേഷം എല്ലാ ജീവജാലങ്ങൾക്കും ഉറക്കം ആവശ്യമാണ്. കാരണം പ്രവർത്തനം മൂലം ശരീര കോശങ്ങൾക്ക് തേയ്മാനം സംഭവിക്കുന്നു. ഉറക്ക സമയത്ത് പരിക്ക് പറ്റിയ കോശങ്ങൾ മാറ്റി വെക്കപ്പെടുകയും അവശിഷ്ടങ്ങളായ പാഴ്വസ്തുക്കൾ പുറന്തള്ളുകയും ചെയ്യുന്നു. മനുഷ്യന് മാത്രമല്ല ജീവിലോകത്തിനെല്ലാം ഉറക്കമാവശ്യമാണ്. ചെടികൾക്ക് പോലും ഉറക്കവും വിശ്രമവും ആവശ്യമാണ്. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് സൂര്യകാന്തി പൂവ്. അതിന്റെ ദലങ്ങൾ സൂര്യൻ ഉദിക്കുമ്പോൾ വിടരുകയും അസ്തമിക്കുമ്പോൾ കൂമ്പുകയും ചെയ്യുന്നു.

നാം എത്ര ഉറങ്ങണം എന്നത് സംബന്ധിച്ച് കർശനമായതും സുസ്ഥാപിതവുമായ നിയമങ്ങളൊന്നുമില്ല. അത് ഒരാളുടെ പ്രായം, ജോലി, വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ എന്നിവ ആശ്രയിച്ചായിരിക്കും. ശിശുക്കൾക്കും കുട്ടികൾക്കും മുതിർന്നവരേക്കാൾ ഉറക്കം അധികമാണ്. പ്രായമായവർക്ക് ഉറക്കത്തേക്കാൾ വിശ്രമമാണ് ആവശ്യം. അവർ ഭൂരിപക്ഷ സമയവും വിശ്രമാവസ്ഥയിലായിരിക്കും. ശരീരം കൊണ്ട് ജോലി ചെയ്യുന്ന വരേക്കാൾ മസ്തിഷ്ക്കം കൊണ്ട് ജോലി ചെയ്യുന്നവർക്ക് കൂടുതൽ ഉറക്കം ആവശ്യമാണ്. ക്ഷീണിച്ചവർ ക്കും രോഗികൾക്കും ആരോഗ്യമുള്ള വരേക്കാൾ ഉറക്കം ആവശ്യമാണ്. മസ്തിഷ്ക്കജോലികൾ ചെയ്യുന്ന ആളുകൾ 7 മണിക്കൂറെങ്കിലും നിർബന്ധമായും ഉറങ്ങേണ്ടതുണ്ട്.

ഉറക്കത്തിന് ഏറ്റവും പറ്റിയ സമയം രാത്രിയാണ്. രാത്രി ഉറക്കം കേവലം ഒരു ശീലം മാത്രമല്ല. ആളുകളധികവും പകലാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് കൂടിയാണ് രാത്രി ഉറങ്ങുന്നത്. മാത്രമല്ല പ്രകൃതിയും പകൽ വെളിച്ചം പ്രവൃത്തി നിർവഹി ക്കാനും രാത്രി ഉറക്കത്തിനുമായാണ് ക്രമീകരിച്ചിട്ടുള്ളത്. പ്രകൃതി ഒരുക്കിയിട്ടുള്ള ഈ ക്രമം വിട്ട് നാം മറ്റൊരു വഴി സ്വീകരിക്കുകയാണെ ങ്കിൽ അത് കൂടുതൽ ദോഷകരവും രോഗത്തെ ക്ഷണിച്ചു വരുത്തുന്നതു മാണ്. അതിനുള്ള തെളിവ്, നിശാവേളയിൽ ഉറക്കൊഴിഞ്ഞ് ജോലി ചെയ്യുന്ന രാത്രി കാവൽക്കാരും സിനിമാ പ്രവർത്തകരുമാണ്. അവരുടെ ആരോഗ്യത്തിന് അവസാനം വിനയായി തീരുന്നത് ഈ ഉറക്കമൊഴിച്ചിലാണ്. ഉറക്കം ദഹന

പുണ്യാത്മാവിനെ തൊടാൻ പോലും അനുവദിക്കില്ലെന്ന് ശപഥം ചെയ്ത് അദ്ദേഹത്തിന് ചുറ്റും ഒരു സുരക്ഷാ വലയം ഒരുക്കിയിരുന്നു.

വിവരമറിഞ്ഞ് പോലീസ് സുപ്രണ്ട് ഉടൻ പാഞ്ഞെത്തി. ഹുസൂറിനെ രക്ഷപ്പെടുത്തുകയും ജനക്കൂട്ടത്തിനിടയിലൂടെ തന്നെ തന്റെ ഔദ്യോഗിക വാഹനത്തിൽ കയറ്റി പോലീസ് അകമ്പടിയോടെ സുരക്ഷിതമായി വീട്ടിലേക്ക് ആനയിക്കുകയും ചെയ്തു. വാഹനം നീങ്ങി തുടങ്ങിയ പ്പോൾ തന്നെ ശത്രുക്കൾ വാഹനത്തിന് നേരെ ശക്തമായ കല്ലേറ് നടത്തുകയുണ്ടായി. തന്റെ താമസ സ്ഥലത്തെത്തിയിട്ടും ആ ദുഷ്ടന്മാർ ഹുസൂറിനെ സ്വൈരമായി കഴിയാൻ അനുവദിച്ചില്ല. അവർ പല വേഷത്തിലും ഭാവത്തിലും വീട്ടിൽ കയറി വന്ന് കുഴപ്പങ്ങളുണ്ടാക്കി ക്കൊണ്ടിരുന്നു. എന്നാൽ ശത്രുക്ക ളുടെ ഈ ദുഷ്ചെയ്തികളൊന്നും തന്നെ ആ ദിവ്യാത്മാവിനെ തന്റെ കർത്തവ്യ നിർവഹണത്തിൽ നിന്നോ ദൗത്യത്തിൽ നിന്നോ അണുകിട പോലും പിന്തിരിപ്പിച്ചില്ല. മറിച്ച് ദൈവം തന്നോട് കൽപ്പിച്ച പ്രകാരം, തന്റെ സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കാൻ ആ ദൈവ ദൂതൻ സ്വയം ആത്മാർപ്പണം ചെയ്യുകയാണുണ്ടായത്. അങ്ങനെ ദില്ലിയിൽ നടക്കാനിരുന്ന ഒരു സത്യാന്വേഷണ പരീക്ഷ പലർക്കും നന്മയും പ്രയോജനവും ചെയ്യുമാറാകുമായി രുന്ന ആ സംവാദ രംഗം കുറെ പണ്ഡിത പരിശകളുടെയും മുല്ലമാരുടെയും കുത്സിത ശ്രമങ്ങളാൽ ഫലപ്രാപ്തിയിലെത്താതെ മുടങ്ങി പ്പോയി.

വർഷങ്ങൾ കടന്നു പോയിരിക്കുന്നു. ഒരു നൂറ്റാണ്ട് കാലം തന്നെ പിന്നിട്ടിരിക്കുന്നു. ഈ ദുരന്ത നാടകം അരങ്ങേറിയ ഡൽഹിയിൽ നമുക്കിന്ന് ജമാഅത്തുണ്ട്. സ്വന്തം പള്ളിയുണ്ട്. വാഗ്ദത്ത മസീഹിന്റെ അനു യായികളും ഉറച്ച വിശ്വാസികളുമുണ്ട്. അതത്രെ സർവ ശക്തനായ പടച്ച തമ്പുരാന്റെ അനുപമമായ അനുഗ്രഹത്തിന്റെ ദൃഷ്ടാന്തം.

പ്രക്രിയയെ സ്വാധീക്കുകയും പോഷകാംഷങ്ങൾ സ്വാംശീകരിക്കുകയും ചെയ്യുന്നു. ദീർഘമായ ഉറക്കം ആരോഗ്യത്തിന് ഹാനികരമാണ്. അത് ദോഷകരമായ ശരീര ബാഷ്പങ്ങളെ കൂടുതലായി സ്വാംശീകരിക്കാൻ കാരണമാകുന്നു. അമിതമായ ഉറക്കം ഒരാളെ ഉന്മേഷവാനും ഊർജ്വസ്വലനുമാക്കുന്നതിന് പകരം ക്ഷീണിതനാക്കുകയാണ് ചെയ്യുന്നത്. ഇടവിട്ട് കൊണ്ടുള്ള ഹ്രസ്വ സമയം പ്രവൃത്തിയും ഹ്രസ്വ സമയം വിശ്രമവുമാണ് നല്ലത്. റസൂൽ തിരുമേനി (സ) യുടെ മാതൃകയാണ് ഏറ്റവും അനുകരണീയം. അവിടുന്ന് നേരത്തെ തന്നെ ഉറങ്ങാൻ കിടക്കുകയും അർധ രാത്രി കഴിഞ്ഞ് കുറച്ച് സമയമാവുമ്പോഴേക്കും തഹജ്ജുദ് നമസ്ക്കാരത്തിനായി എഴുന്നേൽക്കുകയും ചെയ്യും. ഉച്ചക്ക് അൽപ്പം ലഘു നിദ്രയിൽ മുഴുകുകയും ചെയ്യും. വൈകി ഉറങ്ങുന്നതും വൈകി എഴുന്നേൽക്കുന്നതും നല്ലതാണെന്ന് ചില ആളുകൾ പറയുന്നു. തീർച്ചയായും ഈ സമ്പ്രദായം പ്രകൃതി വിരുദ്ധവും ആരോഗ്യത്തിന് ഹാനികരവുമാണ്. എല്ലാ ജീവജാലങ്ങളും നേരത്തെ പ്രഭാതത്തിൽ തന്നെ എഴുന്നേൽക്കുന്നതായി നാം കാണുന്നു. ഒരു മുസ്ലിം നേരത്തെ എഴുന്നേൽക്കാൻ ബാദ്ധ്യസ്ഥനാണ്. അയാളുടെ ദിവസത്തിലെ ആദ്യത്തെ നമസ്ക്കാരം പ്രഭാതത്തിലാണ് ആരംഭിക്കുന്നത്. ഈ ശീലം പ്രകൃതിപരവും ആരോഗ്യകരവുമാണ്.

മലർന്ന് കിടന്ന് ഉറങ്ങുന്നത് ആരോഗ്യകരമല്ല. അത് നട്ടെല്ലിന് അമിത സമ്മർദം ഉണ്ടാക്കും. ചിലപ്പോൾ സ്വപ്ന സ്ഖലനം ഉണ്ടാക്കുകയും ചെയ്യും. മുഖം കുത്തി കമിഴ്ന്നുകിടന്നുറങ്ങുന്നതും ആരോഗ്യകരമല്ലാത്ത ശീലമാണ്. ഇടത് ഭാഗം ചരിഞ്ഞ് കിടന്നുറങ്ങുന്നതും ആരോഗ്യത്തിന് ഹാനികരമാണ്. അത് ഹൃദയത്തിന് കൂടുതൽ ഭാരമുണ്ടാക്കും. അതിന്റെ ഫലമായി മസ്തിഷ്ക്കത്തിലേക്കുള്ള രക്ത പ്രവാഹത്തെ ബാധിക്കുകയും തടസ്സമുണ്ടാക്കുകയും ചെയ്യും. അങ്ങനെ കിടന്നുറങ്ങുന്നത് ദുസ്വ പ്നങ്ങൾ കാണാനും സ്പ്നാടനത്തിനും കാരണമാകും. വലത് ഭാഗം ചരിഞ്ഞ് ഉറങ്ങുന്നതാണ് ശാസ്ത്രീയമായി ഏറ്റവും ഉത്തമം. ഈ വസ്തുത ആധുനിക വൈദ്യ ശാസ്ത്ര ഗവേഷണം അംഗീകരി ച്ചതാണ്. നമ്മുടെ യജമാനനായ റസൂൽതിരുമേനി(സ) യുടെ അദ്ധ്യാപനങ്ങളിൽ അവിടുന്ന് വലത് ഭാഗം ചേർന്ന് കിടക്കാനാണ് തന്റെ അനുയായികളെ ഉപദേശിച്ചിട്ടുള്ളത്. അത് പോലെ ഉറങ്ങുമ്പോൾ തല കഴിയുന്നതും വടക്ക് ഭാഗത്തേക്കായിരിക്കണം വെക്കേണ്ടത്. കാരണം ഭൂമിയുടെ കാന്തിക പ്രവാഹം വടക്ക് നിന്നും തെക്കോട്ടേക്കാണ് പ്രവഹിക്കുന്നത്. അത് വളരെ സൂക്ഷ്മവും നിഗൂഢമായും നമ്മുടെ നാഡിവ്യവസ്ഥയുമായി ബന്ധപ്പെട്ടതുമാണ്. നമ്മുടെ ശരീരം ഒരിക്കലും ഈ കാന്തിക പ്രവാഹത്തിന്റെ ഒഴുക്കിന് വിലങ്ങനെ അതായത് എതിരായിരിക്കാൻ പാടില്ല. നമ്മുടെ ഉപബോധ മനസ്സിൽ ലീനമായി കിടക്കുന്ന കാര്യങ്ങൾ നമ്മുടെ ചിന്തകളെയും നമ്മുടെ പ്രവർത്തികളേയും ബാധിക്കുന്നു. അതിനുള്ള തെളിവ് ഒരു ശിശു കരഞ്ഞു കൊണ്ടാണ് ഉറങ്ങുന്നതെങ്കിൽ അത് ഉണരുന്നതും കരഞ്ഞു കൊണ്ടായിരിക്കും. അത് മുല കുടിച്ചു കൊണ്ടാണ് ഉറങ്ങുന്നതെങ്കിൽ ഉണരുമ്പോൾ ചുണ്ടു കൊണ്ട് മുല കുടിക്കുന്ന ചലനത്തോടെയായിരിക്കും ഉണരുക. അത് കൊണ്ട് നാം ഉറങ്ങാൻ കിടക്കുമ്പോൾ ധാർമിക മായും അദ്ധ്യാത്മികമായുമുള്ള സദ്ചിന്തയോടെയായിരിക്കണം കിടന്നുറങ്ങേണ്ടത്.

നമ്മുടെ യജമാനനായ റസൂൽതിരുമേനി (സ) നമ്മോട് ഉപദേശിച്ചത് ഉറങ്ങാൻ പോവുമ്പോൾ വിശുദ്ധ ഖുർആനിലെ ആയത്തുൽ കുർസിയും അവസാനത്തെ മൂന്ന് സൂറത്തുകളും ഓതണമെന്നാണ്. ഇത് ഒരു മന്ത്രം പോലെ ഉരുവിടുകയല്ല വേണ്ടത്. ഈ ആയത്തുകളിൽ അല്ലാഹുവിന്റെ ഏറ്റവും പാവനമായ ഗുണങ്ങളാണ് വിവരിച്ചിരിക്കുന്നത്. ഒരു വ്യക്തിയുടെ ഹൃദയത്തെ അത് അഗാധമായി സ്വാധീനിക്കുന്നു. നാം ഈ സൂക്തങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചു കൊണ്ടിരുന്നാൽ അത് നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുകയും നമ്മുടെ ആത്മീയ സ്ഥാനത്തെ ഉയർത്തുകയും ചെയ്യും. തിന്മ നിറഞ്ഞ ചിന്തകളിൽ നിന്നും ദോഷകരമായ കാര്യങ്ങളിൽ നിന്നും ദൈവത്തിൽ നാം അഭയം തേടുകയാണെങ്കിൽ തീർച്ചയായും അത് നമ്മുടെ ആത്മീയ നിലവാരത്തെ ഉയർത്തുന്നതായിരിക്കും. ഈ ശീലം നാം വളർത്തിയെടുക്കുകയാണെങ്കിൽ നമ്മുടെ ധാർമികതയെ അത് ശക്തിപ്പെടുത്തുന്നതായിരിക്കും.

രാത്രി ഭക്ഷണം കഴിച്ചതിന് ശേഷം ഉടനെ ഉറങ്ങാൻ പോവുന്നത് ആശാസ്യകരമല്ല. പ്രായമായവർ രാത്രി ഭക്ഷണം കഴിച്ചതിന് ശേഷം ഒരു മൈൽ നടക്കുന്നത് എപ്പോഴും നല്ലതാണ്. മുസ്ലിംകളോട് ഇശാന മസ്ക്കാരം പ്രത്യേകിച്ച് പള്ളിയിൽ പോയി ജമാഅത്തായി നമസ്ക്കരിക്കാൻ പറഞ്ഞ കാര്യം ശ്രദ്ധേയമാണ്. ഈ ഉപദേശം ആത്മാവിന് മാത്രമല്ല ശരീരത്തിനും കൂടി നല്ലതാണ്. നിരന്തരമായി ഉറക്കമൊഴിച്ചാൽ അത് മാനസികമായി ദൗർബല്യമുണ്ടാക്കും. അത് കൊണ്ട് രാത്രി ശരിയായ രീതിയിലുള്ള ഉറക്കം വളരെ പ്രധാനമുള്ളതാണ്. നമ്മുടെ ചിന്ത ഒരു ബിന്ദുവിൽ കേന്ദ്രീകരിക്കുകയാണെങ്കിൽ ഉറക്കമില്ലായ്മ ഇല്ലാതാക്കാനാകും. അപ്രകാരം സദ്ചിന്തകളിൽ കേന്ദ്രീകരണവും ഉറങ്ങാൻ പോകുന്നതിന് മുമ്പായി വുളു ചെയ്യലും ചൂടു വെള്ളത്തിൽ കുളിക്കുന്നതും ചൂടുപാനീയങ്ങൾ കുടിക്കലും ഉറക്കമില്ലായ്മ ഇല്ലാതാക്കും. ഇസ്ലാമിന്റെ എല്ലാ അദ്ധ്യാപനങ്ങളും തികച്ചും പ്രകൃതിക്ക് യോജിച്ചതാണ്. ആരോഗ്യദായകവുമാണ്. ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഇസ്ലാമികാദ്ധ്യാപനങ്ങൾ പഠിക്കുക എന്നത് ഏറ്റവും ആവേശകരവും വിസ്മയകരവുമാണ്.

കുറിപ്പുകൾ

# ആം ആദ്മി പാർട്ടിയുടെ തെരഞ്ഞെടുപ്പ് വിജയം


മുസാഫിർ

കന്യാകുമാരി മുതൽ കശ്മീർ വരെ ഇന്ത്യയുടെ ജന വൈവിധ്യങ്ങളുടെ പരിച്ഛേദമാണ് ഡൽഹിയിലെ പൗര സമൂഹം. 120 കോടി ജനങ്ങളുള്ള ഇന്ത്യയുടെ മിനിയേച്ചർ. 2015 ഫെബ്രുവരി 7-ാം തീയതി ഡൽഹി നിയമ സഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ അരവിന്ദ് കെജ്‌രിവാൾ നയിച്ച ആം ആദ്മി പാർട്ടി വിജയം തൂത്തു വാരി അത്ഭുതം സൃഷ്ടിച്ചിരിക്കുന്നു. ഇന്ത്യയിലെ സാമ്പ്രദായിക രാഷ്ട്രീയ കക്ഷികൾക്ക് ഒരു പാട് താക്കീതുകളും സന്ദേശങ്ങളും നൽകുന്നതാണ് ഈ തിരഞ്ഞെടുപ്പ് വിധി. പാർലമെന്റിൽ ഒറ്റക്ക് കേവല ഭൂരിപക്ഷം നേടി ഇന്ത്യ ഭരിക്കുന്ന ഭാരതീയ ജനതാ പാർട്ടിയിലെ ഡൽഹി അസംബ്ലിയിലേക്കുള്ള മൊത്തം പ്രതിനിധികളെ ഒരു ഓട്ടോ റിക്ഷയിൽ കയറി വരാൻ പാകത്തിൽ ഒതുക്കികളയുകയും, 15 വർഷക്കാലം ഡൽഹി ഭരിച്ചിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ഒറ്റ സീറ്റും നൽകാതെ സംപൂജ്യരാക്കി വിട്ടുമാണ് ആം ആദ്മി ഈ ഇലക്ഷൻ വിസ്മയം കാഴ്ചവെച്ചത്. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഭാവിയിലേക്കുള്ള ദിശാസൂചനകൾ നൽകുന്ന വിജയമായി രാഷ്ട്രീയ നിരീക്ഷകർ ഈ തിരഞ്ഞെടുപ്പിനെ കാണുന്നു. 70 സീറ്റുകളിൽ 3 സീറ്റ് മാത്രം ബി ജെ പിക്ക് നൽകി ബാക്കി 67 സീറ്റും ആപ്പ് തൂത്ത് വാരി. 54.3 % വോട്ടർമാരാണ് ആപ്പിന് അനുകൂലമായി വോട്ട് ചെയ്തത്. അതിന് തൊട്ടു മുമ്പ് ലോക്സഭാ ഇലക്ഷനിൽ ഡൽഹിയിലെ 7 ലോക്സഭാ മണ്ഡലത്തിൽ 7 ലും വിജയിച്ച ബി ജെ പിയുടെ പതനമാണ് അതിദയനീയം. അതിനേക്കാൾ ഹൃദയഭേദകമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വൻ വീഴ്ച്ച!!.

രാഷ്ട്രീയം മതം പോലെ അല്ലെങ്കിൽ ഗോത്രബോധം പോലെ ജനങ്ങൾ കൊണ്ട് നടക്കുന്ന ശീലത്തിന് അൽപ്പം മാറ്റം സംഭവിച്ചതായി തോന്നുന്നു. ഡൽഹി തിരഞ്ഞെടുപ്പ് ഫലങ്ങൾ തെളിയിക്കുന്നത് അതാണ്. എന്ത് വിധത്തിലുള്ള അഴിമതിയും വാഗ്ദാന ലംഘനങ്ങളും അക്രമങ്ങളും നടത്തിയാലും അതിനെയെല്ലാം അന്ധമായി ജനം കണ്ണു മടച്ചു വിശ്വസിക്കുകയും പാർട്ടിയോടും നേതാക്കന്മാരോടും അഴിയാകൂറ് കാണിക്കുകയും ചെയ്യുന്ന അവസ്ഥക്ക് വന്ന വ്യതിയാനം ശ്രദ്ധേയമാണ്. പാർട്ടിയുടെയും നേതാക്കന്മാരുടെയും വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരം ജനങ്ങൾ തിരിച്ചറിയാനും തിരഞ്ഞെടുപ്പിലൂടെ പ്രതികരിക്കാനും തുടങ്ങിയിരിക്കുന്നു. ഡൽഹിൽ രാഷ്ട്രീയത്തിലുണ്ടായ ഈ മാറ്റം തീർച്ചയായും അഭിനന്ദനീയമാണ്. സാഹചര്യങ്ങൾ ഒത്തു ചേർന്നാൽ ജനഹൃദയം മാറി ചിന്തിക്കാൻ കുറഞ്ഞ സമയം മാത്രം മതി എന്നതിന് തെളിവുകൂടിയാണ് ഡൽഹി തിരഞ്ഞെടുപ്പ് നൽകുന്ന സൂചന. അതിന് പ്രത്യക്ഷ കാരണം ആധുനിക കാലത്തിന്റെ ചില സവിശേഷതകളാണ്. വിവര സാങ്കേതിക വിദ്യയും ടെലിവിവിഷനും മറ്റു നവ മാധ്യമങ്ങളും ആശയ വിനിമങ്ങൾക്ക് സുതാര്യതയും വേഗതവും സത്യസന്ധതയും വർധിപ്പിച്ചിരിക്കുന്നു. സർവോപരി ഏതൊരു പൗരനും ഗവൺമെന്റും പൊതു മണ്ഡലവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭിക്കുക എന്നത് അവന്റെ അവകാശമായി പ്രഖ്യാപിച്ചു കൊണ്ടുള്ള 2005 ലെ വിവരാവകാശ നിയമം, (Right to Information Act 2005) അഴിമതി പുറത്ത് കൊണ്ട് വരുന്ന ഒരു മുഖ്യ ഉപകരണമായി മാറിയിരിക്കുന്നു. ഈ അടുത്തുണ്ടായ വൻ അഴിമതികൾ പുറത്ത് കൊണ്ട് വരുവാൻ ഈ നിയമം കുറച്ചൊന്നുമല്ല സഹായകമായത്. മറ്റൊരു പ്രതിഭാസം വാർത്ത വിതരണം ചെയ്യുന്നതിന്റെ കുത്തക ഗവൺമെന്റുകൾക്കും രാഷ്ട്രീയവും സാമ്പത്തികവുമായ താൽപര്യങ്ങളുള്ള ചില ബഹുരാഷ്ട്ര കുത്തകകൾക്കുമായിരുന്നു. വിവര സാങ്കേതിക വിദ്യയിലുണ്ടായ സമൂല വിപ്ലവം വാർത്തകളുടെ ഇത്തരം കുത്തക ഏറെക്കുറെ ഇല്ലാതാക്കിയിരിക്കുന്നു. ഇന്ന് ഇന്റർ നെറ്റ്, സോഷ്യൽ മീഡിയ, എണ്ണമറ്റ ടി. വി ചാനലുകൾ, മൊബൈൽ ഫോൺ മുതലായ നിരവധി മാധ്യമങ്ങളിലൂടെ ആർക്കും നിയന്ത്രിക്കാൻ കഴിയാത്ത വിധം വാർത്തകൾ പരക്കുകയാണ്. അതിൽ സത്യമായവയും അസത്യമായവയും പ്രസക്തമായതും അപ്രസക്തമായതും ഉണ്ടാകും എന്നത് ശരി



തന്നെ. പക്ഷേ സത്യം അറിയാൻ ആത്മാർഥമായി ആഗ്രഹിക്കുന്നവന് മുമ്പിൽ അത് മറച്ച് വെക്കാൻ ഇന്ന് ആർക്കും സാധ്യമല്ലാതെ വന്നിരിക്കുന്നു എന്നതാണ് പ്രധാനം. പല വാർത്തകളും ജനങ്ങൾക്ക് മുമ്പിൽ വെച്ച് അറിവുള്ളവർ തലനാരിഴ കീറി പരിശോധിക്കുന്നു. വാദങ്ങളും പ്രതിവാദങ്ങളും, ഖണ്ഡനങ്ങളും മണ്ഡനങ്ങളും അനുവാചകന് കേൾക്കാനും കാണാനും സ്വതന്ത്രമായ അഭിപ്രായം രൂപീകരിക്കാനും കഴിയുന്നു. അങ്ങനെ ജനം വാർത്തകൾ ഉദ്പാദിപ്പിക്കുന്നവന്റെയും അത് വിതരണം ചെയ്യുന്നവന്റേയും കൈയിലെ പാവയായി മാറുന്ന അവസ്ഥക്ക് മാറ്റം വന്നിരിക്കുന്നു. ആധുനിക കാലത്തിന്റെ ഇത്തരം സവിശേഷതകളെല്ലാം ഇന്ത്യയിലെ മറ്റു വിദൂര ഗ്രാമങ്ങളെ അപേക്ഷിച്ച് താരതമ്യേന പ്രബുദ്ധമായ ഡൽഹി സമൂഹത്തെ സ്വാധീനിച്ചതിന്റെ തെളിവാണ് ഡൽഹിലെ തെരത്തെടുപ്പിൽ പ്രതിഫലിച്ചത് എന്ന് കരുതുന്നതിൽ തെറ്റു ണ്ടാവില്ല. ഭക്ഷണം, വെള്ളം, പാർപ്പിടം. വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങൾ പ്രയാസമില്ലാതെ ലഭ്യമാക്കലാണ് ഒരു സദ്ഭരണത്തിൽ നിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. സമൂഹത്തിൽ ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരുടെ ജീവിത യാഥാർഥ്യങ്ങൾക്ക് യാതൊരു പരിഗണനയും അനുഭാവവുമില്ലാതെ അഴിമതി, കെടുകാര്യസ്ഥത കപട വാഗ്ദാനങ്ങൾ എന്നിവ നൽകി വൈകാരിക രാഷ്ട്രീയം കൊണ്ട് ജനങ്ങളെ ഏറെക്കാലം തളച്ചിടാനാവില്ല. മൂലധന ശക്തികളുടെയും കോർപ്പറേറ്റുകളുടേയും താൽപര്യങ്ങളും പരിപാടികളും മാത്രമാണ് വികസനം എന്ന സങ്കൽപ്പങ്ങളാണ് ഭരണാധികാരികളെ ഗ്രസിച്ചിരിക്കുന്നത്. ശതകോടികളിലെത്തി നിൽക്കുന്ന അഴിമതിക്കഥകളാണ് ഭരണാധികാരികൾക്കെതിരെ ഉന്നയിക്കപ്പെടുന്നത്. ജനങ്ങൾ വളരെ കാലമായി ആഗ്രഹിക്കുന്ന ഒരു ബദൽ രാഷ്ട്രീയത്തിന്റെ മാർഗം അവർക്ക് മുമ്പിൽ തെളിഞ്ഞിട്ടില്ലായിരുന്നു. അങ്ങനെയൊരു പാത കാണുകയും അതിൽ വിശ്വാസ്യത തോന്നുകയും അനുഭവത്തിന്റെ തീഷ്ണത ആ പാതയിലേക്ക് അവരെ വഴി നടത്തുകയും ചെയ്തപ്പോഴാണ് ഏതാനും മാസം മുമ്പ് വരെ മറ്റൊരു രീതിയിൽ ചിന്തിച്ച ജനം പുതിയ വഴികളിൽ ചിന്തിച്ചു തുടങ്ങിയത്. ജനമനസ്സ് കുരങ്ങനെപ്പോലെ ചഞ്ചലവും അസ്ഥിരവും പലപ്പോഴും അപക്വവുമായിരിക്കാം. വൈകാരിക രാഷ്ട്രീയവും നേതൃഭക്തിയും വ്യക്തിപൂജയും മൂലം പലപ്പോഴും ശരിയായ തീരുമാനം എടുക്കാൻ പൊതുജനത്തിന് സാധിച്ചില്ലെന്നും വരാം. എങ്കിലും ചില അടിസ്ഥനവ്യതിയാനങ്ങളും നല്ലമൂല്യങ്ങളോടുള്ള അവരുടെ ആഭിമുഖ്യവും പുതിയ സാഹചര്യത്തിൽ നാം തിരിച്ചറിയേണ്ടതുണ്ട്. ഡൽഹി തെരഞ്ഞെടുപ്പിൽ അത് പ്രതിഫലിച്ചിട്ടുണ്ട്. ഇന്ത്യൻ സമൂഹത്തിന്റെ മൂല്യബോധത്തിന് തീർച്ചയായും അത്തരം വ്യതിയാനങ്ങൾ ഗുണപരമായ പരിണാമങ്ങളുണ്ടാക്കും. അത് സുസ്ഥിരമായി നിലനിർത്തേണ്ടത് വിജയിച്ച ആം ആദ്മി പാർട്ടിയുടെ കടമയാണ്. അവർ ഉയർത്തിപിടിക്കുന്ന സെക്കുലർ മൂല്യങ്ങളും അഴിമതി വിരുദ്ധതയും പാവങ്ങളുടെ ക്ഷേമവും വെറും കപട വാഗ്ദാനങ്ങളല്ല എന്ന് കഴിഞ്ഞ തവണ 49 ദിവസത്തെ ഭരണത്തിൽ നിന്ന് ജനം മനസ്സിലാക്കിയിട്ടുണ്ട്. ആം ആദ്മി അതിൽനിന്നും വ്യതിചലി



ക്കുകയാണെങ്കിൽ തീർച്ചയായും ജനങ്ങളുടെ ശിക്ഷ അവർ ഏറ്റുവാങ്ങേണ്ടി വരും. വിജയിക്കുകയാണെങ്കിൽ അതൊരു നല്ലമാതൃകയായി ക്രമേണ ഇന്ത്യൻ രാഷ്ട്രീയത്തിൽ ചലനങ്ങളുണ്ടാക്കുകയും ചെയ്യും.

120 കോടി ജനങ്ങൾ അധിവസിക്കുന്ന ഒരു രാജ്യത്തിന്റെ തലസ്ഥാനമാണ് ഡൽഹി. പൂർണ സംസ്ഥാന പദവിയില്ലാത്ത ഡൽഹി സംസ്ഥാന തെരഞ്ഞെടുപ്പിന് വൻ വാർത്താ പ്രാധാന്യമാണ് ലഭിച്ചത്. 10 ലക്ഷം രൂപയുടെ സ്യൂട്ടണിഞ്ഞ് അമേരിക്കൻ പ്രസിഡന്റിനെ സ്വീകരിക്കാനെത്തിയ ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡിയും തലയിൽ മഫ്ളർ ചുറ്റി സാധാരണക്കാരന്റെ പരാധീനതയുമായി വന്ന ശ്രീ അരവിന്ദ് കെജ്രിവാളും സൃഷ്ടിച്ച രാഷ്ടീയ ദ്വന്ദം, ഗോലിയാത്തും ദാവീദും എന്ന പ്രതീതിയാണ് ജനങ്ങളിൽ സൃഷ്ടിച്ചത്. രണ്ടരക്കൊല്ലം മുമ്പ് കെജ്രിവാളിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട ആം ആദ്മി പാർട്ടിയുടെ ഡൽഹി വിജയം ആവേശകരമായിരുന്നു. കൃത്യമായി 2012 നവംബർ 26 നാണ് ആം ആദ്മി പാർട്ടി രൂപം കൊണ്ടത്. 'ആം' എന്നാൽ സാധാരണ എന്നും 'ആദ്മി' എന്നാൽ മനുഷ്യൻ എന്നുമർഥമുള്ള ഹിന്ദിയിലെ രണ്ട് വാക്കുകൾ ചേർത്താണ് ആം ആദ്മി (സാധാരണക്കാരന്റെ പാർട്ടി) രൂപം കൊണ്ടത്. 2013 ഡിസംബറിൽ നടന്ന ഡൽഹി തെരഞ്ഞെടുപ്പിൽ 70 ൽ 32 സീറ്റ് നേടിയ ബിജെപി ഭരിക്കാനുള്ള ഭൂരിപക്ഷമില്ലാതെ ഡൽഹി നിയമ സഭ ഭരിക്കാൻ താൽപര്യം കാണിക്കാതിരുന്ന പ്രതിസന്ധി ഉണ്ടായപ്പോൾ 28 അംഗങ്ങളുള്ള ആം ആദ്മി 8 അംഗങ്ങളുള്ള കോൺഗ്രസ്സിന്റെ സഹായം സ്വീകരിച്ചാണ് കെജ്രിവാൾ ഡൽഹി മുഖ്യമന്ത്രിയായത്. ഡൽഹി ഭരിക്കാൻ ആരുടെയും പിന്തുണ സ്വീകരിക്കുകയില്ല എന്ന് ആദ്യം പറഞ്ഞ കെജ്രിവാൾ തങ്ങളുടെ 18 ഉപാധികളിൽ ഭൂരിപക്ഷം ഉപാധികളും കോൺഗ്രസ്സ് സ്വീകരിച്ചത് കൊണ്ടാണ് 2013 ൽ അവരുടെ പിന്തുണയോടെ സർക്കാർ രൂപീകരിച്ചത്. പക്ഷേ 49 ദിവസം കൊണ്ട് ഭരണം അവസാനിപ്പിക്കേണ്ടി വന്നു. ശ്രദ്ധേയമായകാര്യം ഇലക്ഷൻ പ്രചരണത്തിൽ യാതൊരു വർഗീയ കാർഡും കെജ്രിവാൾ പുറത്തെടുത്തില്ല. ജതിമത വോട്ട് ബാങ്ക് എന്ന സങ്കൽപ്പം അദ്ദേഹം പരിഗണിച്ചില്ല. തികച്ചും സെക്കുലറായിരുന്നു. മറുപുറം ബി ജെപി ആയിരുന്നിട്ടും മുസ്ലിം പ്രീണനം അദ്ദേഹം നടത്തുകയോ മുസ്ലിംകൾക്ക് വേണ്ടി പ്രത്യേകം വാഗ്ദാനം നൽകുകയോ ചെയ്തില്ല. ഡൽഹി ഇമാമിന്റെ പിന്തുണ അദ്ദേഹം പരസ്യമായി നിരാകരിക്കുകയായിരുന്നു. ഇതെല്ലാമായിരുന്നിട്ടും ഡൽഹി ജുമാ മസ്ജിദ് സ്ഥിതി ചെയ്യുന്ന മടിയാ മഹൽ മണ്ഡലമടക്കം എല്ലാ മുസ്ലിം മണ്ഡലങ്ങളിലും ആം ആദ്മി വിജയിക്കുകയുണ്ടായി. 2014 ൽ നടന്ന ലോക്സഭാ ഇലക്ഷനിൽ 434 സീറ്റുകളിൽ മത്സരിച്ചെങ്കിലും പഞ്ചാബിലെ 4 സീറ്റുകളിലാണ് ആം ആദ്മി വിജയിച്ചത്. ദേശീയ രാഷ്ട്രീയത്തിൽ സമയമാകാതെ ഇറങ്ങിയത് തെറ്റായിപ്പോയി എന്ന് കെജ്രിവാൾ സമ്മതിക്കുകയുണ്ടായി. അപ്രകാരം അഹങ്കാരമാണ് ബി ജെ പി യെ തറപറ്റിച്ചതെന്നും ഈ വൻ വിജയത്തിൽ ഒരിക്കലും അഹങ്കരിക്കാതെ നാം കൂടുതൽ വിനയാന്വിതരാകണമെന്നുമുള്ള

കെജ്‌രിവാളിന്റെ ശബ്ദം ഇന്ത്യൻ രാഷ്ട്രീയത്തിൽ അപൂർവമായി കേൾക്കുന്ന വേറിട്ട ഒരു ശബ്ദമായി തോന്നി.

മറ്റൊരു പ്രത്യേകമായ കാര്യം ഡൽഹിയിലെ വോട്ടർമാർ രാജ്യത്തിന്റെ പല ഭാഗത്തു നിന്നും വന്ന് ചേർന്ന വേരുകളില്ലാത്ത ഒരു ജനതയാണ്. ജീവിതമാണ് അവരുടെ മുന്നിലുള്ള പ്രശ്നം. മറ്റു മൂല്യങ്ങളേക്കാൾ ജീവിത പ്രയാസങ്ങൾ ഇല്ലാതാക്കി നഗരസുഖങ്ങൾ അനുഭവിച്ച് ആനന്ദത്തോടെ ജീവിക്കണം എന്ന അജണ്ടക്കാണ് പ്രഥമ പരിഗണന. ഇന്ത്യയിലെ ഗ്രാമങ്ങളിൽ ജീവിക്കുന്ന മഹാഭൂരിപക്ഷത്തിന്റെ പ്രശ്നങ്ങളും മനോഭാവവും ഡൽഹി നിവാസികളുടെതിൽ നിന്ന് വ്യത്യസ്തമാണ്. അതു കൊണ്ട് ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ ഡൽഹി ആവർത്തിക്കണമെന്നില്ല.

ആം ആദ്മി പാർട്ടിക്ക് പ്രഖ്യാതമായ രാഷ്ട്രീയ സിദ്ധാന്തങ്ങളോ സുനിശ്ചിതമായ മൂല്യങ്ങളോ ഇല്ല. പ്രായോഗികതക്ക് മാത്രമാണ് മുൻതൂക്കം. മാർക്സിസം പോലെയുള്ള ഡോഗ്മാറ്റിക്ക് പ്രത്യയശാസ്ത്രങ്ങൾ സ്വീകരിച്ചാൽ അത് ആ രാഷ്ട്രീയ പാർട്ടികൾക്ക് തന്നെ ഒരു ഭാരമായി തീരുകയും കാലത്തിനൊത്ത് പ്രതികരിക്കാനും വളരാനും കഴിയാതെ മുരടിച്ച് പോവുകയും ചെയ്യും. എങ്കിലും സോഷ്യലിസത്തിന്റെയും ജനാധിപത്യത്തിന്റെയും മറ്റ് ലിബറൽ മൂല്യങ്ങളോട് പ്രഖ്യാപിതമായ പ്രതിബദ്ധതയില്ലാത്ത പാർട്ടികളുടെ ആൾകൂട്ട രാഷ്ട്രീയം, ദീർഘകാലാടിസ്ഥാനത്തിൽ വഴി തെറ്റിപോകാൻ സാധ്യതയുണ്ട്. ഏതായാലും അഴിമതി കൊണ്ടും വർഗീയത കൊണ്ടും രാഷ്ട്രീയ സാമൂഹിക രംഗം കലുഷിതമായ ഇക്കാലത്ത് ഡൽഹി തെരഞ്ഞെടുപ്പിലെ സദ്ഫലങ്ങൾ ഇന്ത്യയാകെ പ്രതിദ്ധ്വനിക്കുകയും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ജനപക്ഷ ചിന്തയുണ്ടാക്കുകയും ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല. ആം ആദ്മി വിജയത്തിലെ സന്ദേശം അതാണ്.

# സഊദി രാജാവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി

രണ്ടു വിശുദ്ധ ആരാധനാലയത്തിന്റെ രക്ഷാധികാരിയും സഊദി ഭരണാധികാരിയുമായിരുന്ന അബ്ദുല്ലാ ഇബ്നു അബ്ദുൽ അസീസ് അൽ സഊദിന്റെ നിര്യാണത്തിൽ( 2015 ജനുവരി 23) അഗോള അഹ്മദിയ്യാ മുസ്‌ലിം സമൂഹം അനുശോചനം രേഖപ്പെടുത്തി. (ഇന്നാലില്ലാഹി വ ഇന്നാ......) സഊദി അറേബ്യയുടെ പുതിയ ഭരണാധികാരി സൽമാൻ ബിൻ അബ്ദുൽ അസീസ് അൽ സഊദിന് തന്റെ ജനതയെ വിവേകപൂർവം ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങൾക്കനുസരിച്ച് സേവിക്കാനും തന്റെ എല്ലാ കർത്തവ്യങ്ങളും നിർവഹിക്കാനുമുള്ള കഴിവ് സർവശക്തനായ അല്ലാഹു നൽകുമാറാകട്ടെ.

പ്രസ്സ് സെക്രട്ടി
അഹ്മദിയ്യാ ഇന്റർ നാഷണൽ
Twitter: @AhmadiyyatIslam

# ലജ്നാ ഇമായില്ലാഹ് സമാധാന സമ്മേളനം

കണ്ണൂർ ഫെബ്രുവരി 8: കണ്ണൂർ ടൗൺ കടലായി ലജ്നാ ഇമായില്ലായുടെ സംയുക്താഭിമുഖ്യത്തിൽ സമാധാന സമ്മേളനം നടത്തി. കണ്ണൂർ ലജ്നാ പ്രസിഡണ്ട് സി എച്ച് ഖൈറുന്നിസയുടെ അധ്യക്ഷതയിൽ കണ്ണൂർ പാർലമെന്റ് അംഗം ശ്രീമതി ടീച്ചർ സമ്മേളനം ഉദ്ഘാടനം നിർവഹിച്ചു. സ്വന്തം മതം മാത്രമാണ് ഉത്തമമെന്നും മറ്റു മതങ്ങൾ മ്ലേഛമെന്നും കരുതുന്നതാണ് മതസംഘർഷങ്ങൾക്ക് കാരണമാകുന്നതെന്നും അതുകൊണ്ട് തന്നെ മതാനുയായികൾ ഇതര മതങ്ങളെ ആദരവോടെ കാണണമെന്നും അവർ പറഞ്ഞു. ഇസ്‌ലാം മതസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടെന്നും ഒരാൾക്ക് ഇഷ്ടമുള്ള ഏത് മതം വിശ്വസിക്കാനും അത് ഉപേക്ഷിക്കാനും ഇസ്‌ലാമിൽ അനുവാദമുണ്ടെന്ന സ്വാഗത ഭാഷണത്തിന്റെ ചുവടു പിടിച്ചാണ് ശ്രീമതി ടീച്ചർ അവരുടെ പ്രഭാഷണം തുടങ്ങിയത്.

തളിപറമ്പ് മുൻസിപാലിറ്റി ചെയർ പേഴ്സൺ റംലാ ബക്കർ, ശാന്തി ദീപം സ് പെഷൽ സ്കൂൾ പ്രിൻസിപ്പാൾ ജലറാണി ടീച്ചർ, ദീനുൽ ഇസ്‌ലാം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപിക സാജിദാ എന്നിവർ പ്രസംഗിച്ചു. ശരീഫാബി പഴങ്ങാടി, മുംതാസ് സഫീർ കൂടാളി എന്നിവർ അഹ്മദിയ്യാ ജമാഅത്തിനെ പ്രതിനിധീകരിച്ചു സംസാരിച്ചു. ജുവൈരിയാ ശംസ് സ്വാഗതവും, അമത്തുൽ ഹയ്യ് (കടലായി) ഖുർആൻ പരായണവും, അത്തിയത്തുൽ ഗാലിബ് പദ്യപരായണവും നടത്തി.


## മത മൈത്രി സംഗമം

അഹ്മദിയ്യാ മഹിളാ സംഘടനയായ ലജ്ന ഇമായില്ലായുടെ ആഭിമുഖ്യത്തിൽ നടന്ന മതമൈത്രി സംഗമം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല ഉദ്ഘാടനം ചെയ്തു. സ്നേഹവും കാരുണ്യവുമാണ് മതം പഠിപ്പിക്കുന്നതെന്നും എല്ലാ മതങ്ങളുടെയും അടിസ്ഥാന വിശ്വാസം ഒന്നു തന്നെയാണെന്നും അവർ പറഞ്ഞു. ഭാരത ലജ്ന ഇമായില്ലാഹ് ഉപാദ്ധ്യക്ഷ നുസ്റത്ത് സാഹിബ അദ്ധ്യക്ഷത വഹിച്ചു. ഫെമില ടീച്ചർ, അഡ്വ .എം. ടി പത്മ, സ്വാമിനി പ്രവാചിക മാതൃകാപ്രാണ (ശ്രീശാരദാ മഠം, കോഴിക്കോട്) സിസ്റ്റർ റോസ് മൈക്കിൾ എന്നിവർ പ്രസംഗിച്ചു. റംല സാഹിബ ഖുർആൻ പരായണവും മുബശിറ സാഹിബ മൈത്രിഗാനവും ആലപിച്ചു. മതങ്ങൾ തമ്മിൽ ഐക്യം സ്ഥാപിതമാക്കുന്നതിനുള്ള സാഹചര്യമാണ് ഉണ്ടാകേണ്ടത് എന്ന് സംഗമം അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡന്റ് സിദ്ധീക്ക സാഹിബ സ്വാഗതവും ഐ. കെ. സാജിത സാഹിബ നന്ദിയും പറഞ്ഞു.

## ഉന്നത വിജയം



ന്യൂഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന 'ഹോളിഫെയ്ത്ത് ഇൻർനാഷണൽ' എന്ന സ്ഥാപനം 2014-2015 ൽ നടത്തിയ 'ടാലന്റ് സെർച്ച്' പരീക്ഷയിൽ, കെ.പി. സൂഫിയ താഹിർ (5വയസ്) ദേശീയ തലത്തിൽ പതിനൊന്നാമത്തെ റാങ്ക് കരസ്ഥമാക്കി. കോഴിക്കോട് ജമാഅത്ത് അംഗം കെ. പി. താഹിർ അഹ്മദ് സാഹിബിന്റെ മൂത്തപുത്രിയാണ് എൽ. കെ. ജി. വിദ്യർഥിനിയായ ഈ കൊച്ചു മിടുക്കി.



കോട്ടയത്ത് നടന്ന പുസ്തകോത്സവത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്റ്റാൾ സന്ദർശിച്ച മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് പുസ്തകങ്ങൾ കൈമാറുന്നു




കോഴിക്കോട് ലജ്ന ഇമായില്ലായുടെ ആഭിമുഖ്യത്തിൽ നടന്ന മതമൈത്രി സംഗമം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല ഉദ്ഘാടനം ചെയ്യുന്നു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ കാക്കനാട് കുന്നുംപുറം ഹോമിയോ ആശുപത്രി പരിസരത്ത് നടത്തിയ വഖാറെ അമൽ തൃക്കാക്കര എം. എൽ. എ. ബെന്നിബഹനാൻ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ്, ജില്ലാ ഖാഇദ് മുഹമ്മദ് സഫ്‌വാൻ സാഹിബ് തുടങ്ങിയവർ സമീപം

Published on 7 March 2015
Vol: 87 Issue.3
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
The Sathyadoothan Monthly


# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താ
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)
വിവ: എ. എം മുഹമ്മദ് സലീം
പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, കേരള

യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.

മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!

വിമർശകരെ കീഴടക്കുന്ന വാദമുഖങ്ങൾ!

ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ!

സമകാലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്ജ്വലവുമായ കൃതി!!

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)